# കുടയത്തൂർ ഗ്രാമപഞ്ചായത്ത്



## ഒൻപതാം പദ്ധതി – ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

## വികസന റിപ്പോർട്ട് 1996

ആശംസകൾ

# TRISSUR
FASHION JEWELLERY

തൊടുപുഴ Ph: 24605

*കാലാതീതമായ മനോഹാരിത!*
*പരമ്പരാഗതവും പരിഷ്കൃതവുമായ*
*സൗരൂപ്യമാർന്ന സ്വർണ്ണാഭരണങ്ങളുടെ*
*കമനീയ ശേഖരം!*

61-1

*ഒൻപതാം പദ്ധതി ജനകീയ പദ്ധതി*

# കുടയത്തൂർ ഗ്രാമപഞ്ചായത്ത്

# വികസനറിപ്പോർട്ട് 1996

*വികസന സെമിനാർ*

**സ്ഥലം: ഗവ. ന്യൂ.എൽ.പി.സ്ക്കൂൾ, കുടയത്തൂർ**

*റിപ്പോർട്ട് കൺവീനർമാർ*

കെ. ജെ കുര്യാക്കോസ് D.R.P
വി. ആർ. കുമാരൻ നായർ
ചാണ്ടി ആനിത്തോട്ടം
പി. ഐ സുകുമാരൻ
വി. എം ബാലൻ
എം. ബാലൻപിള്ള
പി. എ രാമൻപിള്ള
വി. എ അബ്ദുൾസലാം
എം. കെ. ബാലകൃഷ്ണ പിള്ള
കെ. എൻ. രാജു
സി. എ. ഹമീദ് റാവുത്തർ
എം. കെ. ബാബു
എലിസബത്ത്
റ്റി. എൻ.കമാരൻ
ഇ.കെ.രാഘവൻ
റ്റി. ആർ കൃഷ്ണൻ
കെ. വി സജി

*റിപ്പോർട്ടിന് പിന്നിൽ*

ശശി .ബി. മറ്റം
വി. എ. കൃഷ്ണൻ
ഹരീഷ് ചെമ്മണ്ടൂർ
പി. ഐ. സുകുമാരൻ
എം. ബാലൻപിള്ള
എ. എസ്. രാധാകൃഷ്ണൻ
വി. പി ചാക്കോ
വി. ജി കുമാരൻനായർ
സുനീഷ് ജി.
എൻ.എ. തങ്കച്ചൻ
റ്റി.എൻ.കുമാരൻ
വി. എൻ. കരുണൻപിള്ള
സ്നേഹരാജൻ
സോമനാഥ് കാഞ്ഞാർ
കെ. ആർ. ഹരി

**എഡിറ്റോറിയൽ ബോർഡ്**

എ. എസ് രാധാകൃഷ്ണൻ D.R.P
കെ. ആർ. ഹരി K.R.P
വി.എ. കൃഷ്ണൻ
സ്നേഹരാജൻ
സോമനാഥ് കാഞ്ഞാർ D.R.P

*Computer Typesetting & Layout*
DIGITAL LASER GRAPHICS
Thodupuzha. Ph: 25239

# ഉള്ളടക്കം


*പേജ്*

ആമുഖം ........ 7

പഞ്ചായത്ത് ഒരെത്തിനോട്ടം ........ 13

ചരിത്രം ........ 14

ഭൂപ്രകൃതിയും വിഭവങ്ങളും ........ 19

വികസനമേഖല ........ 21

- കൃഷിയും മണ്ണുസംരക്ഷണവും ........ 21
- മൃഗസംരക്ഷണവും മത്സ്യബന്ധനവും ........ 24
- വ്യവസായം ........ 27
- ഊർജ്ജം ........ 29
- ഗതാഗതം ........ 31
- പാർപ്പിടം ........ 33
- സംസ്ക്കാരം ........ 57
- ക്ഷേമപ്രവർത്തനങ്ങൾ ........ 36
- വിദ്യാഭ്യാസം ........ 41
- സംസ്കാരം ........ 45
- പട്ടികജാതി ക്ഷേമം ........ 47
- പട്ടികവർഗ്ഗ ക്ഷേമം ........ 49
- സാമൂഹ്യ ക്ഷേമം ........ 51
- വനിതാ ക്ഷേമം ........ 54
- സഹകരണ മേഖല ........ 56
- വിഭവ സമാഹരണം ........ 60
- ടൂറിസം ........ 64

# സമർപ്പണം

മാന്യരേ,

വികസനപ്രക്രിയയുടെ ചരിത്രത്തിലെ
ഏറ്റവും ബ്രഹത്തായതും ജനശ്രദ്ധ പിടിച്ചുപറ്റിയതുമായ
പ്രവർത്തനമാണല്ലോ ജനകീയാസൂത്രണ പദ്ധതി.
ഗ്രാമസഭ ചേർന്ന് ജനങ്ങൾ നേരിടുന്ന പ്രാദേശിക വികസന പ്രശ്നങ്ങൾ
കണ്ടെത്തുക അവയെ മുൻഗണനാ ക്രമത്തിൽ ചിട്ടപ്പെടുത്തുക
എന്നീ ലക്ഷ്യങ്ങളോടെ സംഘടിപ്പിക്കപ്പെട്ട ഈ പ്രസ്ഥാനത്തിൻെറ പ്രഥമഘട്ടം
വിജയകരമായി പൂർത്തീകരിക്കപ്പെട്ടിരിക്കുകയാണ്.
ഒന്നാംഘട്ടത്തിൻെറ ഭാഗമായി ചേർന്ന വിശേഷാൽ ഗ്രാമസഭകളിൽ നല്ല
ജനപങ്കാളിത്തം ഉണ്ടായിരുന്നു എന്നതു തന്നെ ഇതിൻെറ തെളിവായിരുന്നു.
ഗ്രാമസഭകളിൽ നാം കണ്ടെത്തിയ പ്രശ്നങ്ങളെ ആഴത്തിൽ വിലയിരുത്തി
പരിഹാരനിർദ്ദേശങ്ങൾ സ്കീമുകളാക്കി മാറ്റേണ്ട ഉത്തരവാദിത്ത്വവും നമുക്കുണ്ട്.
അതായത് ഒൻപതാം പദ്ധതിയുടെ സ്വഭാവത്തേയും പ്രയോഗക്ഷമതയേയും നിർണ്ണാ
യകമായി സ്വാധീനിക്കുന്ന ഘട്ടങ്ങളാണ് ഇനിയുള്ളത്.

വികസന റിപ്പോർട്ട് തയ്യാറാക്കുക, വികസനസെമിനാർ സംഘടിപ്പിക്കുക
എന്നീ ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചുള്ള രണ്ടാംഘട്ട പ്രവർത്തനവും
നമ്മുടെ പഞ്ചായത്തിൽ ഇതോടെ പൂർത്തീകരിക്കപ്പെടുകയാണ്.
ഒന്നാംഘട്ടപ്രവർത്തനത്തിലും ഈ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിലും
ഒട്ടേറെ പേരുടെ സഹകരണം നമുക്ക് ലഭിച്ചിട്ടുണ്ട്. ബഹുമാന്യരായ
ജനപ്രധിനിധികൾ, ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ദർ, തൊഴിലാളികൾ,
സന്നദ്ധപ്രവർത്തകർ, കൃഷിക്കാർ തുടങ്ങിയ ഇതുമായി ബന്ധപ്പെട്ട
ഓരോരുത്തരേയും വിനയപൂർവ്വം സ്മരിക്കുന്നു. ആദ്യമായി തയ്യാറാക്കുന്ന
പരിപാടി എന്ന നിലയിൽ ഈ റിപ്പോർട്ടിൽ കുറ്റങ്ങളും കുറവുകളും
കടന്നുകൂടിയിട്ടുണ്ടാകാം. ചർച്ചയിലൂടെ അവ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
വരും നാളുകളിൽ എല്ലാവരുടേയും സഹകരണത്തോടു കൂടി ഒരു പുത്തൻ
വികസനസംസ്കാരം നമുക്ക് വളർത്തിയെടുക്കാം. പഞ്ചായത്ത് കമ്മിറ്റിക്ക്
വേണ്ടി നിങ്ങൾ ഓരോരുത്തർക്കും നന്ദി
രേഖപ്പെടുത്തിക്കൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,

ജാനമ്മ ശിവരാമൻ
പ്രസിഡൻറ്
കുടയത്തൂർ ഗ്രാമപഞ്ചായത്ത്

# ആമുഖം

കേരളത്തിൻെറ മാത്രമല്ല ഭാരതത്തിൻെറ തന്നെ വികസന ചരിത്രത്തിൻെറ ഒരു പുത്തൻ ഉണർവ്വ് ! പരമ്പരാഗതശൈലിയിലുള്ള കേന്ദ്രീകൃത ആസൂത്രണത്തിനു പകരം ബഹുജന പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാനുള്ള നാട്ടുകാരുടെ ഉണർത്ത്പാട്ട് നാളയുടെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തുകതന്നെ ചെയ്യും.

കഴിഞ്ഞ എട്ടു പദ്ധതികളിലും നയരൂപീകരണവും തീരുമാനവും നിർവഹണവും മേൽത്തട്ടിൽ മാത്രം ഒതുങ്ങിനിന്നിരുന്നു. തന്മൂലം സമഗ്രമായ പ്രാദേശിക വികസനം ഒരു സ്വപ്നമായി ഇന്നും അവശേഷിക്കുന്നു. ഇതിനൊരു പരിഹാരം !' ഒൻപതാം പദ്ധതി ജനകീയ പദ്ധതി'

ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിൻെറ 35–40 ശതമാനം തുകക്കു വരുന്ന വികസന പരിപാടികൾ താഴെത്തട്ടിൽ തന്നെ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തിയെടുക്കുയെന്നതാണ് ജനകീയാസൂത്രണത്തിൻെറ ലക്ഷ്യം. ജനപങ്കാളിത്തത്തോടുകൂടി പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ ആശയാഭിലാഷങ്ങളോട് താദാത്മ്യം പ്രാപിച്ച് കൂടുതൽ ഗുണവത്തും ഫലപ്രദവുമായ പഞ്ചവത്സരപദ്ധതിക്ക് രൂപം കൊടുക്കാനാകും. കാര്യക്ഷമമായ പദ്ധതിനിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതുപോലെ പ്രാധാന്യമേറിയതാണ് പദ്ധതിയുടെ രൂപീകരണ രീതി. മണ്ണിൻെറ മക്കളുടെ കയ്യിൽ ആസൂത്രണ പ്രക്രിയ രൂപപ്പെടുന്നതോടുകൂടി പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകാനുള്ള അവരുടെ നിസ്സംഗതയ്ക്ക് അറുതി വരുത്തി നാടിൻെറ വികസനത്തിൽ തുറന്ന മനസ്സോടെ ഭാഗഭാക്കാകാൻ മുഴുവൻ ജനങ്ങളും പ്രാപ്തരാകുന്നതിന് ഇത് വഴിതെളിക്കുന്നു.

ജനകീയാസൂത്രണത്തിൻെറ തുടക്കം കുറിച്ചുകൊണ്ട് ചിങ്ങം ഒന്നിന് സംസ്ഥാനതലങ്ങളിൽ ഉൽഘാടനം നടന്നു. സെപ്തംബർ 9,10,11 തീയതികളിൽ തൊടുപുഴയിൽ നടന്ന ജില്ലാ പരിശീലന ക്യാമ്പിൽ ഈ ഗ്രാമത്തെ പ്രതിനിധീകരിച്ച് 7 പേർ പങ്കെടുത്തു. 1–9–96 നടന്ന ഏകദിന പരിശീലന ക്യാമ്പിൽ ഗ്രാമത്തിലെ 93 അംഗങ്ങൽ പങ്കെടുത്തു. സെപ്തംബർ 21, 22, 29 ഒക്ടോബർ 2, 6 എന്നീ തീയതികളിൽ നടന്ന ഗ്രാമ സഭകളിൽ 1389 ജനങ്ങൾ പങ്കെടുത്തു. ഈ പങ്കാളിത്തം തെളിയിക്കുന്നത് വികസന പ്രക്രിയിൽ ഭാഗഭാക്കാകാനുള്ള ജനങ്ങളുടെ താല്പര്യം ഒരു പുതുയുഗത്തിനുവേണ്ടിയുള്ള കൂട്ടായ്മയുടെ തെളിവായികാണാം.

നവംമ്പർ ഒന്നിന് നടന്ന പുനരർപ്പണദിനത്തിൽ എല്ലാ വാർഡുകളിലും ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധസേവന പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. നവംമ്പർ 4,5,6 തീയതികളിൽ നടന്ന രണ്ടാംഘട്ട ജില്ലാ തല പരിശീലനക്യാമ്പിൽ പഞ്ചായത്തിലെ എല്ലാ മെമ്പറന്മാരും പങ്കെടുത്തു. 15–ാം തീയതിനടന്ന പഞ്ചായത്തുതല ഏകദിനപരിശീലന ക്യാമ്പിൽ 82 ഓളം പ്രാദേശിക പരിശീലകരും വിദഗ്ദ്ധരും പങ്കെടുത്ത് വികസന റിപ്പോർട്ടിന് രൂപംകൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

തൊടുപുഴ താലൂക്കിൽപ്പെട്ട കുടയത്തൂർ, വെള്ളിയാമറ്റം, ആലക്കോട് എന്നീ വില്ലേജുകളുടെ ഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് കുടയത്തൂർ ഗ്രാമപഞ്ചായത്ത്. 28.20 ചതുരശ്രകിലോ മീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ മൊത്തം ജനസംഖ്യാ 10929 ആണ്. കുടയത്തൂർ വിന്ധ്യനും മുതിയാ മലയും തെക്കും വടക്കുമായി അതിരുകൾ സൃഷ്ടിക്കുന്നു. മുട്ടം, ആലക്കോട്, വെള്ളിയാമറ്റം, അറക്കുളം, മേലു

കാവ്, എന്നീ ഗ്രാമപഞ്ചായത്തുകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ ഗ്രാമപഞ്ചായത്ത് ഭൂരിഭാഗവും മലമ്പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്. കുത്തനെ ചരിവുള്ളതും സാമാന്യം ചരിവുള്ളതും നിരപ്പായതും പീഠഭൂമി ഉൾപ്പെടുന്നുതുമായ ഭൂപ്രദേശം ഈ നാടിൻെറ പ്രത്യേകതയാണ്. മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയുടെ ജലസംഭരണി ഈ പഞ്ചായത്തിനെ രണ്ടായി തിരിക്കുന്നു. അറിയപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രമായ ഇല്ലവീഴാപൂഞ്ചിറ ഈ പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്നു.

പണിയെടുക്കുന്നവരിൽ ചെറുകിടകർഷകർക്കും കർഷകത്തൊഴിലാളികൾക്കും മുൻത്തുക്കമുള്ള ഒരു പ്രദേശമാണ് ഇത്. ജനസംഖ്യയിൽ 16% പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉൾക്കൊള്ളുന്ന ഈ പ്രദേശത്ത് സ്ഥിരമായി തൊഴിലില്ലാത്തവരുടെ എണ്ണം ഉദ്ദേശ ജനസംഖ്യയുടെ മൂന്നിലൊന്ന് വരും.

ആദിവാസികൾ മാത്രം ഉണ്ടായിരുന്ന പ്രദേശമായ ഈ ഗ്രാമത്തിൽ 17- ാം നൂറ്റാണ്ടോടുകൂടി കുടിയേറിപാർത്തവരാണ് ഇന്ന് താഴ്വരങ്ങളിൽ താമസിക്കുന്നത്. ഒന്നര നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഈ ഗ്രാമത്തിൽ ആരംഭിച്ച പ്രൈമറി വിദ്യാലയം ഇന്നൊരു ഹൈസ്ക്കൂളാണ്. 2 ഹൈസ്ക്കൂളുകളും 7 പ്രൈമറി സ്കൂളുകളും 14 അംഗനവാടികളും ഇന്ന് പ്രവർത്തിക്കുന്നുണ്ട്. 4 ഗ്രന്ഥശാലകൾ ഈ നാടിൻെറ സാംസ്കാരിക രംഗത്ത് വെളിച്ചം വീശുന്നു.

വികസനത്തനു കൊതിക്കുന്ന ഈ ഗ്രാമത്തിൽ കൂടി വെള്ളം, പാർപ്പിടം, യാത്രാസൗകര്യം, തൊഴിലില്ലായ്മ, കാർഷികമേഖല എന്നീ രംഗങ്ങളിലെ പിന്നോക്കാവസ്ഥ ഇന്നും നിലനിൽക്കുന്നു. ഇതിന് ഒരന്ത്യംക്കുറിക്കേണ്ടേ?

കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ ബഹുജന രാഷ്ട്രീയബോധത്തിൻേറയും സേവന പാരമ്പര്യത്തിൻെറയും അടിത്തറയിൽ നിന്ന്, മുൻകാല ജനനായകന്മാരുടെ സേവനപാരമ്പര്യത്തിൽ നിന്നുള്ള ഊർജ്ജവും പ്രാചോദനവും ഉൾക്കൊണ്ടുകൊണ്ട് ബഹുജനശക്തിയെ തുറന്നുവിട്ട് ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ നാളകൾ നമ്മെ മാടിവിളിക്കുന്നു. ഈ വെല്ലുവിളി നേരിടാനുള്ള അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ കുടയത്തൂർ ഗ്രാമപഞ്ചായത്തിൻെറ സമഗ്ര വികസനരേഖ നാളയുടെ ചരിത്രയാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ ഇന്നുതന്നെ പങ്കുചേരാനുള്ള ദൃഢനിശ്ചയത്തോടെ നമുക്കുമുന്നേറാം.



പ്രസിഡൻറ് വികസന ജ്യോതി തെളിയിക്കുന്നു

# ഭരണസമിതിയംഗങ്ങൾ



ജാനമ്മ ശിവരാമൻ
പാമ്പനാച്ചാലിൽ
പ്രസിഡന്റ്



ആലീസ് ഐസക്ക് കരുവിക്കടയിൽ
മെമ്പർ



ഉഷാദേവി വള്ളിപ്പനച്ചാലിൽ
മെമ്പർ



എം.ഡി.ഹരിബാബു മഠത്തിൽ
മെമ്പർ



തോമസ് മാത്യു
(ബേബി കൈതോലിൽ)
വൈസ് പ്രസിഡൻറ്



അബ്രാഹം കുന്നേൽപുരയിടം
മെമ്പർ



മനോജ് കൃഷ്ണൻ കാവലുമറുകിൽ
മെമ്പർ



എ.എസ്.രാധാകൃഷ്ണൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



പി.കെ.വിജയൻ
സെക്രട്ടറി

# മുൻ ഭരണസമിതികൾ

## ഒന്നാം ഭരണസമിതി (1953 – 63)

1. മൈക്കൾ വർക്കി വീട്ടിയാങ്കൽ (പ്രസിഡൻറ്)
2. സി.കെ നാരായണൻ വെണ്ടാങ്കൽ (വൈസ് പ്രസി.)
3. യു.കെ കൊച്ച് വഴിപുരയ്ക്കൽ (മെമ്പർ)
4. ജെ. തോമസ് മീനാട്ടൂർ
5. വി.ജെ ജോസഫ് വടശ്ശേരിക്കൽ
6. കെ.കെ കൃഷ്ണപിള്ള കറുകുംമാക്കൽ
7. എം. എ സെയ്ത് മുഹമ്മദ് സാഹിബ് മനക്കൽ

## മൂന്നാം ഭരണസമിതി (1979 – 84)

1. യു.എം മാത്യു പുളിയനാനിക്കൽ (പ്രസിഡൻറ്)
2. പി.സി ജോസഫ് പുതുവീട്ടിൽ
3. എം. കെ സുലൈമാൻ മുത്തുപ്പറമ്പിൽ (മെമ്പർ)
4. പി. കെ സോമസുന്ദരപിള്ള പുളിയംമാക്കൽ
5. സി. പി ഗോപാലപിള്ള ചെമ്മണ്ണൂർ
6. പി. കെ ശ്രീധരൻ പാച്ചേരിയിൽ
7. കെ. ഡി ഭാരതീയമ്മ കരുനാട്ട്
8. പി. യു ദേവസ്യാ പന്തലാക്കൽ

## രണ്ടാം ഭരണസമിതി

1. യു.കെ ദേവസ്യാ വേരുങ്കൽ (പ്രസിഡൻറ്)
2. പി.യു ദേവസ്യാ പന്തലാക്കൽ (വൈസ്. പ്രസി.)
3. കെ.പി കുരുവിക്കടയിൽ (മെമ്പർ)
4. പി. ആർ അയ്യപ്പൻ പിള്ള ബാട്ടനാംകുന്നേൽ
5. പി. എം കാസിംറാവുത്തർ പ്ലാത്തിക്കൽ
6. കെ.കെ കേശവൻ കോടശ്ശരിൽ
7. എൻ. കെ ഗോപാലൻ പിള്ള നെല്ലാനിക്കൽ
8. കെ.ജി തങ്കമ്മ വഞ്ചിക്കച്ചാലിൽ(വനിത നോമിനി)

## നാലാം ഭരണസമിതി (1988 – 95)

1. എ.എം.സെബാസ്റ്റ്യൻ ഐക്കരക്കുന്നേൽ (പ്രസിഡൻറ്)
2. എം. ഡി ഹരിബാബു മഠത്തിൽ (വൈസ്. പ്രസി.)
3. പി. സി ജോസഫ് പുതുവീട്ടൽ (മെമ്പർ)
4. യു. ആർ ശാരദാമ്മ കരോട്ടുവാണിയപുരയിൽ
5. എ. എസ് രാധാകൃഷണൻ ഐക്കരപ്പറമ്പിൽ
6. റ്റി. ആർ കൃഷ്ണൻ തോണിക്കല്ലേൽ
7. കെ. ആർ സുകുമാരൻ കാരക്കുന്നത്ത്
8. മേരി മാത്യു വല്യപുരയ്ക്കൽ

# മുൻ സാരഥികൾ



മൈക്കിൾ വർക്കി
വീട്ടിയാങ്കൽ
1953–63



വി.കെ.ദേവസ്യ
വേരുങ്കൽ
1963–67



പി.യു.ദേവസ്യ
പന്തലാങ്കൽ
1967–69



വി.എം.മാത്യു പുളിയനാനിക്കൽ
1979–82



എം.കെ.സുലൈമാൻ
മുണ്ടുപറമ്പിൽ
1982–83



കെ.ഡി.ഭാരതിയമ്മ
കരുനാട്ട്
1983–84 പ്രസിഡന്റ് ഇൻ ചാർജ്



സി.പി.ഗോപാലപിള്ള
ചെമ്മണ്ടൂർ
1984 പ്രസിഡൻറ് ഇൻ ചാർജ്



എ.എം.സെബാസ്റ്റ്യൻ
ഐക്കരക്കുന്നേൽ
1988–90



റ്റി.ആർ.കൃഷ്ണൻ
തോണിക്കല്ലേൽ
1990–95




*ഗ്രാമപഞ്ചായത്ത് ഭൂപടം*

## കുടയത്തൂർ ഗ്രാമ പഞ്ചായത്ത് - ഒരെത്തിനോട്ടം

| | |
|---|---|
| സ്ഥാപിതം | - 1953 - 54 |
| ആദ്യത്തെ പ്രസിഡൻറ് | - മൈക്കിൾ വർക്കി വീട്ടിയാങ്കൽ |
| വിസ്തീർണ്ണം | - 28.20 ച: കി.മീറ്റർ |
| വാർഡുകൾ | - 8 |
| വില്ലേജുകൾ | - കുടയത്തൂർ, വെള്ളിയാമറ്റം, ആലക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | - ഇളംദേശം |
| താലൂക്ക് | - തൊടുപുഴ |
| അസംബ്ലിമണ്ഡലം | - ഇടുക്കി |
| ജില്ല | - ഇടുക്കി |
| ജനസംഖ്യ | - പു: 5426 സ്ത്രീ 5503 ആകെ 10929 |
| കുട്ടികൾ 06 വയസ്സിൽ താഴെപ്രായം | - പു: 654 സ്ത്രീ 669 ആകെ. 1323 |
| കുടുംബങ്ങളുടെ എണ്ണം | - 2262 |
| വീടുകളുടെ എണ്ണം | - 2247 |

| | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| പട്ടികജാതി ജനസംഖ്യ | 298 | 295 | 593 |
| പട്ടികവർഗ്ഗ ജനസംഖ്യ | 559 | 572 | 1131 |
| സക്ഷരത | 4604 | 4472 | 9076 83 % |
| തൊഴിലെടുക്കുന്നവർ | 2957 | 564 | 3541 |
| ചെ: കിടകർഷകർ | 844 | 34 | 878 |
| കർഷകതൊഴിലാളികൾ | 577 | 163 | 740 |
| പാറപൊട്ടിക്കുന്നവർ | 15 | 1 | 16 |
| നിർമ്മാണ തൊഴിലാളികൾ | 82 | 31 | 113 |
| മറ്റു മേഖലയിൽ തൊഴിലെടുക്കുന്നവർ | 347 | 26 | 373 |
| മത്സ്യ വിപണനം | 115 | 68 | 183 |
| കുടിൽ വ്യവസായം | 10 | 3 | 13 |
| ഫാക്ടറി വ്യവസായം | 136 | 24 | 160 |
| കച്ചവടം | 371 | 23 | 394 |
| ഗതാഗതം, വാർത്താവിനിമയം | 152 | 12 | 164 |
| ഇതരമേഖലകൾ | 311 | 199 | 510 |
| തൊഴിൽ രഹിതർ | 1097 | 3291 | 4388 |

*(അവലംബം: 1991 കനേഷുമാരി)*

# ചരിത്രം

നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ സംസ്കാരത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടത് ഒരാവശ്യമല്ലേ? ഈ ആവശ്യത്തിലേക്കായി ഇന്ന് ജീവിച്ചിരിക്കുന്ന പഴമക്കാരുടെ മൊഴികളേയും ലഭ്യമായിട്ടുള്ള ചരിത്ര രേഖകളേയും ആശ്രയിക്കേണ്ടി വന്നിട്ടുണ്ട്. ഇതിൽ കുറവുകളുണ്ടാവും. എങ്കിലും നമ്മുടെ പഞ്ചായത്തിന്റെ ചരിത്രത്തിലേക്ക് വെളിച്ചം വീശാൻ ആവുന്നത്ര ശ്രമിച്ചിട്ടുണ്ട്.

ഇടുക്കിയുടെ നിബിഡ വനപ്രദേശത്തിന്റെ തുടർച്ചയായിരുന്നു കുടയത്തൂർ പഞ്ചായത്ത്. കുടയത്തൂർ പഞ്ചായത്തിന്റെ നാമകരണത്തെക്കുറിച്ച് പല കഥകളും കേട്ടുകേൾവിയിലുണ്ട്.

ശബരിമല ശാസ്താവ് യാത്രാമദ്ധ്യേ കുടയത്തൂരിലെ വനപ്രദേശത്ത് ഓലക്കുട വച്ചശേഷം വിശ്രമിക്കുകയുണ്ടായെന്നും കുട വച്ച ഊരായതുകൊണ്ട് "കുടവെച്ചൂർ" എന്നു പേരുണ്ടായെന്നും കാലപ്പഴക്കത്തിൽ കുടവെച്ചൂർ, കുടയത്തൂർ ആയി മാറിയെന്നുമാണ് ഒരു കഥ.

ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ പടയാളികൾ പട വെട്ടിപ്പിടിച്ച ഈ ദേശം അധീശാധികാരം സ്ഥാപിക്കുന്നതിന് ഏറ്റവും ഉയരമുള്ള മലയുടെ മുകളിൽ കുടകളും കൊടി തോരണങ്ങളും കൊണ്ടലങ്കരിച്ച് ആഘോഷം നടത്തി. അങ്ങനെ കുടയും കൊടിയും നാട്ടിയ ഊരെന്ന് അർത്ഥമാകുന്ന കുടയത്തൂർ എന്ന പേരു ലഭിച്ചു എന്ന് ചില രേഖകളിൽ കാണുന്നു.

മലനിരകൾ കുട പിടിച്ചു നിൽക്കുന്നുതു കൊണ്ട് അടിവാരത്തുള്ള ദേശത്തെ കുടയത്തൂർ എന്നു വിളിക്കുന്നതായി പഴമൊഴികൾ സൂചിപ്പിക്കുന്നു.

കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ തെക്കുഭാഗത്ത് തലയുയർത്തി നിൽക്കുന്ന പർവ്വതനിരക്ക് 3500 അടി ഉയരമുണ്ട്. ഇത് വിന്ധ്യാപർവ്വതത്തിന്റെ പതിപ്പായതുകൊണ്ട് ഇതിനെ കുടയത്തൂർ വിന്ധ്യനെന്നു വിളിക്കുന്നു. ഇതിൽ നിന്നാണ് കുടയത്തൂർ എന്നു പേരു ലഭിച്ചതെന്നു ഒരു വിശ്വാസം നിലനിൽക്കുന്നുണ്ട്.

നിലവിലുള്ള പഞ്ചായത്ത് അതിർത്തിക്കുള്ളിൽ, ചക്കിക്കാവ്, മോർക്കാട്, കൂവപ്പള്ളി, പന്തപ്ലാവ്, അടൂർമല, കാക്കൊമ്പ്, ശങ്കരപ്പിള്ളി, കോളപ്ര, തലയനാട്, കുടയത്തൂർ, ആനക്കയം, മുതിയാമല കയ്പാ, ഞരളംപുഴ, കീറ്റില എന്നീ കരകൾ ഉൾപ്പെടുന്നു.

മലയോര സമൂദായത്തിൽപ്പെട്ട ആദിവാസികളായിരുന്നു ഈ പ്രദേശത്തെ ആദ്യജനവിഭാഗം. വയനക്കാവ്, മങ്കൊമ്പുകാവ്, ചക്കിക്കാവ് തുടങ്ങിയ ക്ഷേത്രങ്ങൾ ഈ വിഭാഗത്തിന്റെ ആരാധനാലയങ്ങളായിരുന്നു. ။

ഈ കാലയളവിൽ വെള്ളാള സമുദായത്തിൽപ്പെട്ട 500 കുടുംബങ്ങൾ തെങ്കാശിയിൽ നിന്നും 300 കുടുംബങ്ങൾ കുംഭകോണത്തിൽ നിന്നും തിരുവിതാംകൂറിൽ കുടിയേറി. ഇതിൽ ചില കുടുംബങ്ങൾ ഈ പ്രദേശത്തും കുടിയേറി. ഇപ്പോൾ ഇവർ ഈ പഞ്ചായത്തിലെ പ്രബല സമൂദായങ്ങൾ

ഇവർ കുടയത്തൂർ, കോളപ്ര പ്രദേശങ്ങളിലാണ് വാസം ഉറപ്പിച്ചത്. അക്കാലത്ത് കൃഷി ചെയ്യാൻ കാടുവെട്ടിത്തെളിക്കുമ്പോൾ പഴക്കമേറിയ ഒരു തറും അമ്പലത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തുകയും ചെയ്തു. ഈ ക്ഷേത്രമാണ് ചക്കുളത്തുകാവായി ഇപ്പോൾ അറിയപ്പെടുന്നത്. ။

ഇവയുടെ പഴക്കം നിർണയിക്കുവാൻ വിഷമമാണ്. 'കൊരമ്പൻ' എന്ന സ്ഥാനപ്പേരുള്ള ആദിവാസിയായിരുന്നു മലയരയ സമുദായത്തിന്റെ തലവൻ. കാരിക്കോട് തലസ്ഥാനമായ കീഴ്മലൈനാട് എന്ന നാട്ടുരാജ്യത്തിന്റെ അധികാരസീമയിലുള്ള പ്രദേശമായിരുന്നു ഇത് എ. ശ്രീധരനമേനോൻ എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്.

മലയരന്മാരായ ആദിവാസികളുടെ പല ഊരുകളും ഈ നാട്ടിൽ ഒരു കാലത്തു നിലനിന്നിരുന്നുവെന്നതു വസ്തുതയാണ്. കാലക്രമേണ ഈ പ്രദേശത്തേക്ക് സമതലങ്ങളിൽ നിന്നും കന്നിമണ്ണു തേടി കുടിയേറിപ്പാർത്ത കർഷകരുടെ പ്രയാണത്തിന്റെ കുത്തൊഴുക്കിൽ പ്പെട്ട് ഇത്തരം ഊരുകൾ പിഴുതെറിയപ്പെട്ടുകയാണുണ്ടായത്.

പായകപ്പലുകൾക്കും, പത്തേമാരികൾക്കും, കെട്ടുവള്ളങ്ങൾക്കും വേണ്ടിയുള്ള തടികൾ ഇവിടെ നിന്നും വൻതോതിൽ വെട്ടിയിറക്കി വേമ്പനാട്ടുകായൽ വഴി വ്യാപാര കേന്ദ്രങ്ങളിലേക്കെത്തിച്ചിരുന്നു. വൻതോതിലുള്ള വന നശീകരണവും കുടിയേറ്റവും മൂലം ആദിവാസികൾ പിൻതള്ളപ്പെടുകയും ഭൂമി കുടിയേറ്റ കൃഷിക്കാരുടെയും തടിവെട്ടുകാരുടെയും അധീനതയിലാവുകളും ചെയ്തു. ഇതോടൊപ്പം തന്നെ രാജഭരണകാലത്ത് പുഴയ്ക്കു വടക്ക് ഭാഗത്തുള്ള സ്ഥലങ്ങൾ ഭൂരഹിതരായ പുലയ സമുദായത്തിൽപ്പെട്ടവർക്ക് ദാനപ്പതിവായി കൊടുത്തു., കുടിയേറ്റവും വനനശീകരണവും അനുസ്യൂതം തുടരുകയും ഭൂമിയുടെ ഉടമസ്ഥാവകാശം ഇന്ന് നിലവിലുള്ള വിഭാഗങ്ങളുടെ കൈകളിൽ എത്തിച്ചേരുകയുമാണുണ്ടായത്.

ആദ്യകാലത്ത് പുനംകൃഷി എന്ന പേരിലുള്ള സ്ഥലം ഒരുക്കി, നെല്ല്, വരക്, തിന, ചാമ തുടങ്ങിയ "കൂറുംകൂപ്പ്" കൃഷികൾ മാത്രമാണ് ചെയ്തിരുന്നുത്., കൃഷി പണികൾക്ക് കുടിയേറ്റക്കാർ ആദിവാസികളേയും പുലയരേയും വേലക്കാരായി ഉപയോഗിച്ചിരുന്നു. കർശനമായി പണി ചെയ്യിപ്പിക്കുയും ചെയ്തു. തുച്ഛമായ കൂലി കൊടുത്തുകൊണ്ട്. ഭക്ഷണാവശ്യം കഴിഞ്ഞ് മിച്ചം വരുന്ന ധാന്യങ്ങൾ തലച്ചുമടായി കാരിക്കോടും തൊടുപുഴയിലും കൊണ്ടു പോയി വിറ്റ് പുകയില, ഉപ്പ്, വസ്ത്രങ്ങൾ തുടങ്ങിയവ വാങ്ങിയിരുന്നു. നടപ്പു വഴികളിൽ കരിങ്കല്ലു കൊണ്ടു തീർത്ത ചുമടു താങ്ങികൾ അക്കാലത്തെ അധ്വാനശീലരുടെ അത്താണികളായിരുന്നു. ദാഹിച്ചു വരുന്ന വഴിപോക്കർക്ക് ദാഹമകറ്റി വിശ്രമിക്കുന്നതിനായി തണ്ണീർപന്തലുകളും വഴിയമ്പലങ്ങളും ഉണ്ടായിരുന്നു. മരത്തിൻെറ മുകളിലുള്ള ഏറുമാടം, ഈറ, മുള, പനയോല തുടങ്ങിയ സാധനങ്ങൾ ഉപയോഗിച്ചുള്ള വീടുകൾ ഇവയായിരുന്നു ആദ്യകാല പാർപ്പിടങ്ങൾ.

## നവോത്ഥാന പ്രസ്ഥാനം

കേരളത്തിൽ നടമാടിയിരുന്ന തൊട്ടുകൂടായ്മയും തീണ്ടലും നമ്മുടെ നാട്ടിലും അതേ ഭീകരതയോടെ നിലനിന്നിരുന്നു. അദ്ധ്വാനങ്ങളുടെ വിയർപ്പു മുത്തുകൾ കൊണ്ടു നനഞ്ഞ ഈ നാട്ടിലെ മണ്ണിന് അനാചാരങ്ങളുടെ മതിൽക്കെട്ടിനുള്ളിൽ ചതഞ്ഞരഞ്ഞ ഒത്തിരിയൊത്തിരി കദനകഥകൾ പേറാനുണ്ടാവും. ആദ്യഘട്ടങ്ങളിൽ സ്ത്രീകൾ ഒറ്റമുണ്ടും പുരുഷൻമാർ മുട്ടുമറയാത്ത തോർത്തും ധരിച്ചിരുന്നു. സമ്പന്ന വിഭാഗത്തിലെ സ്ത്രീകൾ പുളിങ്ങമാല, മിന്ന്, തോട, പാമ്പടം, മേമ്പടം എന്നിവയും പുരുഷൻമാർ കടുക്കനും അണിഞ്ഞിരുന്നു. വീടിനു മുൻവശത്തേക്കുള്ള പ്രവേശനം പോലും സ്ത്രീകൾക്കു നൽകിയിരുന്നില്ല. പച്ചമരുന്നും മന്ത്രവുമായിരുന്നു ചികിൽസാവിധികൾ. ആദ്യകാലത്ത് സമ്പന്ന വിഭാഗം എഴുത്തുകളരി സ്ഥാപിച്ച് വിദ്യ അഭ്യസിച്ചിരുന്നു. ഒന്നര നൂറ്റാണ്ടുകൾക്കു മുമ്പ് സ്ഥാപിച്ച കുടയത്തൂർ എൽ.പി. സ്കൂളിലെ ആദ്യ ഹെഡ്മാസ്റ്റർ പടിഞ്ഞാറേൽ അയ്യപ്പൻപിള്ളയാണ്. ഓലമേഞ്ഞ കെട്ടിടത്തിൽ മലയാളം മാത്രമേ പഠിപ്പിച്ചിരുന്നുള്ളൂ. ഇന്ന് അത് ഹൈസ്കൂളാവുകയും എൽ.പി. സ്കൂൾ കോളപ്രയ്ക്കു മാറ്റുകയും ചെയ്തു.

കേരളശത്തിൽ ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും തുടങ്ങിവച്ച നവോത്ഥാന സന്ദേശങ്ങളുടെ മാറ്റൊലി നമ്മുടെ നാട്ടിലും അലയടിച്ചു. വൈക്കംകാരനായ കെ.ആർ. നാരായണനാണ് S.N.D.P. ശാഖ സ്ഥാപിച്ചത്. ചെത്തു തൊഴിലാളികളായ മനപറത്ത് ശങ്കു, ചേലപ്ലാക്കൽ ചാച്ച, തേനാടികുളത്ത് അച്ചുതൻ, മറ്റത്തിൽ കുട്ടി തുടങ്ങിയവർ മുൻകൈയെടുത്താണ് കാഞ്ഞാറിൽ അവർണ്ണ സമുദായത്തിൽപ്പെട്ടവർക്ക് ഈശ്വരാരാധന നടത്തുന്നതിന് ശിവക്ഷേത്രം (ഭജനമഠം) സ്ഥാപിച്ചത്. ഇക്കാലത്തു തന്നെ മുതിയാമലയിൽ പുലയസമുദായത്തിൽപ്പെട്ടവർ ശ്രീകുമാര മന്ദിരവും സ്ഥാപിച്ചു. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം അധഃസ്ഥിത ജനവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഒരു പരിധി വരെ സഹായിച്ചിട്ടുണ്ട്. മലയരയ സമുദായത്തിൽപ്പെട്ടവർ മതം മാറി C.M.S. സഭ സ്ഥാപിച്ചു. 1872-ൽ കൂവപ്പള്ളി C.S.I. സഭ റവ. ഹെൻറി ബേക്കർ (ജൂണിയർ) എന്ന പാശ്ചാത്യ C.M.S. മിഷനറിയാൽ സ്ഥാപിക്കപ്പെട്ടു. കേവലം ഏഴു വീട്ടുകാരിലായിരുന്നു സഭയുടെ തുടക്കം. കൂവപ്പള്ളി, അടൂർമല, മുതിയാമല ഇവിടങ്ങളിൽ ദേവാലയങ്ങളും തുടർന്ന് വിദ്യാലയങ്ങളും സ്ഥാപിതമായി. ചക്കിക്കാവിൽ അറക്കുളം പള്ളിയുടെ കുരിശുപള്ളിയായി ഒരു പള്ളിയും സെമിത്തേരിയും പണിയുന്നതിന് വെള്ളരിങ്ങാട് കുര്യൻ ചാക്കോയുടെ അപേക്ഷയിന്മേൽ P.L. 5010/49/ഇട പ്രകാരം ഗവൺമെൻറ് അനുവാദം നൽകി. 1949 ഡിസംബർ 8-ാം തീയതി പള്ളി പണി ആരംഭിച്ചു.

## സ്വാതന്ത്ര്യസമരം

സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ധീരോദാത്ത സമരത്തിൽ നമ്മുടെ നാട്ടുകാരനായ ശ്രീ. സി.കെ. നാരായണപിള്ള പങ്കെടുക്കുകയും ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൻെറ ചരിത്രം കോറിയിടുന്ന ഈ അവസരത്തിൽ മൺമറഞ്ഞ നമ്മുടെ സ്വാതന്ത്ര്യ പോരാളിയെ അനുസ്മരിക്കാതെ കടന്നുപോകുന്നതു ഉചിതമല്ല. മൂലമറ്റത്തു നിന്ന് D. വർക്കി തുരുത്തിക്കര, കിഴക്കേകര വർക്കി എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ജാഥ സ്വാതന്ത്ര്യത്തിൻെറ സമരാഗ്നി ജ്വലിപ്പിച്ചുകൊണ്ട് ഈ നാട്ടിലൂടെ കടന്നു പോയി, തൊടുപുഴ യോഗം ചേർന്നു. ആദ്യത്തെ നിയമസഭാ സ്പീക്കറായിരുന്ന ആർ.വി. തോമസ് മുഖ്യ പ്രാസംഗികനായിരുന്നു. എം.എ. സെയ്ത് മുഹമ്മദ് സാഹിബ്, എ.എസ്. നാരായണപിള്ള, കെ.കെ. വേലായുധൻ നായർ, വി.കെ. കുരുവിള വേരുങ്കൽ, N.K. ഗോപാലപിള്ള, പടിഞ്ഞാറെയിൽ രാമൻപിള്ള, C.P. ശങ്കരപിള്ള തുടങ്ങിയവർ ഈ നാട്ടിലെ ആദ്യകാല കോൺഗ്രസ് പ്രവർത്തകരായിരുന്നു.

## പുരോഗമന പ്രസ്ഥാനം.

ആദ്യകാല കോൺഗ്രസ് പ്രവർത്തകനായിരുന്ന എ.എസ്. നാരായണപിള്ളയുടെ നേതൃത്വത്തിൽ ഒരു വിഭാഗം, പുരോഗമന പ്രസ്ഥാനങ്ങൾക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചു. ഇപ്പോഴത്തെ കാഞ്ഞാർ പൊലിസ് സ്റ്റേഷൻ ആദ്യം ഔട്ട് പോസ്റ്റായിട്ടാണ് സ്ഥാപിച്ചത്. സ്റ്റേഷൻ ആയി ഉയർത്തിയപ്പോൾ സബ് ഇൻസ്പെക്ടർ ആയി വന്ന ഉദ്യോഗസ്ഥൻെറ മകൻ രാജൻ കോളപ്ര ഹൈസ്കൂളിലെ വിദ്യാർത്ഥിയായിരുന്ന വെട്ടുകാട്ടിൽ ബേബിയെ കൈയേറ്റം ചെയ്തതിനെ തുടർന്ന് ശക്തമായ വിദ്യാർത്ഥി സമരം പൊട്ടിപ്പുറപ്പെട്ടു. ഈ സമരം പുരോഗമന പ്രസ്ഥാനങ്ങളിലെ പ്രവർത്തകരെ വേട്ടയാടുന്നതിന് ഒരു വടിയായി അധികാരികൾ ഉപയോഗിച്ചു. P.U. ദേവസ്യ, K.A. അയ്യൻ കുന്യാലിൽ ഇടത്തൊട്ടിയിൽ മാധവൻകുട്ടി, തൊട്ടിയിൽ ഗോപാലൻ, ബലിപ്പാറക്കൽ രാഘവൻപിള്ള തുടങ്ങിയ പ്രവർത്തകരെ അറസ്റ്റു ചെയ്യുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. 1954-ലെ ട്രാൻസ്പോർട്ട് സമരകാലത്ത് കോളപ്രയിലെ കുര്യൻ, കൃഷ്ണൻകുട്ടി തുടങ്ങി പലർക്കും മർദ്ദനമേറ്റിട്ടുണ്ട്. K.Y. ജേക്കബ്, നരസിംഹ അയ്യർ തുടങ്ങിയ കമ്യൂണിസ്റ്റ് നേതാക്കൻമാരാണ് ഈ ഭാഗത്ത് പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയിരുന്നത്. ഈ സമരങ്ങൾ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കു തഴച്ചു വളരാൻ സഹായകമാവുകയും അധഃസ്ഥിത വിഭാഗങ്ങൾക്കു സാമൂഹികമായ ഉയർത്തെഴുപ്പിന് ആക്കം കൂട്ടുകയും ചെയ്തു.

## ഭൂപരിഷ്കരണം

ആദ്യകാലത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം നിജമില്ലാത്തതായിരുന്നു. മാറിമാറി കാടുവെട്ടി കൃഷി ചെയ്തിരുന്നു എന്നൊഴിച്ചാൽ ഭൂമിയുടെ കൈവശം സ്ഥിരമായിരുന്നില്ല. കീഴ്മലൈനാട് രാജ്യത്തിൻെറ പരിധിയിൽ നിന്നും വടക്കുംകൂർ രാജാവ് അധികാരം വെട്ടിപ്പിടിക്കുകയും പിന്നീട് വേണാട് മാർത്താണ്ഡവർമ്മ രാജാവ് യുദ്ധം ചെയ്ത് കീഴടക്കിയതായും ചരിത്രകാരൻമാർ പറയുന്നു. ഇക്കാലത്തൊന്നും ഇന്നത്തെ രീതിയിൽ ഉള്ള സർവ്വേ രേഖകളോ നികുതി പിരിവുകളോ ഉണ്ടായിരുന്നില്ല. 'വിരുത്തികെട്ടുക' എന്ന ഒരു നികുതി സമ്പ്രദായം നിലവിൽ ഇരുന്നതായി പൂർവ്വികൻമാർ പറയുന്നു. രാജാവിനോ പ്രതിപുരുഷനോ ആണ്ടിലൊരിയ്ക്കൽ കണ്ട് കാഴ്ച സാധനങ്ങളായി എത്തിച്ചു കൊടുക്കുന്ന ഒരു ഏർപ്പാടായിരുന്നു നിലനിന്നിരുന്നത്. കുടിയേറ്റ കൃഷിക്കാരുടെ വരവോടു കൂടി സ്ഥിര ദേഹണ്ഡങ്ങളായ തെങ്ങ്, കുരുമുളക്, കാപ്പി മുതലായവ കൃഷി ചെയ്യുന്നതോടു കൂടിയാണ് കൈവശാ അവകാശം ഉറപ്പായത് ഇക്കാലത്ത് ഭൂമി സർവ്വേ ചെയ്ത് കരം തിട്ടപ്പെടുത്തി ഈടാക്കാൻ തുടങ്ങി. ദിവാൻ മാധവരായരുടെ കാലത്താണ് പട്ടയം ലഭിച്ചു തുടങ്ങിയത്. വേണാട് (തിരുവിതാംകൂർ) രാജാക്കാൻമാരുടെ ഭരണത്തിൻ കീഴിൽ പേഷ്കാർ, തഹസിൽദാർ, പാർവ്വത്തിയാർ പിള്ള, കോൽക്കാർ, മാസപ്പടി തുടങ്ങിയ ഉദ്യോഗസ്ഥൻമാർ ഉണ്ടാവുകയും പേഷ്കാർ ആഫിസ്, താലൂക്ക് കച്ചേരി, പ്രവൃത്തി കച്ചേരി എന്നീ ഓഫിസുകൾ സ്ഥാപിതമാവുകയും ചെയ്തു. കരം നാണയമായി കൊടുക്കണമായിരുന്നു. കൊച്ചുകാശ്, കാൽചക്രം, അരചക്രം, ചെമ്പുചക്രം, പണം, കാൽരൂപ, അര രൂപ, വെള്ളിരൂപ എന്നീ നാണയങ്ങൾ ഉണ്ടായിരുന്നു. കരം കുടിശികയായാൽ വളർത്തുമൃഗങ്ങൾ, വീട്ടുപാത്രങ്ങൾ എന്നിവ ബലമായി പിടിച്ചെടുത്ത് ഭണ്ഡാരത്തിലേക്ക് മുതൽ കൂട്ടിയിരുന്നു. കാരിക്കോട് ആയിരുന്നു പ്രവൃത്തി കച്ചേരി സ്ഥിതി ചെയ്തിരുന്നത്. ഇരവികുട്ടിപ്പിള്ള പാർവ്വത്തിയാർ എന്നൊരാൾ കാരിക്കോട് ജോലി ചെയ്തിരുന്നു. നെല്ല്, പച്ചക്കറി സാധനങ്ങൾ, അവൽ തുടങ്ങിയവ പവ്വത്തിയാർക്ക് കണ്ടു കാഴ്ചയായി കുടിയാൻമാർ എത്തിച്ചുകൊടുത്തിരുന്നു. പാർവ്വത്തിയാരും പിള്ളയും നികുതിപിരിവിന് വരുമ്പോൾ "വച്ച് ഉണ്ട്" താമസിക്കുന്നതിന് സത്രം സ്ഥാപിച്ചിരുന്നു. ശരംകുത്തി ഭാഗത്ത് ബലിപ്പാറക്കൽ അങ്ങനെയുള്ള ഒരു കെട്ടിടം ഉണ്ടായിരുന്നു. ഈ സ്ഥലം പിന്നീട് ഗാന്ധി ആശ്രമം സ്ഥാപിക്കുന്നതിന് സ്വാതന്ത്ര്യസമരസേനാനിയായ C.K. നാരായണപിളളയ്ക്ക് ഗവൺമെന്റിൽനിന്നും വിട്ടുകൊടുത്തു. പാർവ്വത്തിയാർക്ക് ജനങ്ങൾക്കിടയിൽ വലിയ അധികാരങ്ങളും പദവിയും നില നിന്നിരുന്നു. റീജന്റ് റാണി ഭരിച്ചിരുന്നപ്പോൾ കർണൽ മൺറോ എന്ന സായിപ്പ് ദിവാനാകുകയും ഭൂമി സർവ്വേ ചെയ്ത് കണ്ടെഴുത്തു നടത്തി കരം തിട്ടപ്പെടുത്തിയതായി ചരിത്രം ഉണ്ട്. തുടർന്നു വന്ന മാറ്റങ്ങളിലൂടെയാണ് ഇന്നു കാണുന്ന രീതിയിലുള്ള വില്ലേജ് ആഫീസും ഉദ്യോഗസ്ഥൻമാരും കരം പിരിവും തുടങ്ങിയത്.

ഏതാണ്ട് 70 വർഷം മുൻപാണ് തൊടുപുഴയിൽനിന്നും മൂലമറ്റം വരെ റോഡ് എന്നു വിളിക്കുന്ന വെട്ടുവഴി ഉണ്ടായത്. മലങ്കര എസ്റ്റേറ്റ് സൂപ്രണ്ടായിരുന്ന ശ്രീ W.J.ജോൺ എന്നയാളാണ് റോഡ് പണി തുടങ്ങിയത്. J. ജോൺ കട്ടക്കയം എം.എൽ.സി., അറക്കുളം വേലുപ്പണിക്കർ, മുട്ടം കുഞ്ചു നമ്പൂതിരി എന്നുവർ റോഡ് നിർമ്മാണത്തിന് നേതൃത്വം കൊടുത്തവരായിരുന്നു. നെല്ലാനിക്കൽ, കടുകംമാക്കൽ, പടിഞ്ഞാറേയിൽ, ചെമ്മണ്ടൂർ, പ്ലാത്തിപ്ലാക്കൽ തുടങ്ങിയ വീട്ടുകാർ സഹകരിച്ചിരുന്നതായി പറയുന്നു. കമ്പി അഴി ഉള്ളതും കരി ഗ്യാസ് കൊണ്ട് ഓടിച്ചിരുന്നതുമായ ബസ് സർവ്വീസ് ആരംഭിച്ചത് ടി.ജി.ശങ്കരൻ നായർ, മണിമലതെക്കേതിൽ കൊന്തലാശാൻ എന്നിവരായിരുന്നു. പോലീസ് ഔട്ടപോസ്റ്റ്, ചന്ത, അഞ്ചലാപ്പീസ് എന്നിവ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയത് വഞ്ചിക്കുന്നേൽ സുലൈമാൻ റാവുത്തർ ആണ്. പാലേക്കുന്നേൽ മുഹമ്മദ് റാവുത്തരുടെ മാനേജ്മെന്റിലാണ് കാഞ്ഞാറിൽ ആദ്യമായി സ്കൂൾ ഉണ്ടായത്. ഇത് പിന്നീട് ഇപ്പോഴുള്ള സെന്റ് ജോസഫ് സ്കൂളായി മാറി. അറക്കുളം കുളത്തിനാൽ തോട് വരെ കുടയത്തൂർ പഞ്ചായത്തായിരുന്നു. ആദ്യത്തെ മുസ്ലീം പള്ളിക്ക് ഷെയ്ക്ക് മുഹമ്മദ് ലബ്ബ ആണ് സ്ഥലസൗകര്യം നൽകി

യത്. പണിക്കു നേതൃത്വം നൽകിയത് കണ്ടത്തിൽ കരമീരാണ്ണൻ റാവുത്തറാണ്. കാഞ്ഞാറിൽ തൈക്കാവായി പ്രവർത്തിച്ചിരുന്ന മുസ്ലീം പള്ളി ഇന്നത്തെ നിലയിൽ പണിതിട്ട് 12 വർഷമായി. കാഞ്ഞാറും പരിസരത്തുമായി കുറെ ബ്രാഹ്മണ കുടുംബങ്ങൾ താമസിച്ചിരുന്നു. ഇത് പല്ലാട്ട് കോവിലകം എന്ന മന വകയായിരുന്നു. പകർച്ചവ്യാധി പിടിച്ച് ഇക്കൂട്ടർ അന്യം നിന്നതാണെന്നും പ്രായമായവർ പറയുന്നു. കുടയത്തൂർ സെൻറ് അഗസ്റ്റിൻസ് പള്ളിക്ക് സ്ഥലം കൊടുത്തത് വകശ്ശേരിയ്ക്കൽ വീട്ടുകാരാണ്. 1922–ൽ പഞ്ഞിക്കാരൻ അച്ചനാണ് ഷെഡ് കെട്ടി പള്ളി സ്ഥാപിച്ചത്. പുലയ സമുദായത്തിൽ പെട്ട അനവധി ആളുകൾ പിന്നീട് ക്രിസ്തു മതത്തിൽ ചേർന്നു.

നമ്മുടെ ഗ്രാമത്തിൽ നിന്നും ആദ്യമായി നിയമസഭയിലേക്ക് മൽസരിച്ചത് മനയ്ക്കൽ M.A. സെയ്തുമുഹമ്മദ് സാഹിബ് അവർകൾ ആണ്. അന്ന് ഈ പ്രദേശം കാരിക്കോട് അസംബ്ളി മണ്ഡലത്തിൽ ഉൾപ്പെട്ടതായിരുന്നു.

പിന്നീട് പന്തലാങ്കൽ ശ്രീ. P.U. ദേവസ്യ ഈ പഞ്ചായത്ത് ഉൾപ്പെടുന്ന കരിമണ്ണൂർ നിയമസഭാമണ്ഡലത്തിൽ നിന്നും ജനവിധി തേടുകയുണ്ടായി.

ഇപ്പോഴത്തെ നമ്മുടെ M.L.A. ശ്രീ. P.P. സുലൈമാൻ റാവുത്തർ നമ്മുടെ പഞ്ചായത്തുകാരനാണെന്നുള്ള കാര്യത്തിൽ അഭിമാനിക്കാം.

ലോകത്തിൽ ഇന്ന് അറിയപ്പെടുന്ന ഇസ്ലാംമത പണ്ഡിതനായ കാഞ്ഞാർ മൂസാ മൗലവിയും അടുത്ത കാലത്ത് അന്തരിച്ച ലോകം അറിയപ്പെടുന്ന വിദ്യാഭ്യാസ പ്രവർത്തകനായിരുന്ന അറയ്ക്കൽകുന്നേൽ ഇബ്രാഹിം മൗലവിയും ഈ ഗ്രാമത്തിൽ ജനിച്ചുവളർന്നവരാണ്.

മൂവാറ്റുപുഴ നദീതട പദ്ധതിക്കു വേണ്ടി ഭൂമി പൊന്നുംവിലക്കെടുത്തതോടു കൂടി കുടയത്തൂർ പഞ്ചായത്തിൽ പുഴയോരത്തുള്ള വളക്കൂറുള്ള മണ്ണും അവയുടെ കൈവശക്കാരായിരുന്ന കുറെ ചെറുകിട ഇടത്തരം കർഷകരും ഒഴിപ്പിക്കപ്പെട്ടു. ഇതോടു കൂടി പഞ്ചായത്തിലെ നികുതി വരുമാനം വളരെ കുറയുകയുണ്ടായി. ഈ പോരായ്മ നികത്തണമെങ്കിൽ പുതിയ വരുമാനമാർഗ്ഗം കണ്ടെത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ജനജീവിതം പുഷ്ടിപ്പെടുത്തുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉതകത്തക്ക രീതിയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇതിലേക്ക് ചൂണ്ടിക്കാണിക്കാവുന്നത് വിനോദ സഞ്ചാര വികസനമാണ്. നമ്മുടെ പാരമ്പര്യമായ സംസ്കാര തനിമ നിലനിർത്തിക്കൊണ്ടുള്ള വികസന പദ്ധതികൾ നടപ്പിലാക്കുകയും "ഗതകാല പ്രഭാവം" വീണ്ടെടുക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് സാമ്പത്തികമായി ആശ്വാസം നൽകുവാൻ കഴിയുകയുള്ളൂ. ഇലവിഴാപൂഞ്ചിറ, ചക്കിക്കാവ്, കുളിയറകൊത്ത്, ഒലിയക്കയം കുത്ത്, ഒറ്റല്ലൂർകുത്ത്, ഒറ്റല്ലൂർപൊത്ത്, മാൻകുന്ന്, മുതിയാമല അള്ള്, മലങ്കര റിസർവോയർ തുടങ്ങിയവ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു വിപുലമായ വിനോദസഞ്ചാര വികസന പദ്ധതി നടപ്പിലാക്കുന്നതോടു കൂടി നമ്മുടെ പഞ്ചായത്തിന് വിനോദസഞ്ചാര ഭൂപടത്തിൽ ഒരുനല്ല സ്ഥാനം നേടാൻ കഴിയും. പാറക്കെട്ടുകളും വരക്കെട്ടുകളും വെള്ളച്ചാട്ടങ്ങളും കൊണ്ട് അനുഗൃഹീതമായ പ്രകൃതി വിഭവങ്ങൾ ഉള്ള നമ്മുടെ പഞ്ചായത്തിന് ഒരു നല്ല നാളെ പടുത്തുയർത്തുവാൻ കഴിയണം.

കഴിഞ്ഞകാല നൊമ്പരങ്ങൾ നല്ലൊരു ഉയർത്തെഴുന്നേൽപ്പിന് വഴിമാറിക്കൊടുക്കുന്ന പ്രക്രിയക്ക് ആക്കം കൂട്ടിയ നമ്മുടെ നാടിൻെറ ഇന്നലെകളുടെ ചരിത്രം വരും തലമുറക്ക് പ്രചോദനമേകട്ടെ.



പുനരർപ്പണദിനം 8–ാം വാർഡ്



പുനരർപ്പണദിനം 7–ാം വാർഡ്

# ഭൂപ്രകൃതിയും വിഭവങ്ങളും

പഞ്ചായത്തിലെ ഭൂപ്രകൃതിയും വിഭവങ്ങളും തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്ത് റിസോഴ്സ് ഗ്രൂപ്പ് 4 ഗ്രൂപ്പായി തിരിഞ്ഞ് പഠന പര്യടനം നടത്തുകയുണ്ടായി. ദ്രുത ഗ്രാമ പഠന രീതി ഉപയോഗിച്ച് നടത്തിയ ഈ പഠന യാത്ര എല്ലാവർക്കും വലിയൊരനുഭവമായിരുന്നു. പഞ്ചായത്തിലെ ഭൂപ്രകൃതി മൺതരം, സസ്യാവരണം, പരിസ്ഥിതി പ്രശ്നങ്ങൾ, ജലസ്രോതസ്സ് എന്നിവ ഈ പര്യടന വേളയിൽ രേഖപ്പെടുകയുണ്ടായി.

## കാലാവസ്ഥ (മഴ ലഭ്യത)

| | | | |
|---|---|---|---|
| ജനുവരി | 19 mm | ഫെബ്രുവരി | 23 mm |
| മാർച്ച് | 47 mm | ഏപ്രിൽ | 129 mm |
| മേയ് | 228 mm | ജൂൺ | 638 mm |
| ജൂലൈ | 831 mm | ആഗസ്റ്റ് | 639 mm |
| സെപ്റ്റംബർ | 305 mm | ഒക്ടോബർ | 310 mm |
| നവംബർ | 167 mm | ഡിസംബർ | 50 mm |

ആകെ ജില്ലയിൽ ലഭിക്കുന്ന ശരാശരി വർഷപാതം ഇപ്രകാരമാണ്. ഇതിൽ നിന്നും വ്യത്യസ്ഥമല്ല പഞ്ചായത്തിൻെറ ചിത്രം..

ജൂൺ, ജൂലൈ മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു.

## മൺതരം

ഭൂരിപക്ഷം പ്രദേശത്തും പാറപൊടിയും മണ്ണും കലർന്ന മണൽ മണ്ണും താഴ്വരയിൽ ചെമ്മണ്ണും ആണ് ഈ പഞ്ചായത്തിൽ ഉള്ളത്.

## പരിസ്ഥിതി പ്രശ്നം

മുഖ്യ പരിസ്ഥിതിക പ്രശ്നം മണ്ണൊലിപ്പാണ്. ഈ പഞ്ചായത്തിൽ ഉള്ളത്. കുത്തനെ ചരിവുള്ള മല പ്രദേശങ്ങളിൽ നിന്നും ജൈവവളം അടങ്ങിയിട്ടുള്ള ഫലഭൂയിഷ്ടമായ മണ്ണ് ഒലിച്ച് താഴെയുള്ള റിസർവോയറിൽ പതിക്കുന്നു. ഇതുമൂലം റിസർവോയറിൻെറ ആഴം കുറയാൻ സാധ്യതയുണ്ട്. ആയതിനാൽ മണ്ണ് സംരക്ഷണം വളരെ പ്രധാനപ്പെട്ട ഘടകമാണ്.

## സസ്യാവരണം

റബർ, തെങ്ങ്, കവുങ്ങ്, ഏലം, കുരുമുളക് ചെടി, തേക്ക്, കാപ്പി, കൊക്കോ, വാഴ എന്നിവയാണ്.

## ഭൂപ്രകൃതി

ഭൂപ്രകൃതി പരിശോധിച്ചതിൽ പഞ്ചായത്തിനെ മൊത്തം 4 മേഖലകളാക്കി തിരിക്കാമെന്ന് കാണുന്നു. അവ ഇപ്രകാരമാണ്.

1. ഉയർന്ന കുത്തനെയുള്ള പാറ പ്രദേശങ്ങൾ
2. ചരിവോടു കൂടിയ കുന്നിൻ പ്രദേശങ്ങൾ
3. താഴ്വര
4. ജലാശയം

| ഭൂവിസ്തൃതി | ഹെക്ടറിൽ |
|---|---|
| ഉയർന്ന കുത്തനെയുള്ള പ്രദേശം | 356 ഹെ |
| കുന്നിൻ പ്രദേശം | 1070 ഹെ |
| താഴ്വര | 707 ഹെ |
| ജലാശയം | 683 ഹെ |
| ആകെ | 2816 ഹെ |




രക്തം, കഫം, മലം, മൂത്രം എന്നിവ കൃത്യമായി പരിശോധിച്ച് നൽകുന്നതിന് സമീപിക്കുക



മോഡേൺ
ക്ലിനിക്കൽ ലബോറട്ടറി
മുട്ടം

# 1. വികസനമേഖല

# കൃഷിയും മണ്ണു സംരക്ഷണവും

കുടയത്തൂർ പഞ്ചായത്ത് ആദ്യകാലഘട്ടങ്ങളിൽ വനപ്രദേശവും ആദിവാസി അധിനിവേശകേന്ദ്രവുമായിരുന്നു. അന്ന് ഇവിടെ നിലനിന്നിരുന്ന കൃഷി സമ്പ്രദായം കുറുമ്പൂപ്പ് കൃഷി രീതിയായിരുന്നു. കാടു വെട്ടി തീയിട്ടി കൃഷിയിറക്കുക. പിന്നീട് അടുത്തവർഷം ഈ സ്ഥലം ഉപേക്ഷിച്ച് മറ്റൊരു പ്രദേശം ഈ രീതിയിൽ കൃഷിക്ക് ഉപയോഗിക്കുക. നെല്ല്, ചാമ, പഞ്ഞപ്പുല്ല്, മുതിര, തെന, തൊമര എന്നീ ധാന്യങ്ങളും കിഴങ്ങുവർഗങ്ങളുമായിരുന്നു ആദ്യകാല കൃഷികൾ.

സ്ഥിരതാമസം തുടങ്ങിയതോടെ തെങ്ങ്, കുരുമുളക്, ഇവ കൃഷി ചെയ്യുകയും ഇടവിളയായി കപ്പ, ചേന, കാച്ചിൽ, വാഴ, തുടങ്ങിയവ കൃഷി ചെയ്യുകയും ചെയ്തിരുന്നു. പുഴയോടു ചേർന്ന സമതലഭൂമിയിൽ നെല്ലും കൃഷി ചെയ്തിരുന്നു. മൂവാറ്റുപുഴ നദീതട പദ്ധതി നിലവിൽ വന്നതോടെ ഈ പഞ്ചായത്തിലെ നെൽകൃഷി നാമാവശേഷമായി. ഇപ്പോൾ ഈ പഞ്ചായത്തിലെ മുഖ്യകൃഷി റബറും തെങ്ങും കുരുമുളകും ആണ്. തെങ്ങിൻതോപ്പ് മാത്രമുള്ള സ്ഥലങ്ങളിൽ ഇടവിളയായി കന്നാര, കൊക്കോ, ചേന, കാച്ചിൽ, വാഴ, കശുമാവ്, മാവ് ഇവ കൃഷി ചെയ്യുന്നു.

## വിള വിസ്തീർണ്ണം

| ക്രമ നമ്പർ | ഇനം | വിസ്തീർണം ഹെക്ടറിൽ | ഉൽപാദനം | സ്റ്റേറ്റ് ആവറേജ് |
|---|---|---|---|---|
| 1. | റബർ | 1350 | 985 Kg | 934 kg |
| 2. | തെങ്ങ് | 275 | 3000 Kg | 5890 Kg |
| 3. | വാഴ | 75 | 7000 Kg | 7951 Kg |
| 4. | കുരുമുളക് | 70 | 250 Kg | 270 Kg |
| 5. | കൈതച്ചക്ക | 75 | 40,000 Kg | 19866 Kg |
| 6. | മരച്ചീനി | 25 | 8,000 Kg | 8562 Kg |
| 7. | കാപ്പി | 35 | 450 Kg | 630 Kg |
| 8. | കൊക്കോ | 25 | 500 Kg | 3387 Kg |
| 9. | ഇഞ്ചി | 20 | 3000 Kg | 102 Kg |
| 10. | ഏലം | 10 | 100 Kg | |

ഈ പഞ്ചായത്തിലെ ഭൂപ്രകൃതി തെക്കും വടക്കും ചെരിഞ്ഞ മലപ്രദേശവും മദ്ധ്യഭാഗം ചെറിയ ഒരു സമതലവുമാണ്. ഇവിടത്തെ മണ്ണ് ചെമ്മണ്ണും പാറപ്പൊടി കലർന്ന മണൽ മണ്ണും ആണ്. മഴയെ മാത്രം ആശ്രയിച്ചാണ് ഇവിടെ കൃഷി നടത്തുന്നത്. മെയ് അവസാനം മുതൽ ഒക്ടോബർ പകുതി വരെ കാലവർഷവും ഒക്ടോബർ പകുതി മുതൽ നവംബർ അവസാനം വരെ തുലാവർഷവും ലഭിക്കുന്നു. പൊതുവേ ചെരിവു ഭൂപ്രദേശമായതിനാൽ രൂക്ഷമായ മണ്ണൊലിപ്പ് ഈ പ്രദേശത്ത് അനുഭവപ്പെടുന്നു. കൃഷിക്കാർക്ക് വേണ്ടത്ര ശാസ്ത്രീയ ബോധമില്ലാതെ രാസവളം ഉപയോഗിക്കുന്നതിനാൽ മണ്ണിൻെറ ഫലഭൂയിഷ്ടത അനുക്രമം കുറഞ്ഞുവരുന്നു.

പഞ്ചായത്തിലെ തെങ്ങു കൃഷിക്ക്, മഞ്ഞളിപ്പ്, കൂമ്പുചീയൽ, കാറ്റുവീഴ്ച ഇവ മൂലം ശക്തമായ പ്രതിസന്ധിയുണ്ട്. തെങ്ങുകൃഷിയുടെ ഉൽപാദന ചെലവും തേങ്ങയുടെ വിലയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതുപോലെ കുരുമുളക് കൃഷിയെ ദ്രുതവാട്ടം ബാധിച്ചുകൊണ്ടിരിക്കുന്നു.

സാമാന്യം ഭേദപ്പെട്ട നിലയിൽ ഉൽപാദനം നടക്കുന്ന റബർ കൃഷിയെ റബർ ഇറക്കുമതിയും രാസവളത്തിൻെറ വില വർദ്ധനവും റബർ പാൽ സംസ്കരണത്തിനുള്ള വസ്തുക്കളുടെ വിലവർദ്ധനവും ബാധിക്കുന്നു.

ജലസേചനത്തിൻെറ അഭാവവും കൃഷിഭവൻെറയും മണ്ണു സംരക്ഷണ വിഭാഗത്തിൻെറയും മണ്ണു പരിശോധനാ വിഭാഗത്തിൻെറയും പ്രവർത്തനവും ജൈവവളത്തിൻെറ അഭാവവും ഉൽപാദന മുരടിപ്പിന് ഒരു കാരണമാണ്.

## ഭൂമിയുടെ വിതരണ രീതി

| | |
|---|---|
| കാർഷികേതര ആവശ്യഭൂമി | 296.00 ഹെക്ടർ |
| പുൽമേട്- മേച്ചിൽസ്ഥലം | 60.00 ഹെക്ടർ |
| കൃഷിക്ക് ഉപയുക്തമായത് | 1777.00 ഹെക്ടർ |
| ജലാശയം | 683.00 ഹെക്ടർ |
| ആകെ | 2816.00 ഹെക്ടർ |

## ഭൂമിയുടെ വിതരണ രീതി

| | |
|---|---|
| പരിമിത | 1548 |
| ചെറുകിട | 560 |
| മറ്റ് | 78 |
| മൊത്തം | 2186 |

## രാസവള ഉപയോഗക്രമം

| 1993-94 | 1994 - 95 | 1995-96 |
|---|---|---|
| 18750 Kg | 30000 Kg | 37150 Kg |

## സാദ്ധ്യതകൾ

1. കൃഷിഭവന്റെ പ്രയോജനം മുഴുവൻ കർഷകർക്കും ലഭിക്കുന്നതിനു വേണ്ടി കൃഷി ഭവനോട് അനുബന്ധിച്ച് ഒരു മൊബൈൽ ക്ലിനിക്ക് ഉണ്ടാക്കണം. ഇതിൽ നാട്ടറിവുള്ള ഒരു നല്ല കർഷകനും കൃഷി വിദഗ്ധരും ഉണ്ടായിരിക്കണം.

2. വടക്കും തെക്കും ചെരിഞ്ഞ ഭൂപ്രകൃതി ഉള്ള ഈ പഞ്ചായത്തിൽ മണ്ണ് സംരക്ഷണത്തിനു വേണ്ടി വ്യാപകമായ കയ്യാലകൾ നിർമ്മിക്കണം. കൂടാതെ ചിലവ് കുറഞ്ഞ മണ്ണു സംരക്ഷണ രീതികളെപ്പറ്റി ഉള്ള അറിവ് കർഷകർക്കു പകർന്നു കൊടുക്കണം.

3. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്ത് വക ഒരു മാർക്കറ്റ് സ്ഥാപിക്കുകയും ഉൽപ്പന്നങ്ങൾക്ക് ന്യായ വില ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

4. കീടനാശിനി തളിക്കുന്നതിനുള്ള സ്പ്രെയറുകൾ, കീടനാശിനികൾ, നല്ലയിനം വിത്തുകളും നടീൽ വസ്തുക്കളും വളം എന്നിവ കൃഷി ഭവൻ മുഖേന യഥാക്രമം മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കണം.

5. കൃഷിഭവന്റെ നേതൃത്വത്തിൽ വർഷത്തിൽ രണ്ടുതവണ ജനപങ്കാളിത്തത്തോടെ വിളവെടുപ്പു ഉൽസവം സംഘടിപ്പിക്കുകയും കൃഷിക്കാരെ വാർഡ് അടിസ്ഥാനത്തിൽ അംഗീകരിച്ച് ആദരിക്കുകയും വേണം.

6. പഞ്ചായത്തിലെ പ്രധാന തോടുകളുടെ ഇരുവശവും സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതാണ്.

7. കേര സമിതി, കുരുമുളക് സംരക്ഷണ സമിതി, കൃഷി വികസന സമിതി എന്നിവയെ അതാത് മേഖലയിൽ താൽപര്യമുള്ള കൃഷിക്കാരെ കൂട്ടിച്ചേർത്ത് പുനഃസംഘടിപ്പിക്കുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും വേണം.

8. ഓരോ വാർഡിൽ നിന്നും 10 കർഷകരെ വീതം തെരഞ്ഞെടുത്ത് മേൽത്തരം വിത്തും വളവും നൽകി കൃഷി ഭവൻ മുഖേന പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കണം.

9. ഓരോ വാർഡിൽ നിന്നും 10 കർഷകരെ വീതം തെരഞ്ഞെടുത്ത് ഔഷധ കൃഷിയിൽ പരിശീലനം നൽകണം.

10. മണ്ണിന്റെ ഫലഭൂയിഷ്ടത സംരക്ഷിക്കുന്നതിനായി ജൈവവളം നിർമ്മിക്കുന്നതിനുള്ള സാങ്കേതിക ഉപദേശം നൽകണം.

11. പച്ചിലവളം സുലഭമായി ലഭിക്കുന്നതിനു വേണ്ടി M.V.I.P. കാച്ച്മെൻറ് ഏരിയായ്ക്കു ചുറ്റും മരുത്, ശീമക്കൊന്ന മുതലായവ വച്ചുപിടിപ്പിക്കാനുള്ള പദ്ധതി ഉണ്ടാക്കണം.

12. ചണമ്പ് കൃഷിയുടെ ഉപയോഗത്തെപ്പറ്റി കർഷകർക്ക് അറിവു നൽകണം.

13. കൃഷി ഭവനിലെ ഒഴിവ് നികത്തി കൃഷി ഭവന്റെ സേവനം മെച്ചപ്പെടുത്തണം.

14. പട്ടയമില്ലാത്ത കർഷകർക്ക് പട്ടയം നൽകണം.

15. കൃഷിഭവനിൽ നിന്നും ലഭിക്കുന്ന ധനസഹായം യഥാസമയത്ത് ലഭ്യമാക്കണം.

16. മണ്ണു പരിശോധനാ സംവിധാനം കാര്യക്ഷമമാക്കണം.

17. M.V.I.P. കാച്ച്മെൻറ് ഏരിയായിൽ സഹകരണ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി, ഔഷധ കൃഷി, പൂക്കളുടെ കൃഷി ഇവ നടപ്പിൽ വരുത്തണം.

18. കാർഷിക വായ്പയുടെ പലിശ കുറയ്ക്കണം.

19. പഴം, പച്ചക്കറി, കൈതച്ചക്ക ഇവയുടെ സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കണം.

20. സ്കൂൾ പാഠ്യപദ്ധതിയിൽ കൃഷി ഒരു വിഷയമായി ഉൾപ്പെടുത്തണം.

21. പ്രകൃതിക്ഷോഭം നിമിത്തം കൃഷി നശിക്കുന്നവർക്ക് ഉപാധികളില്ലാതെ സഹായം നൽകണം.

22. കർഷക തൊഴിലാളികൾക്ക് പണിയില്ലാതെ വരുന്ന കാലഘട്ടത്തിൽ സൗജന്യ റേഷൻ നൽകുകയോ ഇതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യണം.

## ജലസേചനം

ഈ പഞ്ചായത്തിൻെറ വിസ്തീർണ്ണത്തിൽ നല്ലശതമാനം മലമ്പ്രദേശങ്ങളാണ്. സമതല പ്രദേശങ്ങളുടെ ഭൂരിഭാഗവും മലങ്കര ഡാമിൻെറ ജലസംഭരണിക്കു വേണ്ടി എടുത്തുപോയിട്ടുള്ളതാണ്. ശേഷിച്ച പ്രദേശങ്ങളിൽ നിലവിൽ യാതൊരുവിധ ജലസേചന സൗകര്യങ്ങളും ഇല്ല. ഈ പഞ്ചായത്തിൽ മൊത്തം പഞ്ചായത്തുവക നാലു കുളങ്ങളും 14 കുഴൽകിണറുകളും 19 കിണറുകളും ഉണ്ട്. മറ്റു ചെറുകിട ജലസേചന സൗകര്യങ്ങൾക്കുള്ള ചെക്കു ഡാമുകളോ ക്രോസ് ബാറുകളോ ഇല്ല. ഈ പഞ്ചായത്തിൻെറ ഒന്നാം വാർഡ് ഒഴിച്ച് എല്ലാ വാർഡുകളും ഡാമിൻെറ ജലസംഭരണിയുമായി ചേർന്ന് കിടക്കുന്നതാണെങ്കിൽ പോലും ഈ വെള്ളം ഉപയോഗിക്കാനുള്ള യാതൊരുവിധ സംവിധാനങ്ങളും നിലവിൽ ഇല്ല. പുതിയതായി രൂപം കൊണ്ട മലങ്കര ഡാമിൻെറ ജലസംഭരണി അല്ലാതെ നശിച്ചുപോയ ജലസ്രോതസ്സുകൾ ഒന്നും തന്നെ ഇല്ല. ഇവിടെ പമ്പുസെറ്റുകൾ ഉപയോഗിച്ച് ജലസേചനം നടത്തുന്ന ഒരു പദ്ധതി പോലും നിലവിലില്ല.

ഈ പഞ്ചായത്തിൽ പ്രധാനപ്പെട്ട 12 തോടുകളും അതിൻെറ ഉപശാഖകളും ഉണ്ട്. നിലവിൽ ഉണ്ടായിരുന്ന കാഞ്ഞാർ പുഴ ഇപ്പോൾ മലങ്കര ഡാമിൻെറ ജലസംഭരണിയായി മാറിക്കഴിഞ്ഞു. ഇതിലെ ജലലഭ്യത എന്നു പറയുന്നത് മൂലമറ്റം പവർ ഹൗസിൽ നിന്നും പുറംതള്ളുന്ന ജലമാണ്. ജില്ലയിലെ മറ്റു പഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ പഞ്ചായത്തിലെ ഒറ്റപ്പെട്ട ചില ഭാഗങ്ങളൊഴിച്ച് മറ്റുയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് ജലലഭ്യത കുറവാണ്. ഇതിനു പ്രധാന കാരണം ഭൂപ്രകൃതിയുടെ വ്യത്യാസവും കാലാവസ്ഥയുടെ മാറ്റവുമാണ്. നിലവിലുള്ള കൃഷികൾ മിക്കവയും വേനൽക്കാലത്ത് വരൾച്ച നേരിടുന്നതു കൊണ്ടും അതിൽ നിന്നുള്ള ആദായങ്ങളിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നുണ്ട്. ഇതിനുള്ള ഏക പ്രതിവിധി ജലസേചന സൗകര്യം ഉണ്ടാക്കുക എന്നുള്ളതാണ്. അതുവഴി കൂടുതൽ ആദായം ഉണ്ടാക്കുവാൻ സാധിക്കും.

ഇതിലേക്കായി നിലവിലുള്ള തോടുകളിലും അതിൻെറ ഉപശാഖകളിലും സാധ്യതയുള്ള സ്ഥലങ്ങളിൽ ചെക്കുഡാമുകളും ക്രോസ് ബാറുകളും നിർമ്മിക്കണം. കൂടാതെ ജലലഭ്യത അനുസരിച്ച് സൗകര്യപ്രദമായ മറ്റു സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിക്കേണ്ടതാണ്. കൂടാതെ മലങ്കര ഡാമിൻെറ ജലസംഭരണിയിൽ നിന്നും ജലസേചനം സാദ്ധ്യമാക്കാവുന്നതുമാണ്.



# മൃഗസംരക്ഷണം മത്സ്യബന്ധനം

## മൃഗസംരക്ഷണ മേഖലയിലെ പ്രതിസന്ധികൾ

### മൃഗസംരക്ഷണം

അറിയപ്പെടുന്ന ചരിത്രകാലം മുതൽ തന്നെ സമൂഹ്യമായി ഉയർന്ന ജീവിത നിലവാരം പുലർത്തിയിരുന്ന ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയും മൃഗസംരക്ഷണവുമായിരുന്നു.

### 1. പ്രശ്നങ്ങൾ

കുടയത്തൂർ മൃഗാശുപത്രിയുടെ ശോച്യാവസ്ഥ:-

ആടുമാടുകളെ വളർത്തൽ വളരെയേറെയുള്ള ഈ പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രിയുടെ സൗകര്യങ്ങൾ നാമമാത്രമാണ്. വേണ്ടത്ര ജീവനക്കാരോ ആശുപത്രി ഉപകരണങ്ങളോ ഈ ആശുപത്രിയിൽ ഇപ്പോഴില്ല. മറ്റൊരു മൃഗാശുപത്രിയിൽ നിന്നും താൽക്കാലികമായി വരുന്ന ഒരു ഡോക്ടർ ഒഴികെ മറ്റൊരു സൗകര്യവും ഇവിടെ ലഭ്യമല്ല. അതുകൊണ്ട് തന്നെ കാര്യമായ മൃഗചികിത്സ ഇവിടെ നടക്കുന്നില്ല. മൃഗാശുപത്രിയുടെ അടുത്തു സ്ഥിതി ചെയ്യുന്ന ക.ഇ.ഉ.ജ. സബ് സെൻറർ ഉള്ളതുകൊണ്ട് കൃത്രിമ ബീജസങ്കലനം നടന്നുവരുന്നു. അതാകട്ടെ വാടക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. ആശുപത്രിയിൽ ബീജസങ്കലന ഉപകരണങ്ങളോ ജീവനക്കാരോ ഇല്ല.

ആശുപത്രിയ്ക്ക് സ്വന്തമായി വാഹനം ലഭ്യമല്ലാത്തതിനാൽ യഥാസമയം ചികിത്സ ലഭ്യമാക്കുവാൻ സാധിക്കുന്നില്ല. നിലവിൽ പഞ്ചായത്ത് കമ്മിറ്റി സ്പോൺസർ ചെയ്തിരിക്കുന്ന ആശുപത്രി കെട്ടിടത്തിന് യാതൊരു വിധ ഓഫിസ് സംവിധാനങ്ങളോ മറ്റ് സൗകര്യങ്ങളോ ഇല്ല. ആയതുകൊണ്ട് തന്നെ വിസിറ്റിംഗ് ഡോക്ടറുടെ സേവനം പോലും യഥാസമയം ഗുണഭോക്താക്കൾക്കു ലഭിക്കുന്നില്ല.

### പാൽ ഉൽപാദനം

പാൽ ഉൽപാദനത്തിൻെറ കാര്യത്തിൽ സ്വയം പര്യപ്തതയിൽ എത്തിയിട്ടുള്ള ഒരു പഞ്ചായത്താണിത്. ഒരു ക്ഷീര സഹകരണ സംഘം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 5580 ലിറ്റർ പ്രതിമാസം സമാഹരിക്കുകയും 4500 ലിറ്റർ പാൽ ഈ പ്രദേശത്ത് തന്നെ വിറ്റഴിക്കുകയും ചെയ്യുന്നു. ബാക്കി വരുന്ന പാൽ മറ്റു പഞ്ചായത്തുകളിലേക്ക് കൊണ്ടുപോകുന്നു.

| | |
|---|---|
| കറവയുള്ള പശുക്കൾ | - 1568 |
| കറവ ഇല്ലാത്ത പശുക്കൾ | - 1696 |
| കറവയുള്ള എരുമകൾ | - 89 |
| കറവ ഇല്ലാത്ത എരുമകൾ | - 73 |
| കാള | - 9 |
| പോത്ത് | - 10 |

### മാംസോൽപാദനം

ലൈസൻസ് ഉള്ള അറവുശാലകൾ ഇല്ലെങ്കിലും പഞ്ചായത്തിൽ ആടുമാടുകളെ അറവു നടക്കുന്നതു കൊണ്ട് മാംസോൽപാദനം നടക്കുന്നു. ദിവസേന 600 kg മാംസം ഉൽപാദിപ്പിക്കപ്പെടുന്നു. വിറ്റഴിക്കുന്ന മാംസ

ത്തിൻെറ ഗുണനിലവാരം നിർണ്ണയിക്കാതെ തന്നെ മാംസം വിറ്റഴിക്കുന്നു. ഈ മാസം ഉപയോഗിക്കുന്നതിലൂടെ വിവിധങ്ങളായ സാംക്രമിക രോഗങ്ങൾ പിടിപെടാൻ സാദ്ധ്യത ഏറെയാണ്. ജീവനില്ലാത്തതും രോഗം ബാധിച്ചതുമായ ഉരുക്കളെ മാംസമാക്കി വിറ്റഴിക്കുന്നതു വഴി പൊതുജനങ്ങളുടെ ആരോഗ്യത്തിന് ആപൽക്കരമായ സംക്രമിക രോഗ ഭീഷണി നിലനിൽക്കുന്നു.

## ആടുവളർത്തൽ

ആടുവളർത്തൽ സാമാന്യം ഭേദപ്പെട്ട രീതിയിൽ നടക്കുന്ന ഈ പഞ്ചായത്തിൽ 4018-ൽപരം ആടുകളുണ്ട്. എന്നാൽ ശാസ്ത്രീയമായി പരിപാലനം ഇതിന് ലഭിക്കുന്നുണ്ട് എന്നു പറാൻ സാദ്ധ്യമല്ല.

ശാസ്ത്രീയമായി മരുന്നോ ചികിൽസയോ നൽകുന്നതിനും അതിനായി പരിശീലനം കൊടുക്കുന്നതിനുള്ള സംവിധാനമോ ഇവിടില്ല.

## പന്നി വളർത്തൽ

പന്നി വളർത്തൽ ഈ പഞ്ചായത്തിൽ വളരെ ശോചനീയമാണ്. ഏതാണ്ട് 700-ൽ അധികം പന്നികൾ ഉണ്ടെങ്കിലും ഇതിൽ 290 എണ്ണം രോഗബാധിതമാണ്. ഇതിനും വേണ്ടത്ര ശാസ്ത്രീയമായ മരുന്നോ ചികിത്സാ രീതികളോ ഒന്നും ലഭ്യമല്ല.

## ബ്രോയിലർ കോഴികൾ

കോഴി ഇറച്ചിയുടെ ഉപയോഗം ഈ പഞ്ചായത്തിൽ കൂടുതലാണെങ്കിലും വ്യാപകമായ കോഴി കൃഷി ഈ പഞ്ചായത്തിൽ തീരെയില്ല. വീടുകളിൽ വളർത്തുന്ന നാടൻ കോഴികൾ മാത്രമാണ് ആശ്രയം. മറ്റ് പ്രദേശങ്ങളിൽ നിന്നും കൊണ്ടു വരുന്ന ഇറച്ചിക്കോഴികൾ ഇവിടെ വിറ്റഴിക്കപ്പെടുന്നു. പ്രതിദിനം 300 kg ഇറച്ചി വരെ ഉപയോഗിക്കുന്നു.

## മുട്ടക്കോഴി

താറാവ് മുട്ടകൾക്ക് ഏറെ പ്രിയമുള്ള ഈ പ്രദേശത്ത് മുട്ട കോഴി വളർത്തൽ ഏറെ ആദായകരമായി നടന്നുപോകുന്നു. എങ്കിലും ഈ പ്രദേശത്തേക്ക് ആവശ്യമുള്ള 3000 മുട്ടകൾ പ്രതിദിനം ഇറക്കുമതി ചെയ്യുന്നു. നല്ലയിനം മുട്ടക്കോഴികളെ ലഭ്യമാക്കാൻ നടപടി വേണം. മുട്ടക്കോഴി വളർത്തൽ ധനസഹായം നൽകാൻ നടപടിയുണ്ടാവണം. വീടുകളിൽ വളർത്തുന്ന നാടൻ കോഴികൾക്കാവട്ടെ കോഴിവസന്ത മുതലായ രോഗങ്ങൾക്ക് ഫലപ്രദമായ ചികിൽസല ലഭ്യമല്ല. ആയതിനാൽ തന്നെ മൊത്തം വളർത്തു കോഴിയുടെ 50 % ഒരു വർഷം ചത്തു പോകുന്നുണ്ട്.



## കാലിത്തീറ്റ

കാലി വളർത്തലിനെ സംബന്ധിച്ച് തീറ്റുടെ കാര്യത്തിൽ വളരെയേറെയുള്ള ലഭ്യതയുണ്ട്. എന്നാൽ ശാസ്ത്രീയമായ പുല്ലുൽപാദനമോ കാലിത്തീറ്റ ഫാക്ടറി അങ്ങനെ യാതൊന്നും ഈ പഞ്ചായത്തിൽ ഇല്ല. എന്നാൽ കാലിത്തീറ്റ ഉണ്ടാക്കാൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾ യഥേഷ്ടം ഉണ്ട്. വൈക്കോൽ പോലുള്ള തീറ്റവസ്തുക്കൾ ഈ പഞ്ചായത്തിൽ ലഭ്യമല്ല. ഈ പ്രദേശത്തേക്ക് 100 ടൺ വൈക്കോലും 80 ടൺ കാലിത്തീറ്റയും പ്രതിവർഷം ഇറക്കുമതി ചെയ്യുന്നു.

## തുകൽ ഉൽപാദനം

തുകൽ ഉൽപാദനം കാര്യമായി ഈ പഞ്ചായത്തിൽ നടക്കുന്നില്ല. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന തുകൽ മറ്റു സംസ്കരണ ശാലകളിലേക്ക് കയറ്റി വിടുകയാണ്. വണ്ടിക്കാളകളോ, ഉഴുതാനുള്ള കാളകളോ ഈ പഞ്ചായത്തിൽ ഇല്ല. നിരവധി ബയോഗ്യാസ് പ്ലാൻറുകൾക്ക് സാദ്ധ്യതയുണ്ടെങ്കിലും അതിനുള്ള സാങ്കേതിക സംവിധാനം പൂർണ്ണമായി നിലവിലില്ലാത്തതിനാൽ ബയോഗ്യാസ് പ്ലാൻറുകളുടെ എണ്ണം കുറവാണ്. കന്നുകാലികളുടെ പെട്ടെന്നുള്ള മരണം സാധാരണയായില്ലെങ്കിലും അപൂർവമായി നടക്കുന്നുണ്ട്.. മൃഗ ഡോക്ടറുടെ സേവനം പൂർണ്ണമായി ലഭിയ്ക്കാത്തതിനാൽ വന്ധ്യതാ നിവാരണത്തിനുള്ള ചികിൽസ കാര്യക്ഷമമല്ല.

പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിന് നിരവധി പദ്ധതികൾ നടപ്പാക്കിയെങ്കിലും 1870 വളർത്തു നായ്ക്കൾ ഇവിടെയുണ്ട്. ഈ കണക്കിനേക്കാൾ ഇരട്ടിയോളം നായ്ക്കൾ അലഞ്ഞു നടക്കുന്നുണ്ട്.

## നിർദ്ദേശങ്ങൾ

### 1. മൃഗാശുപത്രി

നിലവിൽ ഉള്ള ശോച്യാവസ്ഥ പരിഹരിച്ച് സ്ഥിരമായ ഒരു ഡോക്ടറെയും ആവശ്യത്തിന് ജീവനക്കാരെയും

മരുന്നും ഉപകരണങ്ങളും എളുപ്പും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ആശുപത്രിക്ക് സ്വന്തമായി ഒരു വാഹനം അത്യാവശ്യമാണ്.

ഉൽപാദന ശേഷി ഉള്ളതും പ്രതിരോധ ശേഷി കൂടുതലുള്ളതുമായ പശു, ആട്, എരുമ, കോഴി, താറാവ്, പന്നി, മുയൽ എന്നിവ വളർത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ജനങ്ങൾക്ക് വിതരണം ചെയ്യണം. (തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക്) തീറ്റപ്പുൽകൃഷി നടത്തുന്നതിന് എം.വി.ഐ.പി.യുടെ ക്യാച്ച്മെൻറ് ഏരിയ ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടാവണം. അതോടൊപ്പം കാലിത്തീറ്റി ഉൽപാദിപ്പിക്കുന്നതിന് ഫാക്ടറി നിർമ്മിക്കണം. ഈ പഞ്ചായത്തിൻെറ പരിധിയിൽ വരുന്ന തരിശായി കിടക്കുന്ന പാഴ്ഭൂമിയിൽ കൃഷി വിദഗ്ധരുടെ സഹായത്തോടെ തീറ്റപുൽകൃഷി നടത്തേണ്ടതാണ്. തീറ്റപ്പുൽവിത്ത്, വളം മുതലായവ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

## കാറ്റിൽ ഫാം.

കാറ്റിൽ ഫാം നിർമ്മിക്കുന്നതിന് സൗകര്യമുള്ള ഈ പ്രദേശത്ത് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തണം. അറവുശാലകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കണം. വില്പന ശാലകളുടെ ശോച്യാവസ്ഥയും വിറ്റഴിക്കുന്ന മാംസത്തിൻെറ മൂല്യം നിർണ്ണയിക്കുന്നതിനുള്ള സാങ്കേതിക സംവിധാനവും ഉണ്ടാവണം. അസ്ഥി, തുകൽ സംസ്കരണ ശാലകൾ തുടങ്ങേണ്ടത് അനിവാര്യമാണ്. ആട് കൃഷിക്ക് വേണ്ടത്ര ശാസ്ത്രീയ പരിശീലനം കൃഷിക്കാർക്ക് നൽകേണ്ടതാണ്..

ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും സാങ്കേതിക പരിശീലനം ലഭ്യമാക്കാനുള്ള നടപടിയും ഉണ്ടാവണം. മൃഗങ്ങൾക്ക് ആവശ്യമായ പ്രതിരോധ കുത്തിവയ്പ് അതതു കാലങ്ങളിൽ നൽകുന്നതിനുള്ള ബോധവൽക്കരണം നടത്തേണ്ടതാണ്.

ഏറെ സാധ്യതയുള്ള ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും അത് വിറ്റഴിക്കുന്നതിനുള്ള വില്പന ശാലകളും നിർമ്മിക്കേണ്ടതാണ്.. കോഴി വസന്ത മുതലായവക്ക് എതിരെ യഥാസമയങ്ങളിൽ ചികിൽസയും "ബോധവൽക്കരണവും" മൃഗസംരക്ഷണ വകുപ്പ് ചെയ്യേണ്ടതാണ്.



## മത്സ്യബന്ധനം

വീടുകളിൽ ചെറിയ കുളങ്ങൾ നിർമ്മിച്ച് മത്സ്യം വളർത്താനുള്ള സംവിധാനം ചെയ്യണം. M.V.I.P. പദ്ധതി പ്രദേശത്ത് മത്സ്യം വളർത്തുന്നതിനും മത്സ്യബന്ധനത്തിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. തോടുകളിലും പുഴകളിലും മത്സ്യ സമ്പത്തിനെ നശിപ്പിക്കുന്ന തോട്ട ഇടൽ നഞ്ച് കലക്കൽ മുതലായ നശീകരണ പ്രവർത്തനം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുക. പഞ്ചായത്തിൽ സ്ഥിരമായി ഒരു ഉണക്ക - പച്ച മൽസ്യ വിപണന കേന്ദ്രം സ്ഥാപിക്കുക.

# 2. വ്യവസായ മേഖല

## വ്യവസായം

### ആമുഖം

കുടയത്തൂർ പഞ്ചായത്തിൽ നിലവിൽ ഇന്ന് യാതൊരു വ്യവസായങ്ങളും ഇല്ല. എന്നാൽ ഈ പഞ്ചായത്തിൽ തന്നെ സുലഭമായി കിട്ടുന്ന അസംസ്കൃത വസ്തുക്കൾ കൊണ്ട് നല്ല നല്ല ചെറുകിട വ്യവസായങ്ങൾക്ക് വിപുലമായ സാദ്ധ്യതകൾ ഉണ്ട്. പക്ഷേ ഈ വിധത്തിലുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിന് ഗതാഗതം, വൈദ്യുതി, വെള്ളം എന്നിവ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും ഉണ്ടാവണം.

ഈ പഞ്ചായത്തിൽ തൊണ്ണൂറ് ശതമാനം ആളുകളും സ്വന്തമായി ഒരു വ്യവസായം തുടങ്ങുന്നതിനുള്ള സാമ്പത്തിക ശേഷി ഇല്ലാത്തവരാണ്. ഇവിടെ ആകെയുള്ളത് ഒരു സഹകരണ ബാങ്ക് മാത്രമാണ്. ഈ പഞ്ചായത്തിൽ മൊത്തത്തിലുള്ള വ്യവസായ ആവശ്യങ്ങൾ അഞ്ചു ശതമാനം പോലും നികത്താൻ ഉള്ള സാമ്പത്തിക ശേഷി ഈ ബാങ്കിന് ഇല്ല. വ്യാവസായിക ആവശ്യങ്ങൾക്ക് സഹായിക്കാൻ ബാദ്ധ്യതയുള്ള സൗത്ത് ഇന്ത്യൻ ബാങ്ക് കാഞ്ഞാർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മുട്ടം, ഫെഡറൽ ബാങ്ക് മുട്ടം എന്നീ ബാങ്കുകൾ നമ്മുടെ വ്യാവസായിക ആവശ്യങ്ങൾക്ക് യാതൊരു സഹായവും തരുന്നില്ല. ഇതിന് ഒരു പരിഹാരം ഉണ്ടായെങ്കിലേ നമ്മുടെ പഞ്ചായത്തിലെ വ്യാവസായിക ആവശ്യങ്ങൾ ക്രിയാത്മകമായി നടപ്പാക്കാൻ കഴിയുകയുള്ളൂ.

### സാദ്ധ്യത

1. വ്യവസായം തുടങ്ങുന്നതിന് മുമ്പോട്ടു വരുന്നവർക്ക് ഷെഡുകൾ നിർമ്മിച്ച് വ്യവസായ എസ്റ്റേറ്റുകളായി കൊടുക്കുക. ഹോളോബ്രിക്സ്, റെഡിമെയ്ഡ് ഗാർമെൻറ്സ്, മെഴുകുതിരി നിർമ്മാണം, പലഹാര നിർമാണം, കറി പൗഡർ, ചന്ദനത്തിരി, മുതലായവ സഹകരണ അടിസ്ഥാനത്തിൽ നടത്താവുന്നതാണ്.
2. ഇവിടെ സുലഭമായി കിട്ടുന്ന അസംസ്കൃത വസ്തുക്കളാണ് ഈറ്റ, തഴ, പുല്ല് മുതലായവ. ഈ വസ്തുക്കൾ കൊണ്ടുള്ള മുറം, പനമ്പ്, പായ്, കുട്ട, കൗതുക വസ്തുക്കൾ മുതലായവയ്ക്ക് വ്യാപകമായ വിപണന സാദ്ധ്യതയുണ്ട്.
3. സോപ്പ്, സോപ്പുപൊടി, തേനീച്ചവളർത്തൽ, കർപ്പൂര നിർമ്മാണം, ചൂൽ നിർമ്മാണം, പേപ്പർ, ഫയൽ, പേപ്പർ കവറുകൾ, പ്ലെയിൻ കവറുകൾ, സൈക്കിൾ റിപ്പയറിംഗ് ഷോപ്പ്, ബുക്കു ബയൻറിംഗ്, റേഡിയോ അസംബ്ലിംഗ്, കുട നിർമ്മാണം, ടെയ്‌ലറിംഗ് എന്നീ വ്യവസായങ്ങൾ കൂട്ടമായും ഒറ്റയ്ക്കും നടത്താവുന്നതാണ്.
4. പോളിമർ ഉൽപ്പന്നങ്ങൾ, വയറിംഗിന് ആവശ്യമായ പ്ലാസ്റ്റിക് ഉപകരണങ്ങൾ, റബർ ടാപ്പിംഗിന് ആവശ്യമായ ചിരട്ടകൾ, വിവിധ മാതൃകയിലും വലിപ്പത്തിലും ഉള്ള ബോട്ടിലുകൾ, പ്ലാസ്റ്റിക കളിക്കോപ്പുകൾ മുതലായവ ഉണ്ടാക്കുന്നതിനുള്ള ചെറിയ യൂണിറ്റുകൾ ധാരാളമായി നടത്താവുന്നതാണ്.
5. റബ്ബറധിഷ്ഠിത സാധനങ്ങൾ - റബ്ബർ ബാൻഡ്, കൈയുറ, ഇലാസ്റ്റിക് നൂലുകൾ മുതലായവ നല്ല വ്യവസായമാണ്.
6. **പുൽത്തൈലം**:- ഈ പഞ്ചായത്തിൻെറ ഒന്നാം വാർഡിൽ യാതൊരു കൃഷിയ്ക്കും ഉപയോഗമില്ലാത്തതും എന്നാൽ ഇന്ന് വിപണിയിൽ വലിയ വില കിട്ടു

ന്നതുമായ പുൽത്തൈലം ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഇഞ്ചിപ്പുല്ല് സ്വാഭാവികമായും ധാരാളം വളരുന്നു. ഇതിൽ നിന്നും പുൽത്തൈലം വേർതിരിച്ചെടുക്കുന്ന ചെറുകിട വ്യവസായത്തിന് നല്ല സാദ്ധ്യതയുണ്ട്.

7. **പട്ടുനൂൽ വ്യവസായം** – ഒന്നാം വാർഡിൻെറ മിക്ക വാറും പ്രദേശങ്ങൾ പട്ടുനൂൽപ്പുഴു വളർത്തുന്നതിന് അനുയോജ്യമായ കാലാവസ്ഥയുള്ളവയാണ്. ഈ ഭാഗങ്ങളിൽ മൾബറി നന്നായി തഴച്ചുവളരുകയും ചെയ്യുന്നു. ആയതിനാൽ ഇവിടെ പട്ടുനൂൽപ്പുഴു വ്യവസായത്തിനുള്ള സാദ്ധ്യതകളുണ്ട്.

8. **തേയില വ്യവസായം** – ഈ പഞ്ചായത്തിലെ ഒന്ന്, അഞ്ച്, ആറ് വാർഡുകളിൽ പലയിടത്തും ഭാഗികമായി ധാരാളം തേയിലച്ചെടികൾ സംസ്കരണ സൗകര്യമില്ലാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. ചെറിയ തോതിലുള്ള സംസ്കരണ സൗകര്യം ഉണ്ടായാൽ ഇവിടെ നിന്നും ലഭിക്കുന്ന തേയില കൊളുന്ത് സംസ്കരിച്ച് ഇവിടെത്തന്നെ വിപണനം സാദ്ധ്യമാക്കാവുന്നതാണ്.

9. **ചെരിപ്പു വ്യവസായം** – വിവിധയിനം ചെരിപ്പുകൾ നിർമ്മിച്ച് വിപണിയിലെത്തിയ്ക്കാനുള്ള സാദ്ധ്യതകൾ ഉണ്ട്.

10. **കൂൺ വ്യവസായം** – സഹകരണാടിസ്ഥാനത്തിൽ ഓരോ യൂണിറ്റുകൾ രൂപീകരിച്ച് കൂൺകൃഷി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം നൽകിയാൽ ഈ പഞ്ചായത്തിൻെറ എല്ലാ വാർഡിലും ധാരാളം ആളുകൾക്ക് തൊഴിൽ സാദ്ധ്യതയുണ്ടാകും.

11. **ടൂറിസം സാദ്ധ്യതകൾ** – ഇന്ന് ധാരാളം ടൂറിസ്റ്റുകളെ ആകർഷിച്ചു കൊണ്ടിരിക്കുന്ന 'ഇലവീഴാപൂഞ്ചിറ' ഈ പഞ്ചായത്തിൻെറ സമീപപ്രദേശമാണ്. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ കുടയത്തൂർ വിന്ധ്യൻെറ നിറുകയിലാണ് വിസ്തൃതമായ ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്.. ഉദയാസ്തമയങ്ങൾ കാണാനും മനോഹരമായ പ്രകൃതിഭംഗി ആസ്വദിക്കാനും ഇപ്പോൾ ധാരാളം ടൂറിസ്റ്റുകൾ എത്തിക്കൊണ്ടിരിക്കുന്നു. ആവശ്യമായ വികസനം ഈ പ്രദേശത്തിനു നൽകിയാൽ കേരളത്തിലെ ഒന്നാംകിട ടൂറിസ്റ്റു കേന്ദ്രമായി ഇലവീഴാപൂഞ്ചിറ വളരും.

മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയായ മലങ്കര അണക്കെട്ടിൻെറ ജലസംഭരണി ഈ പഞ്ചായത്തിൻെറ പടിഞ്ഞാറെ അറ്റം മുതൽ കിഴക്കേ അറ്റം വരെ നീണ്ടു കിടക്കുന്നു. ഈ ജലസംഭരണിയിലെ ചെറുതുരുത്തുകളും തീരപ്രദേശങ്ങളും ടൂറിസ്റ്റുകൾക്കു വേണ്ടി ഒരുക്കുകയും മലങ്കര മുതൽ മൂലമറ്റം വരെ വിനോദസഞ്ചാരികൾക്കായി ബോട്ടു സർവീസ് നടത്തുകയും ചെയ്യുന്ന പക്ഷം ഇടുക്കി ജില്ലയുടെ കവാടമായ കുടയത്തൂർ പഞ്ചായത്തിനും തദ്വാരാ ജില്ലയ്ക്കും ടൂറിസത്തിലൂടെ വൻനേട്ടങ്ങൾ കൊയ്യാൻ സാധിക്കും.

12. കൊക്കോ കൃഷി ധാരാളം ഉള്ള ഈ മേഖലയിൽ കൊക്കോ സംസ്കരണ യൂണിറ്റ് സ്ഥാപിച്ച് ഇതര പ്രോഡക്റ്റുകൾ ആക്കി വിതരണ ശൃംഖന ഉണ്ടാക്കുകയാണെങ്കിൽ തൊഴിലും തൊഴിൽ സാദ്ധ്യതകളും ധാരാളം ഉണ്ടാക്കപ്പെടും.

## ഉപസംഹാരം

ഈ വ്യവസായ പദ്ധതികൾ വേണ്ടവിധത്തിൽ വിജയിക്കണമെങ്കിൽ ഇവിടുത്തെ തൊഴിൽ സംരംഭകരായ യുവജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം യഥാസമയം നൽകുകയും വേണ്ടത്ര പ്രോൽസാഹനങ്ങൾ എല്ലാ തുറയിൽ നിന്നും യഥാസമയം ലഭിയ്ക്കുകയും ചെയ്യണം.

തൊഴിൽ സംരംഭകരുടെ ആത്മാർത്ഥതയും കഠിന പ്രയത്നവും രാഷ്ട്രത്തോടുള്ള കടപ്പാടുമാണ് ഇതിൻെറ ആത്യന്തികമായ വിജയം.



# ഊർജ്ജം

മനുഷ്യൻ ആഹാരസാധനങ്ങൾ പാചകം ചെയ്യാൻ തുടങ്ങിയതോടെയാണ് ഊർജ്ജത്തിന്റെ അമിതമായ ഉപയോഗം ആരംഭിക്കുന്നത്. ഊർജ്ജാവശ്യങ്ങൾക്കായി പ്രകൃതിയെ മാത്രമായിരുന്നു ആശ്രയിച്ചുപോന്നിരുന്നത്. പ്രകൃതിയുടെ സന്തുലിതാവസ്ഥ അപകടകരമായ അവസ്ഥയിലേക്ക് കടന്നപ്പോഴാണ് മനുഷ്യൻ കൃത്രിമ ഊർജ്ജോൽപ്പാദനത്തെക്കുറിച്ച് ചിന്തിക്കുന്നത്. ഇതിന്റെ പരിണിത ഫലമായിട്ടാണ് പെട്രോളിയം ഉത്പന്നങ്ങളും വൈദ്യുതിയും ബയോഗ്യാസും പാചകവാതകവും ഉടലെടുക്കുന്നത്.

ഇന്ന് ജൈവ ഊർജ്ജത്തെക്കാൾ ഗാർഹികവും കാർഷികവും വ്യാവസായികവുമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് വൈദ്യുതോർജ്ജമാണല്ലോ.

ഇന്ന് ഒരു ദേശത്തിന്റെ വികസനത്തെ ത്വരിതപ്പെടുത്തുന്നത് ആ പ്രദേശത്ത് ഉപയോഗിക്കപ്പെടുന്ന വാണിജ്യ ഇന്ധനത്തിന്റെ ലഭ്യതയാണ്.

കുടയത്തൂർ ഗ്രാമ പഞ്ചായത്തിന്റെ ഊർജ്ജ ഉപഭോഗരീതികൾ പരിശോധിക്കുമ്പോൾ ഇത് സംസ്ഥാന ശരാശരിയേക്കാൾ ഏറെ താഴെയാണെന്ന് കാണാൻ കഴിയും. സംസ്ഥാനത്തെ വൈദ്യുത ഉൽപാദനത്തിന്റെ സിംഹഭാഗവും വഹിക്കുന്ന ഇടുക്കി പവ്വർഹൗസ് സ്ഥിതി ചെയ്യുന്ന മൂലമറ്റം തൊട്ടടുത്ത പഞ്ചായത്തിലാണ് ഉൾപ്പെടുന്നതെങ്കിലും വൈദ്യുതി ഉപയോഗത്തിന്റെകാര്യത്തിൽ നമ്മുടെ പഞ്ചായത്ത് ഏറെയൊന്നും മെച്ചപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ 2247 വീടുകളിൽ 1477 വീടുകൾ മാത്രമാണ് വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളത്. ഹരിജനങ്ങളും ഗിരിജനങ്ങളും ഏറെയുള്ള ഈ പ്രദേശത്ത് ഇക്കൂട്ടരുടെ അധികം വീടുകളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുത കണക്ഷനുകൾ വിരലുകളിൽ എണ്ണാവുന്നതു മാത്രമാണ്. വൈദ്യുതിയുടെ ദൗർലഭ്യം വ്യാവസായിക മുരടിപ്പിക്ക് ആക്കം കൂട്ടുകയും ചെയ്യുന്നു.

കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നത് 75% ജൈവോർജ്ജവും ബാക്കി വാണിജ്യ ഊർജ്ജവുമാണ്. ഗാർഹിക ആവശ്യങ്ങൾക്ക് വിറകും അറക്കപ്പൊടിയുമാണ് ഏറെ ഉപയോഗിച്ചുപോരുന്നത്. മണ്ണെണ്ണയും ബയോഗ്യാസും പാചകവാതകവും 20% ത്തോളം ജനങ്ങൾ ഉപയോഗിക്കുന്നു. 5% ഗാർഹിക ആവശ്യങ്ങൾ നിറവേറ്റുന്നത് വൈദ്യുതി മുഖേനയാണ്.




പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുന്നത് മൂലം കുടയത്തൂർ പഞ്ചായത്ത് കടുത്ത ഊർജ്ജ പ്രതിസന്ധിയിൽ എത്തിയിരിക്കുകയാണ്. ഈ അവസ്ഥയിൽ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത വീടുകൾ അടിയന്തിരമായി വൈദ്യുതി എത്തിക്കാനുള്ള നടപടി ഉണ്ടാവണം. ജലസേചനത്തിനുള്ള വൈദ്യുതി ചുരുങ്ങിയ

ചിലവിൽ കർഷകർക്കു ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടണം.

ഈ പഞ്ചായത്തിൽ നിലവിൽ 11 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും കൂടുതൽ വൈദ്യുത കണക്ഷനുകൾ നൽകുന്നതിനുമായി ആവശ്യമുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

പൊതുനിരത്തുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ ഇടുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

മൂലമറ്റം പവ്വർഹൗസിനു സമീപമുള്ള കുടയത്തൂർ പഞ്ചായത്തിൽ പകുതിയിലധികം വീടുകളും വൈദ്യുതീകരിച്ചിട്ടില്ല.

ഹരിജനങ്ങളും ഗിരിജനങ്ങളും ഏറെയുള്ള ഈ പഞ്ചായത്തിൽ ഇവരുടെ 1/4 വീടുകളിൽ മാത്രമാണ് വൈദ്യുതകണക്ഷനുകൾ ഉള്ളത്.

കാർഷിക ആവശ്യങ്ങൾക്ക് 11 വൈദ്യുത കണക്ഷനുകൾ മാത്രം.

## ഊർജ്ജത്തിന്റെ ലഭ്യത

ഗാർഹിക ആവശ്യങ്ങൾക്കുള്ള ഊർജ്ജത്തിന്റെ ഏറിയ പങ്കും ലഭിച്ചുകൊണ്ടിരിക്കുന്നത് കാർഷിക അവശിഷ്ടങ്ങളിൽനിന്നാണ്. ഈ സ്രോതസ്സ് ദൈനംദിനം കുറഞ്ഞുകൊണ്ടിരിക്കുന്നു.

വൈദ്യുതി, ബയോഗ്യാസ്, പാചകവാതകം തുടങ്ങിയവ നേരിയ തോതിൽ ഉപയോഗിച്ചുവരുന്നുണ്ടെങ്കിലും ബയോഗ്യാസിന്റെ ഉൽപാദനം മാത്രമാണ് ചുരുങ്ങിയ തോതിലെങ്കിലും നടക്കുന്നത്.

ഊർജ്ജം ഉൽപാദിപ്പിക്കാനുള്ള നിരവധി രംഗങ്ങൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും നാളിതുവരെയായി അത്തരം മാർഗ്ഗങ്ങളെക്കുറിച്ചു ചിന്തിക്കുകയോ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ല.

## പരിഹാരമാർഗ്ഗങ്ങൾ

പാചക ആവശ്യങ്ങൾക്കാണല്ലോ ഏറെ ഊർജ്ജം ഉപയോഗിച്ചുവരുന്നത്. ഇതു പരിഹരിക്കാനായി വിറകിന്റെ ലഭ്യത സുലഭമാക്കണം. തരിശുപ്രദേശങ്ങളിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക. ഇതു പ്രകൃതിസംരക്ഷണത്തിനും സഹായകമായിത്തീരും. ബയോഗ്യാസിന്റെ ഉപയോഗം സാർവ്വത്രികമാക്കുക. ഇതിനായി ജനങ്ങളെ ബോധവൽക്കരിക്കുകയും ആവശ്യമായിവരുന്ന ധനസഹായം ലഭ്യമാക്കുകയും ചെയ്യണം. ഈ രംഗത്ത് ഏറെ പ്രതീക്ഷ അർപ്പിക്കാവുന്ന ഒരു പഞ്ചായത്താണ് കുടയത്തൂർ. ബയോഗ്യാസിന്റെ ഉൽപാദനത്തിനായി കാലിവളർത്തലും പന്നിവളർത്തലും പരിപോഷിപ്പിക്കപ്പെടണം. ഇതു പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചക്കും വഴിയൊരുക്കും. പാചകവാതകം ലഭിക്കുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കി സാധാരണക്കാർക്കും ഇതു ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം.

മലങ്കര ഡാമിന്റെ ശേഷിക്കുന്ന ജോലികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുകയും ഇതിൽനിന്നും ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതി കുടയത്തൂർ പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും എത്തിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

ഏതാണ്ട് 45 കി.മീറ്റർ വേഗത്തിൽ കാറ്റടിച്ചുകൊണ്ടിരിക്കുന്ന ഇലവീഴാപൂഞ്ചിറയിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ചാൽ ചക്കിക്കാവ്, കൂവപ്പിള്ളി, മോർക്കാട, അടൂർമല, പാത്തിക്കപ്പാറ എന്നീ പ്രദേശങ്ങളിലെ ഗാർഹിക ആവശ്യങ്ങളെ ഒട്ടൊക്കെ സഹായിക്കാൻ കഴിയും.

കല്ലേത്തോട്, പാച്ചേരിത്തോട്, വലിയവീട്ടിൽ തോട്, കുഴിക്കൽ തോട് മുതലായവയിൽ ചെക്കു ഡാമുകൾ തീർത്താൽ 6 മാസകാലത്തോളം കുടയത്തൂർ പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയും. ഇത് പഞ്ചായത്തിലെ കാർഷിക ഉൽപാദനം വർദ്ധിപ്പിക്കാനും സഹായകരമായിത്തീരും.

സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാൻ വേണ്ട സാങ്കേതികവും സാമ്പത്തികവുമായ സാഹചര്യങ്ങൾ ഉണ്ടാക്കുക.

ഇന്ധന ലാഭത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി പുകയില്ലാത്ത അടുപ്പുകൾ സാർവ്വത്രികമാക്കുക.

നമ്മുടെ പഞ്ചായത്തിലെ ഊർജ്ജ പ്രതിസന്ധിയേയും അതിനുള്ള പരിഹാരമാർഗ്ഗങ്ങളേക്കുറിച്ചും പ്രതിപാദിച്ചു കഴിഞ്ഞെങ്കിലും ഡീസലിന്റെയും പെട്രോളിന്റെയും ഉപഭോഗത്തെക്കുറിച്ചു സൂചിപ്പിക്കുകയുണ്ടായില്ല. ഈ ഗ്രാമപഞ്ചായത്തിൽ ഏതാണ്ട് 300–ഓളം വാഹനങ്ങൾ പ്രചാരത്തിലുണ്ട്. ഇവയ്ക്ക് ആവശ്യമായി വരുന്ന ഇന്ധനങ്ങളുടെ കണക്കിനായി മറ്റു മാനദണ്ഡങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു.

# ഗതാഗതം

ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് ഗതാഗതയോഗ്യമായ റോഡുകൾ വളരെ കുറവാണ്. റോഡുകളിൽ പ്രധാനപ്പെട്ടത് തൊടുപുഴ – പുളിയൻമല സ്റ്റേറ്റു ഹൈവേയുടെ 6 കിലോ മീറ്റർ ഭാഗമാണ്. ഈ ഹൈവേക്കു തന്നെ ചില സ്ഥലങ്ങളിൽ വേണ്ടത്ര വീതിയില്ല. കൂടാതെ അപകടകരമായ ഒന്നു രണ്ടു വളവുകളും ഉണ്ട്. റോഡിന്റെ സംരക്ഷണത്തിന് ആവശ്യമായ ഓടകൾ ഇനിയും നിർമ്മിച്ചിട്ടില്ല.

പഞ്ചായത്തിൽ ഉൾപ്പെടുന്ന രണ്ടു P.W.D. റോഡുകളാണ് കാഞ്ഞാർ പുള്ളിക്കാനം റോഡും കാഞ്ഞാർ – കാരിക്കോട് റോഡും. ഈ റോഡുകൾ വേണ്ടത്ര നിലവാരം ഉള്ളവയല്ല. കാലാകാലങ്ങളിൽ ഈ റോഡുകൾ റിപ്പയർ ചെയ്യുന്നതിൽ P.W.D.യുടെ പ്രത്യേക ശ്രദ്ധയുണ്ടാകണം.

23 പഞ്ചായത്ത് റോഡുകൾ ഉണ്ട്. ഇവക്കെല്ലാം കൂടി 22.54 കിലോ മീറ്റർ ദൂരമുണ്ട്. ഈ റോഡുകളിൽ 4 എണ്ണം പൂർണ്ണമായും 6 എണ്ണം ഭാഗികമായും ടാർ ചെയ്തവയാണ്. ടാർ ചെയ്ത റോഡുകൾ പോലും റീടാർ ചെയ്യേണ്ട അവസ്ഥയിലാണ്. ടാർ ചെയ്യാത്ത 13 റോഡുകളിൽ പലതിനും സംരക്ഷണഭിത്തി, കലുങ്ക് ഇവ നിർമ്മിക്കേണ്ടതുണ്ട്. ഇവ കൂടാതെ 15.22 കിലോ മീറ്റർ കച്ചാ റോഡും 26.5 കിലോ മീറ്റർ നടപ്പാതയുമാണ്.

ഈ പഞ്ചായത്തിൽ ടാക്സി – ഓട്ടോ സ്റ്റാന്റുകളോ ബസ് സ്റ്റാന്റുകളോ ഇല്ല. അംഗീകൃതമായ ഒട്ടേറെ ബസ് സ്റ്റോപ്പുകൾ ഉണ്ടെങ്കിലും പ്രധാന ജംഗ്ഷനുകളിൽ മാത്രമാണ് L.S. ബസ്സുകൾ നിർത്താറുള്ളു.

## സാധ്യതകൾ

1. എല്ലാ വാർഡിലേയും നിലവിലുള്ള റോഡുകളെ ഗതാഗതയോഗ്യമാക്കാനുള്ള സ്കീം വേണം.
2. റോഡുകളുടെ സൈഡുകൾ കെട്ടി ബലപ്പെടുത്തുകയും ഓടകൾ നിർമ്മിക്കുകയും ചെയ്യണം.
3. കലുങ്കുകളും ചപ്പാത്തുകളും നടപ്പാലങ്ങളും നിർമ്മിച്ച് റോഡുകൾ സംരക്ഷിക്കണം.
4. എല്ലാ വർഷവും അറ്റ കുറ്റപ്പണികൾ നടത്തണം.
5. ബസ് സ്റ്റോപ്പുകളിൽ മൂത്രപ്പുര നിർമ്മിക്കണം.
6. കാഞ്ഞാർ ടൗണിൽ ടാക്സി – ഓട്ടോറിക്ഷാസ്റ്റാന്റുകൾ നിർമ്മിക്കണം.
7. ഒന്നാം വാർഡിലെ അറക്കുളം പഴയപള്ളി – കൂവപ്പള്ളി റോഡു വികസിപ്പിക്കണം.
8. കൂവപ്പള്ളി – പൂഞ്ചിറ, ചക്കിക്കാവ് – മേച്ചാൽ റോഡ്, ചക്കിക്കാവ് അടൂർമല റോഡ് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തണം.
9. വാഴൂർ തോട്ടിലെ കലുങ്കിന്റെ പണി നടത്തണം.
10. കച്ചിറമറ്റം പടിക്കൽ നടപ്പുപാലം പണിയണം.
11. ഇലവീഴാപൂഞ്ചിറ – തൊടുപുഴ, വെങ്കട്ട – മൂലമറ്റം റോഡുവഴി ബസ് സർവ്വീസ് അനുവദിക്കണം.
12. കാഞ്ഞാർ – മണപ്പാടി റോഡ്, കാഞ്ഞാർ M.V.I.P. റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക.
13. M.V.I.P. റോഡിലെ പാലം പണി പൂർത്തീകരിക്കുക.
14. ചേലപ്ലാക്കൽ കടവിൽ കലുങ്കു നിർമ്മിക്കണം.
15. ഭജനമഠം കടവിൽ ഒരു തൂക്കുപാലം നിർമ്മിക്കണം.
16. കുടയത്തൂർ – പന്തപ്ലാവ് റോഡ്, തെരുവക്കാട് – പന്തപ്ലാവ് റോഡ്, കുടയത്തൂർ – ന്യൂ L.P.S. റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കുക.
17. മങ്കൊമ്പ് ഭാഗത്ത് M.V.I.P. റോഡിൽ കലുങ്കു നിർമ്മിക്കുക.

18. അറയ്ക്കക്കുന്നേൽ കലുങ്കിന്റെ വടക്കേ ഭാഗത്ത് സൈഡ് ഭിത്തി കെട്ടുക.

19. ചാലിൽ പാറയിലേക്കുള്ള ഇടവഴി നട കെട്ടി സഞ്ചാര യോഗ്യമാക്കുക.

20. കൊന്താലം വക സ്ഥലത്തുകൂടി M.V.I.P. റോഡു സഞ്ചാരയോഗ്യമാക്കണം.

21. പന്തപ്ലാവ് വടക്കൻ തോട്ടത്തിൽ പാറക്കൽ നിന്നും കൂവ പ്പിള്ളിയിലേക്ക് റോഡു നിർമ്മിക്കണം.

22. ഇടതൊട്ടിയിൽ പുരയിടത്തിന്റെ പടിഞ്ഞാറുള്ള വഴി, പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ എതിർവശമുള്ള റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കുക.

23. ശരംകുത്തി അടൂർമല റോഡ് പണി പൂർത്തിയാക്കി ടാർ ചെയ്യുക.

24. ശരംകുത്തി ക്ഷേത്രത്തിന് കിഴക്കുവശം കൂടി റോഡും പാലവും നിർമ്മിക്കുക.

25. ചെമ്മണ്ടൂർ തറവാടുവഴി പോകുന്ന റോഡ് അടൂർമല റോഡുമായി ബന്ധിപ്പിക്കുക.

26. ബാങ്ക് പടി - വില്ലേജ് ഓഫീസ് റോഡ് ടാർ ചെയ്യുക.

27. വില്ലേജ് പടിയിൽനിന്നും തെക്കോട്ട് പോകുന്ന റോഡ് അടൂർമല റോഡുമായി ബന്ധിപ്പിക്കുക.

28. അംഗൻവാടി തട്ടക്കാട് വഴി അടൂർ മലക്കുള്ള വഴി വീതികൂട്ടി റോഡാക്കി പണിയുക

29. ചെറിയകണ്ടം വഴിയുള്ള റോഡ് സൈഡ് കെട്ടി കലുങ്ക് നിർമ്മിച്ച് സുരക്ഷിതമാക്കുക

30. ഭജനമന്ദിരത്തിൽനിന്നും അടൂർമല റോഡിലേക്ക് എത്തുന്ന നടപ്പുവഴി വീതി കൂട്ടി റോഡാക്കി പണിയുക

31. പി.ഡബ്ല്യു.ഡി റോഡിൽനിന്നും കാണാനി തോട്ടിന്റെ സൈഡിൽ കൂടിയുള്ള നടപ്പാത സൈഡ് കെട്ടി സുര ക്ഷിതമാക്കുക.

32. അടൂർമല റോഡിൽനിന്നും ഓണാനിത്തോട് കുളിക്ക ടവിലേക്കുള്ള ഇടവഴി സഞ്ചാരയോഗ്യമാക്കുക.

33. പഴയ ശരംകുത്തി-കുടയത്തൂർ പി.ഡബ്ല്യു.ഡി റോഡി ൻെറ സൈഡ് കെട്ടി ഒരു കുളിക്കടവ് നിർമ്മിക്കുക.

34. അടൂർമല-പന്തപ്ലാവ് മോർക്കാട് റോഡ് പണി പൂർത്തീ കരിക്കുകയും തൊടുപുഴ-കൂവപ്പള്ളി-മൂലമറ്റം - പുള്ളി ക്കാനം കോട്ടമല ബസ്സ് സർവ്വീസ് ആരംഭിക്കുകയും ചെയ്യുക.

35. അടൂർമല-ചക്കിക്കാവ് റോഡ് പണി പൂർത്തിയാക്കുക

36. അമ്പലപ്പടി മേലുകാവ് റോഡ്

37. അമ്പലപ്പടി പാത്തിക്കപ്പാറ വഴി കോളപ്രറോഡ്

38. അടൂർമല എൽ.പി.എസ്.ൽ നിന്നും -കുടയത്തൂർ റോഡ്

40. മോർക്കാട് - പൂഞ്ചിറ റോഡ്

41. ഈട്ടിക്കവളവ്-ചക്കളത്ത് കാവ് റോഡ് പണി തീർക്കുക

42. മരുതാനി തോടിനും നീലിയാനി തോടിനും നടപ്പാലം നിർമ്മിക്കുക

43. കോളപ്ര അടൂർമല റോഡിൽ വെള്ളറശ്ശേരി കടവിലും കുഴിക്കത്തോട്ടിലും കലുങ്കുകൾ നിർമ്മിക്കുക

44. കണ്ണാടിപ്പാറയിൽ നടപ്പാത കെട്ടുക

45. കോളപ്ര-തലയനാട് റോഡിൽ വടക്കേടത്തുകവലയിൽ നിന്നും ചെന്നിലത്തുകുന്നേൽ കുട്ടിയച്ചൻെറ ഭാഗത്തു കൂടി പുതിയറോഡ് നിർമ്മിക്കുക

46. കോളപ്ര തലയനാട്, കാക്കൊമ്പ് എന്നീ റോഡുകൾക്ക് ഓടകൾ നിർമ്മിക്കുക

47. ഏഴാംമൈൽ പാത്തിക്കൽ റോഡ്, കോളപ്ര ചാലപ്രം റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക

48. ആനക്കയം - വെള്ളിയാമറ്റം റോഡ്

തെങ്ങുംപിള്ളിക്കവല - മുതിയാമല റോഡ്

പുല്ലുന്നുപാറ - ആനക്കയം റോഡ്

അവറാച്ചൻ സിറ്റി - ആമേൽ റോഡ്

മാണിക്കോളനി റോഡ്

വയനക്കാവ് - കൈപ്പ റോഡ് എന്നിവ ഗതാഗതയോഗ്യ മാക്കുക

49. ആരോഗ്യ ഉപകേന്ദ്രം - കൈപ്പ റോഡ് എന്നിവ ഗതാ ഗത യോഗ്യമാക്കുക

50. പരപ്പുംകര കമ്പിപ്പാലം പണി ആരംഭിക്കുക

51. പുല്ലുന്നുപാറയിലും, ഉണ്ടപ്പാറയിലും നടപ്പാത നിർമ്മി ക്കുക.

52. മുതിയാമല എൽ.പി.എസ് - പി.എച്ച്.സി ഞരളംപുഴ റോഡ് നിർമ്മിക്കുക

53. കൈപ്പ - മുതിയാമല റോഡ് നിർമ്മിക്കുക

54. ആനക്കയം - ഞരളംമ്പുഴ റോഡ്

പള്ളിപ്പറമ്പ് വഴി - ആഞ്ഞിലിതോട് റോഡ് എന്നിവ പണി യുക

55. ആനക്കയം റോഡിൻെറ സൈഡ് ഭിത്തികെട്ടുക

56. കൈപ്പക്കവല - ഭജനമഠം തൂക്കുപാലം നിർമ്മിക്കുക

57. കൈപ്പറോഡിൽ ഓടനിർമ്മിക്കുക

58. ഞരളംപുഴ റോഡിൽ നടപ്പാത നിർമ്മിക്കുക

59. പഞ്ചായത്തിലെ ടാക്സി ഓട്ടോ ചാർജുകൾ ഏകീക രിക്കുക

# പാർപ്പിടം

കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ 2247 വീടുകളാണ് ഉള്ളത്. ഇതിൽ ഓട് മേഞ്ഞ വീടുകൾ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു.



- ഓലമേഞ്ഞ വീടുകൾ
- മറ്റ് മേച്ചിൽ സാധനങ്ങൾ ഉപയോഗിച്ചിരിക്കുന്ന വീടുകൾ
- കോൺക്രീറ്റ് വീടുകൾ
- ഓടിമേഞ്ഞ വീടുകൾ

**ആകെയുള്ള വീടുകളിൽ 59% വീടുകൾ ഓടുമേഞ്ഞതും 13% വീടുകൾ ഓല മേഞ്ഞതും 10% വീടുകൾ കോൺക്രീറ്റും 18% വീടുകൾ മറ്റ് മേച്ചിൽസാധനങ്ങൾ ഉപയോഗിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ളതുമാണ്. നല്ലൊരു ശതമാനം വീടുകളും കുടിലുകൾക്ക് സമാനമായിട്ടുള്ളതും ഓട് മേഞ്ഞ വീടുകളിൽ പലതും ഉറപ്പു കുറഞ്ഞവയുമാണ്. 48% വീടുകളിലും അടിസ്ഥാനസൗകര്യങ്ങളിൽ പ്രധാനപ്പെട്ടതായ കക്കൂസുകൾ ഇല്ല എന്നുള്ളതുമാണ് വസ്തുത.**

I.R.D.P. ലിസ്റ്റനുസരിച്ച് പഞ്ചായത്തിലെ എല്ലാ



വാർഡുകളിലുമായി 501 ഭവനരഹിതർ ഉണ്ട്. സ്വന്തമായി ഭൂമിയില്ലാതെ പുറമ്പോക്കിൽ താമസിക്കുന്നവരുടെ എണ്ണം 110 ആണ്. ഇതു കൂടാതെ മറ്റു ലിസ്റ്റുകളിൽപ്പെടാതെ ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന ധാരാളം വീടുകൾ ഉണ്ട്.

പഞ്ചായത്തിലെ ലക്ഷംവീട് കോളനികളുടെ എണ്ണം ഏഴാണെങ്കിലും ഭവനനിർമ്മാണപദ്ധതിയിൽപ്പെടുത്തി വീടു നിർമ്മിച്ചു കൊടുത്തിരിക്കുന്നത് 2 കോളനികളിൽ മാത്രമാണ്. (വീടുകളുടെ എണ്ണം 44)

മറ്റ് അഞ്ചു കോളനികളിലെ വീടുകളിൽ ഭൂരിഭാഗവും വാസയോഗ്യമായ രീതിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതല്ല. വർഷങ്ങൾക്കു മുൻപ് നിർമ്മിച്ചു കൊടുക്കപ്പെട്ട 2 ലക്ഷംവീടു കോളനികളിലെ പല വീടുകളുടെയും നില പരിതാപകരമാണ്. ഈ ലക്ഷംവീടു കോളനികളിൽ എല്ലാത്തിലും തന്നെ അടിസ്ഥാനജീവിതസൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഗതാഗതം എന്നിവ

യുടെ അപര്യാപ്തതയുണ്ട്.

| ക്രമ നം. | ലക്ഷംവീടു കോളനികളുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|
| 1. | കാഞ്ഞാർ | 24 |
| 2. | കുടയത്തൂർ | 25 |
| 3. | ശരംകുത്തി | 18 |
| 4. | കോളപ്ര | 52 |
| 5. | കുടയത്തൂർ നോർത്ത് | 15 |
| 6. | കാഞ്ഞാർ നോർത്ത് | 19 |
| | ആകെ | 153 |

ഇതു കൂടാതെ പട്ടികവർഗ്ഗത്തിൽ പെട്ടവരുടെ നാല് കോളനികളും (അടൂർ മല, കൂവപ്പിള്ളി, മോർക്കാട്, പാത്തിക്കൽ) രണ്ട് പട്ടികജാതി കോളനികളും (പുല്ലുന്നുപാറ, ഞറളംപുഴ) ഉണ്ട്. ഈ കോളനികളിൽ ഉള്ള പല വീടുകളുടെ അവസ്ഥയും വളരെ ശോച്യാവസ്ഥയിൽ ആണെന്നു മാത്രമല്ല അടിസ്ഥാന ജീവിതസൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, ഗതാഗതം, കക്കൂസ് എന്നിവയുടെ അഭാവം ദൃശ്യമാണ്.

## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണസാമഗ്രികളുടെയും ഭൂമിയുടെയും ദൗർലഭ്യവും ക്രമാതീതമായ വിലക്കയറ്റവും
2. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം
3. വർദ്ധിച്ച കൂലി നിരക്ക്
4. വായ്പകൾ ലഭ്യമാകുവാനുള്ള ബുദ്ധിമുട്ട്
5. പഞ്ചായത്തിലെ ഹൗസിംഗ് സൊസൈറ്റിയുടെ അഭാവം
6. പലിശനിരക്ക് കുറഞ്ഞ വായ്പകൾ കിട്ടാനുള്ള ബുദ്ധിമുട്ട്
7. ചിലവു കുറഞ്ഞ വീടുകളെ സംബന്ധിച്ച ധാരണക്കുറവ്
8. ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന വിദഗ്ദ്ധരുടെ അഭാവം
9. ഹൗസിംഗ് സ്കീമുകളെ സംബന്ധിച്ച അറിവില്ലായ്മ
10. കുറഞ്ഞത് നാലു സെന്റ് ഭൂമി വേണമെന്ന ഹൗസിംഗ് ലോൺ നിബന്ധന
11. പട്ടയം വേണമെന്ന നിബന്ധന
12. സബ്സിഡി തുക കൊടുക്കുന്നതിലെ കുറവ്
13. ലോൺ കിട്ടുന്നതിലെ അപര്യാപ്തത
14. നിശ്ചിത തുകക്കുള്ള പ്ലാനിലും എസ്റ്റിമേറ്റിലും വീടുകൾ നിർമ്മിച്ചു കൊടുക്കുന്ന ഏജൻസി/സൊസൈറ്റി ഇല്ലായ്മ
15. SC/ST വിഭാഗങ്ങൾക്ക് കൊടുക്കുന്ന ഗ്രാന്റുകൾക്ക് ഏകീകൃതസ്വഭാവമില്ലായ്മ
16. SC/ST വിഭാഗങ്ങൾക്കു കൊടുക്കുന്ന ഗ്രാന്റു തുകയുടെ അപര്യാപ്തത
17. കക്കൂസ്, യാത്രാസൗകര്യം, വൈദ്യുതി, കുടിവെള്ളം ഇവയുടെ ദൗർലഭ്യം
18. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ ഉണ്ടാക്കുന്ന സൊസൈറ്റിയുടെ അഭാവം (സഹകരണസംഘം)
19. കെട്ടിടങ്ങളുടെ മെയിന്റനൻസിനു വേണ്ടിയുള്ള വായ്പയുടെയും തുകയുടെയും അപര്യാപ്തത

## സാധ്യതകൾ

1. പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി ആരംഭിക്കുവാനുള്ള പദ്ധതി
2. കെട്ടിടനിർമ്മാണ സാധനസാമഗ്രികളുടെ വില കുറക്കാനുള്ള കർമ്മപരിപാടി
3. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ നിർമ്മിക്കുന്ന സഹകരണസംഘങ്ങൾ ആരംഭിക്കുക
4. ചിലവു കുറഞ്ഞ നിർമ്മാണ രീതിയുടെ പ്രചാരണം
5. ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി വൈദഗ്ധ്യം കൊടുക്കുവാൻ വേണ്ടിയുള്ള പരിശീലന കളരികൾ
6. ഭൂരഹിതർക്കും നിർധനർക്കുമുള്ള പ്രത്യേകഭവന നിർമ്മാണപദ്ധതി
7. വായ്പയുടെ കാലദൈർഘ്യം
8. വളരെ ചുരുങ്ങിയ പലിശനിരക്ക്
9. വായ്പകൾ ലഭ്യമാവാനുള്ള സുതാര്യത
10. വായ്പതുകയുടെ വർദ്ധനവ് (കുറഞ്ഞത് 50,000 രൂപയാക്കുക)
11. ലൈസൻസിംഗ് സുതാര്യമാക്കൽ
12. ദുർവ്യയ ഭവനനിർമ്മാണം നിരുത്സാഹപ്പെടുത്താൻ ഉതകുന്ന നികുതി സംവിധാനം.
13. ചെറിയ വീടുകൾക്കുള്ള നികുതികുറക്കൽ
14. പരമ്പരാഗത വാസ്തുശിൽപ മാതൃകകളുടെ സംരക്ഷണം
15. കെട്ടിട മെയിന്റനൻസിന് വേണ്ടിയുള്ള സഹകരണസംഘങ്ങൾ
16. കെട്ടിട മെയിന്റനൻസിനു വേണ്ടിയുള്ള കുറഞ്ഞ പലി

ശനിരക്കിലുള്ള വായ്പ

17. മേൽത്തരം പുതിയ ആസൂത്രിത കോളനികൾ നിർമ്മിക്കാനുള്ള സാധ്യത

18. ഹൗസിംഗ് സൊസൈറ്റികൾ വീട് നിർമ്മിച്ചുകൊടുത്ത് (കോളനിയായി) തവണകളായി രൂപ ഈടാക്കുന്ന വ്യവസ്ഥ

19. SC/ST വിഭാഗങ്ങൾക്ക് കൊടുക്കുന്ന ഗ്രാന്റുകൾക്ക് ഏകീകൃത സ്വഭാവം വേണം

20. SC/ST വിഭാഗങ്ങൾക്ക് ഉള്ള ഗ്രാന്റ് തുക വർദ്ധിപ്പിക്കണം

21. എല്ലാ വീടിനും കക്കൂസ്, കുടിവെള്ളം, വൈദ്യുതി, യാത്രാസൗകര്യം, ഇതിനുവേണ്ടി വായ്പാ സബ്സിഡി

22. ഹൗസിംഗ് സ്കീമുകളെ സംബന്ധിച്ചതും വായ്പയെ സംബന്ധിച്ചതുമായ വിഷയങ്ങളിൽ ബോധവൽക്കരണം (പ്രചരണം)

23. കുറഞ്ഞത് 4 സെന്റ് ഭൂമിയെന്ന നിബന്ധന ഇല്ലാതാക്കൽ

24. പട്ടയം എന്ന നിയമത്തിന് പകരം കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകൽ

25. നിശ്ചിതതുകക്ക് വീട് നിർമ്മിച്ചുകൊടുക്കുന്ന (പ്ലാൻ, എസ്റ്റിമേറ്റ് അടിസ്ഥാനം) ഏജൻസി/സൊസൈറ്റി (ചിലവ് കുറഞ്ഞ വീടുകൾ)



# 3. ക്ഷേമപ്രവർത്തനങ്ങൾ

## ആരോഗ്യം ശുചിത്വം കുടിവെള്ളം

മറ്റ് പ്രദേശങ്ങളിലെപ്പോലെ ഈ പഞ്ചായത്തിലും ചികിത്സാരംഗത്തെ തുടക്കം മന്ത്രവാദത്തിൽ നിന്നും പച്ച മരുന്നുകളുടെ പ്രയോഗത്തിലൂടെയും ആയിരുന്നു.

തുടർന്ന് തെരുവക്കാട്ടിൽ കുടുംബക്കാർ, ചിറ്റാട്ടിൽ കുടുംബക്കാർ, പടിഞ്ഞാറയിൽ കുടുംബക്കാർ എന്നിവർ പാരമ്പര്യ തിരുമ്മു ചികിത്സാ രീതികൾ പ്രയോഗത്തിൽ കൊണ്ടുവന്നു.

ആദ്യമായി ഈ പഞ്ചായത്തിൽ അലോപ്പതി ചികിത്സ തുടങ്ങിയത് ശ്രീ. വേലായുധൻപിള്ള, പുള്ളിക്കാനം എസ്റ്റേറ്റിലെ ശ്രീ. ജോസഫ് L.M.P. എന്നവരായിരുന്നു. കിടത്തി ചികിത്സക്ക് സൗകര്യമുള്ള ഏതാനും ചെറിയ ആശുപത്രികളും ഇവിടെ പ്രവർത്തിച്ചിരുന്നു.

ആദ്യമായി സർക്കാർ മേഖലയിൽ കാഞ്ഞാറിൽ ഒരായുർവേദ ആശുപത്രിയും തുടർന്ന് 1991 ജൂലൈ മാസത്തിൽ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രവും തുടങ്ങുകയുണ്ടായി.

ആരോഗ്യമെന്നാൽ മരുന്ന്, ഡോക്ടർ എന്നീ സങ്കല്പമാണ് നമുക്ക് ഉള്ളത്. എന്നാൽ ആരോഗ്യമെന്നാൽ രോഗമില്ലാത്ത അവസ്ഥ മാത്രമല്ല, മറിച്ച് മാനസികമായും, ശാരീരികമായും, സാമൂഹികമായും ഉള്ള സുഖസ്ഥിതി കൂടിയാണ്. അതായത് ശുദ്ധവായു, ശുദ്ധജലം, പോഷകാഹാരം, വ്യായാമം, വിശ്രമം, രോഗചികിത്സക്ക് ആവശ്യമായ സൗകര്യം ഇവ ലഭ്യമാക്കണം.

### ശുദ്ധജലം

പൊതുവായി കുടിനീരിനുള്ള സ്രോതസ്സ്, കിണർ, ഓലി, കുളം മുതലായവയാണ്. ഇപ്പോൾ വെള്ളിയാമറ്റം പഞ്ചായത്തിൻെറ ശുദ്ധജല പദ്ധതിയിൽ നിന്നും 8-ാംാം വാർഡിൽ മാത്രമാണ് ജലവിതരണം നടത്തുന്നത്. നമ്മുടെ പഞ്ചായത്തിലെ മറ്റു വാർഡുകൾക്ക് കൂടി പ്രയോജനകരമായ കുടയത്തൂർ ശുദ്ധജല പദ്ധതിയുടെ പണി ആരംഭം കുറിച്ചിട്ടുണ്ട്.

### പോഷകാഹാരം

ഈ പ്രദേശത്തെ ജനങ്ങളുടെ മുഖ്യ ആഹാരം നെല്ലരിച്ചോർ, മരച്ചീനി, മത്സ്യം, പച്ചക്കറികൾ, മാംസം, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ്. പോഷകാഹാരത്തിന് ഉതകുന്ന മേൽ പറഞ്ഞ വസ്തുക്കൾ എല്ലാം തന്നെ പഞ്ചായത്തിൻെറ പുറത്തു നിന്നും കൊണ്ടുവന്ന് വിൽപന നടത്തുന്നവയാണ്. എന്നാൽ പോഷകാഹാരത്തിൻെറ അഭാവത്തിൽ ഉണ്ടാകുന്ന രോഗങ്ങൾ ഇവിടെ വളരെ വിരളമാണ്. അതുപോലെ പൊതുവെ വായു മലിനീകരണം വളരെ കുറവുള്ള പ്രദേശമാണ് ഇത്.

### ആരോഗ്യ സ്ഥാപനങ്ങൾ

അലോപ്പതി വിഭാഗത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും അതിൻെറ മൂന്ന് ആരോഗ്യ ഉപകേന്ദ്രങ്ങളും സ്വകാര്യ മേഖലയിൽ വേളാംകണ്ണി മെഡിക്കൽ മിഷൻ ആശുപത്രി എന്ന സ്ഥാപനവും ആണ് ഉള്ളത്. സർക്കാർ മേഖലയിൽ ഒരു ആയുർവേദ ആശുപത്രിയും വ്യക്തികൾ നടത്തുന്ന 4 തിരുമ്മു കേന്ദ്രവും വിഷ ചികിത്സയിൽ പ്രാവീണ്യമുള്ള 3 വ്യക്തികളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. സ്വകാര്യ മേഖളയിൽ 2 ഹോമിയോ ഡിസ്പെൻസറികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

## പ്രാഥമികാരോഗ്യകേന്ദ്രം

1991 ജൂലൈ മാസത്തിലാണ് നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രം തുടങ്ങിയത്. ഇല്ലായ്മകളും പോരായ്മകളും മാത്രം കൈമുതലായുള്ള ഈ സ്ഥാപനം വേണ്ടത്ര സ്ഥല സൗകര്യം പോലും ഇല്ലാത്ത ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ ഈ സ്ഥാപനത്തിൽ ഇല്ല. മെഡിക്കൽ ഓഫിസർ, ജീവനക്കാർ എന്നിവരുടെ മുഴുവൻസമയ സേവനവും ജനങ്ങൾക്ക് ലഭിക്കണമെങ്കിൽ ജീവനക്കാർക്കും മെഡിക്കൽ ഓഫിസർക്കും താമസ സൗകര്യം ഒരുക്കിക്കൊടുക്കണം. ഇന്ന് ഈ സൗകര്യം ഇവിടെ ലഭ്യമല്ല. ജനങ്ങൾ പ്രതീക്ഷിക്കുന്ന തരത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും സേവനവും ഔഷധവും ലഭിക്കുന്നില്ല. എഴുതി സൂക്ഷിയ്ക്കേണ്ട പല കണക്കുകളും ശരിയായ രീതിയിൽ കൃത്യതയോടെ ഇന്ന് P.H.C. യിൽ ലഭ്യമല്ല. ആരോഗ്യ പ്രവർത്തകർ എഴുതി സൂക്ഷിയ്ക്കേണ്ട അടിസ്ഥാന റജിസ്റ്റർ ആയ 'കുടുംബാരോഗ്യ റജിസ്റ്റർ' കാലാകാലങ്ങളിൽ പുതുക്കി എഴുതിയിട്ടില്ല. തങ്ങളുടെ ഗൃഹ സന്ദർശന വേളയിൽ ശേഖരിച്ചെടുക്കേണ്ട അടിസ്ഥാന വിവരങ്ങളായ ജനനം, മരണം, മരണ കാരണം, ശിശുമരണം, ചാപിള്ള ജനനം എന്നിവ ശരിയായ രീതിയിലും ചിട്ടയായും എഴുതി സൂക്ഷിച്ചിട്ടില്ല. അതുപോലെ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള പകർച്ച രോഗങ്ങൾ, പൊതു രോഗങ്ങൾ ഇവയുടെ സത്യസന്ധമായ വിവരവും ലഭ്യമല്ല. ഇവയെല്ലാം എഴുതി സൂക്ഷിക്കുന്നതിന് ആവശ്യമായ റജിസ്റ്ററുകൾ ലഭിക്കുന്നില്ല എന്നതും പോരായ്മയാണ്. ആശുപത്രിയുടെ ഒരു വർഷത്തെ പ്രവർത്തനത്തിന് ആവശ്യമായ മരുന്നുകൾ ലഭിയ്ക്കുന്നില്ല. ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനവും വേണ്ടത്ര ഫലപ്രദമല്ല. പല ആരോഗ്യ ഉപ കേന്ദ്രത്തിലും വൈദ്യുതി കണക്ഷൻ, ജലലഭ്യത, വേണ്ടത്ര ഫർണിച്ചർ ഇവ ലഭ്യമല്ല. റിക്കാർഡുകൾ എഴുതി സൂക്ഷിക്കുന്നതിനുള്ള റജിസ്റ്ററുകളും ലഭിക്കുന്നില്ല. ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രവർത്തനവും വേണ്ടത്ര ഫലപ്രദമല്ല. കാലാകാലങ്ങളിൽ ഭക്ഷണ പാനീയ സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനോ ആരോഗ്യ വിദ്യാഭ്യാസം ഫലപ്രദമായി നടത്തുന്നതിനോ ഇവർക്ക് കഴിയുന്നില്ല. ഈ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പിൻബലവും പങ്കാളിത്തവും വേണ്ടത്ര അനുഭവപ്പെടുന്നില്ല. ഇവർക്ക് വേണ്ടത്ര റജിസ്റ്ററുകളോ ഇരിക്കുന്നതിന് ഒരു ആസ്ഥാനമോ ഇന്ന് ലഭ്യമല്ല. ആഹാരസാധനങ്ങളിലെ മായം ചേർക്കൽ തടയുന്നതിനുള്ള ഫുഡ് ഇൻസ്പെക്ടർമാരുടെ പ്രവർത്തനവും വേണ്ടത്ര തൃപ്തികരമായല്ല നടക്കുന്നത്. മൊത്തത്തിൽ ആരോഗ്യരംഗത്തെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല.

## ആയുർവേദ ആശുപത്രി

ഈ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിൽ ആദ്യമായി ആരംഭിച്ച ചികിത്സാ സ്ഥാപനമാണ് നമ്മുടെ ആയുർവേദ ആശുപത്രി. വളരെക്കാലം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം 1995-ൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. സ്വന്തം കെട്ടിടം ഉണ്ടെങ്കിലും കിണർ, വൈദ്യുതി കണക്ഷൻ, ഇവ ഇല്ല. 4 ക്വാട്ടകളിലായി ലഭിക്കുന്ന മരുന്ന് തീരെ അപര്യാപ്തമാണ്. രോഗചികിത്സക്ക് എത്തുന്നവരിൽ വലിയൊരളവ് വാതരോഗികളാണ്. ലഭിയ്ക്കുന്ന മരുന്നിൽ വാതരോഗ ചികിത്സക്ക് ആവശ്യമായ എണ്ണ, കുഴമ്പ്, കഷായം ഇവ തീരെ അപര്യാപ്തമാണ്. അതുപോലെ കിട്ടുന്ന മരുന്ന് വർഷാവസാനം വരെ ഉപയോഗിക്കാൻ തികയുന്നില്ല. ആയുർവേദ ആശുപത്രിയുടെ സമീപം സ്ഥലം കണ്ടെത്തി പ്രാഥമികാരോഗ്യ കേന്ദ്രവും, ഒരു ഹോമിയോ ആശുപത്രിയും സ്ഥാപിച്ച് ഇവിടെ ഒരു ചികിത്സ സമുച്ചയം ഉണ്ടാക്കാവുന്നതാണ്.

## ആരോഗ്യ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | സ്ഥാപനത്തിൻെറ പേര് | കെട്ടിടം സ്വന്തം/വാടക | ജീവനക്കാർ എണ്ണം |
|---|---|---|---|
| 1. | പ്രാഥമികാരോഗ്യ കേന്ദ്രം | വാടക | 8 |
| 2. | ആരോഗ്യ ഉപകേന്ദ്രം അടൂർമല, കൂവപ്പള്ളി കൂവപ്പള്ളി | സ്വന്തം | 5 |
| 3. | ആയുർവേദ ആശുപത്രി | സ്വന്തം | 4 |
| | ആകെ | | 17 |

## ജനന മരണം സംബന്ധിച്ച വിവരങ്ങൾ

| വർഷം | ജനനം | മരണം | റേറ്റ് 1000-ത്തിന് ജനനം | റേറ്റ് 1000-ത്തിന് മരണം |
|---|---|---|---|---|
| 1993-94 | 10 | 40 | 1 | 3.6 |
| 1994-95 | 3 | 45 | .2 | 4.1 |
| 1995-96 | 13 | 53 | 1.1 | 4.8 |

## പകർച്ച വ്യാധികൾ സംബന്ധിച്ച വിവരങ്ങൾ

| വർഷം | ജലജന്യം | വായുജന്യം | പ്രാണിജന്യം | മറ്റുള്ളവ |
|---|---|---|---|---|
| 93-94 | 85 | 45 | 35 | 48 |
| 94-95 | 93 | 48 | 32 | 63 |
| 95-96 | 96 | 53 | 42 | 65 |

## രോഗികളും രോഗ വിവരവും സംബന്ധിച്ച വിവരം

| വർഷം | O.P. (1) P.H.C. (2).ആയൂർ | രോഗങ്ങൾ സംബന്ധിച്ച വിവരം | | | | പ്രതിവർഷം എണ്ണം |
|---|---|---|---|---|---|---|
| | | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | മറ്റുള്ളവ | |
| 92–93 | 10971 | 814 | 62 | 10 | 10075 | 10971 |
| | 13442 | 673 | 10753 | – | 2016 | 1342 |
| 93–94 | 6368 | 281 | 35 | 12 | 6040 | 6368 |
| | 18874 | 943 | 15100 | – | 2831 | 18874 |
| 94–95 | 8628 | 241 | 35 | 14 | 8338 | 8628 |
| | 17609 | 881 | 14087 | – | 2641 | 17609 |
| 95–96 | 5868 | 285 | 28 | 8 | 5547 | 5868 |
| | 17596 | 879 | 14078 | – | 2639 | 17596 |
| **ആകെ** | **99356** | **4997** | **54178** | **44** | **40127** | **99356** |

## സാദ്ധ്യതകൾ

1. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം, വാർഡ്, സ്റ്റാഫ് ക്വാർട്ടേഴ്സ് ഇവ പണിയുക.

2. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കുക.

3. ആരോഗ്യ ഉപകേന്ദ്രത്തിൽ ശുദ്ധജലം, വൈദ്യുതി, റിക്കാർഡുകൾ, പ്രഥമ ചികിത്സക്ക് ആവശ്യമായ മരുന്ന് ഇവ നൽകി പ്രവർത്തനം മെച്ചപ്പെടുത്തണം.

4. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ആസ്ഥാനം നൽകുകയും റിക്കാർഡുകൾ നൽകുകയും ചെയ്യുക.

5. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ആവശ്യമായ മരുന്നുകൾ വേണ്ടത്ര നൽകുക.

6. പഞ്ചായത്തിലെ 15–45 വയസ്സിൽ താഴെ പ്രായമുള്ള മുഴുവൻ ജനങ്ങളുടെയും രക്തഗ്രൂപ്പ് നിർണ്ണയം നടത്തി ലിസ്റ്റ് പഞ്ചായത്തിൽ സൂക്ഷിക്കുക.

7. ആയുർവേദ ആശുപത്രിയിൽ ശുദ്ധജലം ലഭിക്കുന്നതിനും കറൻറ് കണക്ഷൻ, ചുറ്റുമതിൽ, ഫോൺ കണക്ഷൻ ഇവ സ്ഥാപിക്കുക.

8. വാതരോഗ ചികിത്സക്ക് ആവശ്യമായ എണ്ണ, കുഴമ്പ്, കഷായം ഇവയുടെ ക്വാട്ട 3 ഇരട്ടിയാക്കി വർദ്ധിപ്പിക്കുക.

9. പഞ്ചായത്ത് തലത്തിൽ ആരോഗ്യ സമിതികൾ സ്ഥാപിക്കുകയും ആരോഗ്യ പ്രവർത്തനത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യണം.

10. പഞ്ചായത്തിൽ ചികിത്സാ സൗകര്യം കുറവായ ഒന്നാം വാർഡിൽ ചക്കിക്കാവിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

11.. പഞ്ചായത്തിലെ തരിശ് പ്രദേശത്ത് ഔഷധ ച്ചെടികൾ വച്ച് പിടിപ്പിക്കുക.

12. ഒന്നാം വാർഡിൽ ചക്കിക്കാവിൽ ഒരു ആരോഗ്യ ഉപകേന്ദ്രം സ്ഥാപിക്കുക.

## ശുചിത്വം കുടിവെള്ളം

കുടിവെള്ളവും ശുചിത്വവും പരസ്പരം ബന്ധപ്പെട്ട കാര്യങ്ങളാണ്. വ്യക്തി ശുചിത്വത്തിൽ നമ്മൾ വളരെ മുൻപന്തിയിലാണെങ്കിലും സാമൂഹ്യ ശുചിത്വത്തിന്റെ കാര്യത്തിൽ നമ്മൾ വളരെ പിന്നിലാണ്. നമ്മുടെ പഞ്ചായത്തിൽ വളരെയേറെ പ്രദേശത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക്

വിശകലനം ചെയ്തതിൽ നമ്മുടെ പ്രദേശത്ത് ജലജന്യ രോഗങ്ങളും വായുജന്യ രോഗങ്ങളും പ്രാണിജന്യ രോഗങ്ങളും വർദ്ധിച്ചുവരുന്നതായി കാണാം. കുടിവെള്ള പ്രശ്നം, പരിസര ശുചിത്വമില്ലായ്മ, വേണ്ടത്ര അറിവില്ലായ്മ, ഇവയാണ് ഇതിനുള്ള മുഖ്യകാരണം. മൊത്തം 70% വീടുകളിലും കക്കൂസുകൾ ഉണ്ടെങ്കിലും ഇതിൽ 40 % വീടുകളിലാണ് യഥാർത്ഥ സാനിട്ടറി ടൈപ്പ് കക്കൂസുകൾ ഉള്ളത്. 30% വീടുകളിൽ തീരെ കക്കൂസും ഇല്ല. അറവ്ശാല ഇല്ലായ്മ, ടൗൺഭാഗത്ത് കംഫർട്ട് സ്റ്റേഷൻ ഇല്ലായ്മ, പ്രധാന കേനദ്രങ്ങളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നത്, റോഡുവക്കിലെ മംസ വിൽപന, കാനകളിലെ മാലിന്യങ്ങൾ എന്നിവയാണ് ഇവിടത്തെ മുഖ്യപ്രശ്നങ്ങൾ.

1. സാനിട്ടറി കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകളിലും അവ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകണം.
2. കാഞ്ഞാർ, കോളപ്ര ടൗൺ പ്രദേശത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് സംവിധാനം ഉണ്ടാക്കുകയും യഥാവസരം ഇവ നീക്കം ചെയ്യുന്നതിനു പദ്ധതി വേണം.
3. പഞ്ചായത്തിൽ ഒരു അറവുശാല നിർമ്മിക്കുകയും സ്ലാട്ടർ അവിടെ വച്ച് മാത്രം നടത്തുകയും ചെയ്യുക.
4. ലക്ഷംവീടു കോളനി, മറ്റ് ഹരിജൻ കോളനി എന്നിവിടങ്ങളിൽ സൗജന്യമായി സാനിട്ടറി കക്കൂസുകൾ സ്ഥാപിച്ചു കൊടുക്കണം.
5. കാഞ്ഞാർ ടൗൺ, കോളപ്ര എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ച് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുകയും ആയത് ലേലം ചെയ്ത് പഞ്ചായത്തിന് ധനാഗമം ഉണ്ടാക്കുകയും ചെയ്യാം.
6. ആറ്, തോട് ഇവയിൽ നഞ്ച് കലക്കിയും തോട്ട ഇട്ടും മത്സ്യം പിടിക്കുന്നത് നിയമം മൂലം തടയേണ്ടതാണ്.
7. കുളിക്കടവുകളിൽ വാഹനം കഴുകി ജലമലിനീകരണം നടത്തുന്നവരെ നിയമം മൂലം തടയുക.
8. പഞ്ചായത്തിൽ ഒരു ശ്മശാനം നിർമ്മിക്കേണ്ടതാണ്.
9. പഞ്ചായത്ത് ഓഫീസിന് സമീപം കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യണം.
10. ലക്ഷംവീടു കോളനിയിലെ കിണർ, കുളി, തുണി അലക്ക് ഇവ മൂലം മലിനപ്പെടുന്നു. ഇവക്ക് പരിഹാരം ഉണ്ടാക്കണം.
11. പഞ്ചായത്തിൽ മത്സ്യ വിപണനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.
12. ശരംകുത്തിയിൽ പ്രവർത്തിക്കുന്ന അംഗൻവാടിക്ക് കക്കൂസ് നിർമ്മിച്ചു നൽകണം.
13. പഞ്ചായത്തിൽ ഒരു പാർക്ക് നിർമ്മിക്കണം. ഇതി ടൂറിസത്തെ വളർത്താൻ ഉപകരിക്കും.
14. മദ്യം, മയക്കുമരുന്ന്, പുകവലി, ഇവയ്ക്ക് എതിരായ ബോധവൽക്കരണം നടത്തണം.
15. കൊതുക്, എലി നശീകരണ പ്രവർത്തനത്തിനും പേവിഷ ബാധക്കുമെതിരായ പ്രവർത്തനത്തിനു മുൻതൂക്കം നൽകണം.
16. കുളിക്കടവുകൾ വേണ്ട സ്ഥലങ്ങളിൽ അവ നിർമ്മിക്കണം.

## കുടിവെള്ളം

നമ്മുടെ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കുടിവെള്ളം ഒരു പ്രധാന വിഷമയമാണ്. 8–ാംം വാർഡ് ഒഴിച്ച് ഒരിടത്തും ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതി നടപ്പിൽ ഇല്ല. കൂവപ്പള്ളി, അടൂർമല, മോർക്കാട്, പന്തപ്ലാവ്, മുതിയാമല തുടങ്ങിയ ഒട്ടേറെ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്. കുടയത്തൂർ ശുദ്ധ ജല വിതരണ പദ്ധതി എന്നൊരു പദ്ധതി തുടങ്ങിവച്ചിട്ടുണ്ടെങ്കിലും പദ്ധതിയുടെ പ്രവർത്തനം വേണ്ടത്ര സ്പീഡിൽ പുരോഗമിക്കുന്നില്ല.

## സാദ്ധ്യതകൾ

1. നിർമ്മാണത്തിലിരിക്കുന്ന കുടയത്തൂർ ജലവിതരണ പദ്ധതി മുൻഗണന ക്രമത്തിൽ പൂർത്തീകരിക്കുകയും പൈപ്പ് നീട്ടി ഇട്ടിട്ടില്ലാത്ത പ്രദേശത്തു കൂടി പൈപ്പ് സ്ഥാപിച്ച് ജലവിതരണം നടത്തുകയും ചെയ്യണം
2. നിരവധി ചെറുകിട കുടിവെള്ള പദ്ധതികൾ സ്ഥാപിക്കാൻ ഈ പഞ്ചായത്തിൽ സാദ്ധ്യത ഉണ്ട്.
3. കൂവപ്പള്ളി, മോർക്കാട്, പന്തപ്ലാവ്, അടൂർമല, കാക്കൊമ്പ്, മുതിയാമല എന്നിവടങ്ങളിൽ കുഴൽകിണറിന് സാദ്ധ്യത ആരായണം.
4. നിലവിലുള്ള കുഴൽ കിണറുകളിൽ നിന്നും മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്ത് ജലവിതരണം നടത്തണം.
5. 6–ാം വാർഡിലെ പാത്തിക്കൽ കോളനി, 5–ാം വാർഡിലെ അടൂർമല, 7–ാം വാർഡിലെ പുല്ലുന്നുപാറ, 8–ാം വാർഡിലെ കൈപ്പ ഹരിജൻ കോളനി എന്നീ മേഖലകളിലേക്ക് പൈപ്പ് ലൈൻ നീട്ടണം.
6. നിലവിലുള്ള പൊതുകിണറുകൾ ജനപങ്കാളിത്വത്തോടെ നന്നാക്കി എടുക്കേണ്ടതാണ്.
7. ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ലോറിയിൽ ജലം എത്തിക്കണം.
8. ജലവിതരണ പദ്ധതി പൂർത്തീകരിക്കുമ്പോൾ ഹൗസ് കണക്ഷനുകൾ നൽകാൻ പദ്ധതി വേണം.
9. ഒന്നാം വാർഡിൽ ചക്കിക്കാവിൽ നിർമ്മിച്ചിരിക്കുന്ന കുളത്തിന്റെ സംഭരണ ശേഷി വർദ്ധിപ്പിച്ച് മോർക്കാട് കറ്റിയാമല, വെങ്കട്ട തുടങ്ങിയ സ്ഥലങ്ങളിൽ ജലവിതരണം

നടത്താൻ കഴിയണം.

10. വെള്ളിയാമറ്റം സ്കീമിൽ നിന്നും കാഞ്ഞാർ വരെ വന്നു നിൽക്കുന്ന പൈപ്പ് ലൈൻ കറ്റ്യാമലക്ക് നീട്ടണം.

11. ശരംകുത്തി അടൂർമല റോഡിൽ പൈപ്പ് ഇട്ട് ലക്ഷം വീടു കോളനിയിൽ ജലം എത്തിക്കണം.

12. വില്ലേജ് ഓഫിസ്, എം.എം. ഹോസ്പിറ്റൽ, പള്ളി ജംഗ്ഷൻ, പാലം ജംഗ്ഷൻ, പഞ്ചായത്ത് പടി എന്നിവിടങ്ങളിൽ പൊതുടാപ്പ് സ്ഥാപിക്കണം.

13. ചെമ്മണ്ടൂർ തോട്ടിലെ പഞ്ചായത്ത് ഓലി ലക്ഷംവീടു കോളനിയിലെ ഓലി, ഒലിപ്പുറം ഓലി ഇവ സംരക്ഷിച്ച് ജലവിതരണം നടത്തണം.

14. ശരംകുത്തി അമ്പലംഭാഗം, കുടയത്തൂർ മുസ്ലീം പള്ളി, പഞ്ചായത്ത് പടി എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുക.

15. മോർക്കാട് സ്കൂൾ പരിസരത്ത് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തണം.

16. കോഴിക്കുന്നേൽ ഭാഗത്ത് നിലവിലുള്ള ടാങ്ക് പുതുക്കി പണിത് ജലവിതരണം നടത്തണം. നീറങ്ങാട്ട് തോട്ടിലെ ടാങ്കും പുതുക്കി പണിയേണ്ടതാണ്. അടൂർമല C.S.I. പള്ളി ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തണം.

17. കാക്കൊമ്പിൽ ടാങ്ക് നിർമ്മിച്ച് കോളപ്രയിൽ നിന്നും വെള്ളം പമ്പു ചെയ്യണം.

18. നിർദ്ദിഷ്ഠ കുടയത്തൂർ ശുദ്ധജല പദ്ധതിയുടെ പൈപ്പ് ലൈൻ ശങ്കരപ്പിള്ളി, തലയനാട് ഭാഗത്തേക്ക് കൂടി നീട്ടേണ്ടതാണ്.

19. പാത്തിക്കൽ പട്ടികവർഗ്ഗ കോളനിയിൽ ശുദ്ധജലം എത്തിക്കാൻ പദ്ധതി വേണം.

20. പുല്ലൂന്നുപാറയിൽ അനുവദിച്ചിട്ടുള്ള ജലവിതരണ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിൽ വരുത്തുക.

21. ആനക്കയം ഭാഗത്ത് M.V.I.P. കാച്ച്മെൻറ് ഏരിയായിൽ ഒരു കുളം / കിണർ നിർമ്മിച്ച് പമ്പ് സ്ഥാപിച്ച് പുല്ലുന്നുപാറ, കൂവേൽഭാഗം, മുതിയാമല കോളനി മെയിൻ റോഡ് ഭാഗം എന്നിവിടങ്ങളിൽ ജല വിതരണം നടത്തണം.

22. മന്ദിരം പാറ ടാങ്കിൽ നിന്നുമുള്ള പൈപ്പ് ലൈൻ മണ്ഡപത്തിപാറ വരെ നീട്ടുക.

23. ഞരളംപുഴ കക്കിയക്കാട്ട് പറമ്പിൽ ടാങ്ക് നിർമ്മിച്ച് കൈപ്പ സ്കൂൾ പരിസരം, ഉപ്പിട്ടുപാറ എന്നിവിടങ്ങളിൽ വെള്ളം എത്തിക്കുക.



# വിദ്യാഭ്യാസം

കുടയത്തൂർ പഞ്ചായത്തിലെ മിക്കവാറും വിദ്യാലയങ്ങളിൽ സ്വാതന്ത്ര്യ പ്രാപ്തിക്കു മുമ്പേ ഉണ്ടായിരുന്നവയാണ്. കുടയത്തൂർ ഗവ. ഹൈസ്കൂളിന് ഏതാണ്ട് ഒന്നര നൂറ്റാണ്ട് പഴക്കമുണ്ട്. കുടയത്തൂർ, കോളപ്ര എന്നിവിടങ്ങളിലെ ലൈബ്രറികൾക്ക് 50 വർഷത്തിലേറെ പഴക്കമുണ്ട്. ഈ പഞ്ചായത്തിൽ രണ്ടു ഹൈസ്കൂളുകളും ഏഴ് എൽ.പി. സ്കൂളുകളും മൂന്ന് വായനശാലകളുമാണുള്ളത്.

വിദ്യാർത്ഥികൾ ഗണ്യമായ ഒരു ശതമാനം പഞ്ചായത്തിനു വെളിയിലുള്ള സ്കൂളുകളിൽ പോകുന്നുണ്ട്. ചെറിയ ഒരു ശതമാനം വെളിയിൽ നിന്നു വരുന്നുമുണ്ട്.

| | | |
|---|---|---|
| എൽ.പി. സ്കൂളിലേക്ക് കൂടിയ ദൂരം | | 4 കി.മി. |
| യു.പി. സ്കൂളിലേക്ക് | ,, | 5 കി.മീ |
| ഹൈസ്കൂളിലേക്ക് | ,, | 5 കി. മീ |

സ്കൂളുകളെ കൂടാതെ രണ്ടു ട്യൂഷൻ സെൻററുകളും ഒരു പാരലൽ കോളേജും പ്രവർത്തിക്കുന്നുണ്ട്.

അടൂർമല, മോർക്കാട്, മുതിയാമല എന്നീ ഘ.ജ. സ്കൂളുകൾ അൺ ഇക്കണോമിക് ആയി വക തിരിച്ചിരിക്കുന്നു. നാല് എൽ.പി. സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം (ടഠഉ ക-ഉം, കക-ഉം) നിലനിൽക്കുന്നു.

## വിദ്യാഭ്യാസ നിലവാരം

വിദ്യാഭ്യാസ നിലവാരം പൊതുവേ മോശമാണെന്ന പരാതിയുണ്ട്. മെച്ചപ്പെടുത്തുന്നതിനു വേണ്ടി വർഷങ്ങൾക്കു മുമ്പ് തുടങ്ങിയ ഒരദ്ധ്യാപക പ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ മാതൃസംഗമം, ക്ലാസ് റൂം, P.T.A., അദ്ധ്യാപക പരിശീലനം, മൽസര പരീക്ഷകൾ, ഓഡിയോ കാസറ്റുകൾ, ഹാൻഡ് ബുക്കുകൾ എന്നിവ ഏർപ്പെടുത്തിയിരിക്കുന്നു.

### S.S.L.C. വിജയ ശതമാനം (പട്ടിക - 3)

| വർഷം | ഗവ. H.S. കുടയത്തൂർ | C.M.S.H.S. കൂവപ്പിള്ളി |
|---|---|---|
| 1992 | 43% | 90% |
| 1993 | 46% | 66.6% |
| 1994 | 61% | 44% |
| 1995 | 48% | 90% |
| 1996 | 53% | 73% |

ഏകദേശം 6% കുട്ടികൾ മാത്രമാണ് 30%-ൽ കുറഞ്ഞ മാർക്ക് വാങ്ങിയിട്ടുള്ളതെന്ന് സ്കൂൾ റിക്കാർഡുകളിൽ കാണുന്നു.

## കൊഴിഞ്ഞുപോക്ക്

ഒന്നാം ക്ലാസിൽ ചേരുന്ന കുട്ടികളിൽ 60% മാത്രമേ പത്താം ക്ലാസിൽ എത്തുന്നുള്ളൂ. കഴിഞ്ഞ സ്കൂൾ വർഷത്തിൽ ഏഴു കുട്ടികളാണ് കൊഴിഞ്ഞു പോയിട്ടുള്ളത്. അതിൽ നാലെണ്ണം ട.ഇ/ട.ഠ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളാണ്.

## പ്രീപ്രൈമറി

14 അംഗൻവാടികളും രണ്ടു സ്വകാര്യ നഴ്സറി സ്കൂളുകളുമാണ് ഉള്ളത്. 1310 കുട്ടികൾ പ്രീപ്രൈമറി പ്രായപരിധിക്കുള്ളിൽ ഉണ്ട്. എന്നാൽ 444 പേർക്കേ വിദ്യാഭ്യാസ സൗകര്യം ലഭിക്കുന്നുള്ളൂ. 65 % കുട്ടികൾക്കും പ്രീപ്രൈമറി വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു.

| Sl. No. | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 1 | S.M.S.H.S കൂവപ്പിള്ളി | എയിഡഡ് | 155 | 129 | 284 | 1 | 13 | 14 |
| 2 | ഗവ: L.P.S മോർക്കാട് | ഗവ: | 8 | 5 | 13 | 0 | 3 | 3 |
| 3 | ഗവ: ന്യൂ L.P.S കുടയത്തൂർ | ഗവ: | 66 | 71 | 137 | 2 | 4 | 6 |
| 4 | G.H.S കുടയത്തൂർ | ഗവ: | 227 | 216 | 443 | 5 | 15 | 20 |
| 5 | സരസ്വതി ശിശുമന്ദിരം കുടയത്തൂർ | അംഗീകാരമില്ലാത്ത | 44 | 47 | 91 | 1 | 5 | 6 |
| 6 | C.M.S L.P.S അടൂർമല | എയിഡഡ് | 14 | 20 | 34 | 2 | 1 | 3 |
| 7 | G. L.P.S കോളപ്ര | ഗവ: | 98 | 90 | 188 | 2 | 5 | 7 |
| 8 | S.A.L.P.S കുടയത്തൂർ | എയിഡഡ് | 64 | 78 | 137 | 0 | 4 | 4 |
| 9 | G. L.P.S മുതിയാമല | ഗവ: | 12 | 6 | 18 | 0 | 3 | 3 |
| | ആകെ | | 668 | 657 | 1345 | 13 | 43 | 66 |

## സാങ്കേതിക വിദ്യാഭ്യാസം

പഞ്ചായത്തിൽ മൂന്ന് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മാത്രമേ ഉള്ളൂ.

## ഭൗതിക സാഹചര്യങ്ങൾ

S.A.L.P.S. ഒഴികെ എല്ലാ സ്കൂളുകൾക്കും കെട്ടിടങ്ങൾ ആവശ്യത്തിന് ഉണ്ട്. ഹാളുകൾ മുറികളാക്കി തിരിക്കുന്നത് വിദ്യാഭ്യാസ നിലവാരം മെച്ചമാക്കാൻ സഹായിക്കും. എൽ.പി. സ്കൂളുകളിൽ ഒന്നിനും ആവശ്യത്തിന് ഡസ്കില്ല. എല്ലാ സ്കൂളുകളിലും മേശ, അലമാര, ഡസ്ക്, കസേര മുതലായവ ആവശ്യത്തിനില്ല. ലാബ്, ലൈബ്രറി സൗകര്യങ്ങൾ പരിമിതമാണ്. കുടയത്തൂർ എച്ച്.എസ്., ന്യൂ എൽ.പി.എസ്. കോളപ്ര എൽ.പി.എസ്., മോർക്കാട് എൽ.പി.എസ്., സരസ്വതി വിദ്യാഭവൻ എന്നിവിടങ്ങളിൽ കക്കൂസും മൂത്രപ്പുരയും വേണ്ടത്ര ഇല്ല. മിക്ക സ്കൂളുകളുടെയും മേൽക്കൂര അടിയന്തരമായി പൊളിച്ചു പണിയേണ്ടതാണ്. കുടയത്തൂർ എച്ച്.എസിന്റെ രണ്ടാംനില അപകടത്തിലാണ്. എല്ലാ സ്കൂളുകൾക്കും കളിസ്ഥലത്തിന്റെ പരിമിതി ഉണ്ട്. ഉച്ചഭക്ഷണത്തിന്റെ കാര്യത്തിൽ വിറകിന്റെ പരിമിതി ഉണ്ട്.

## ഗ്രന്ഥശാലകൾ

കാഞ്ഞാർ, കുടയത്തൂർ, കോളപ്ര, കൂവപ്പിള്ളി എന്നിവിടങ്ങളിൽ മാത്രമേ ലൈബ്രറികൾ ഉള്ളൂ. എല്ലാ വാർഡുകളിലും ലൈബ്രറികൾ വേണം. ചില വാർഡുകളിൽ ഒന്നിലേറെ വേണം.

## സാക്ഷരത

സാക്ഷരതാ പ്രവർത്തനം നാമമാത്രമാണ്. ഇത് വ്യാപകമാക്കണം. ഇടയ്ക്കുവച്ച് പഠനം നിർത്തിയ ആളുകൾക്ക് തുടർവിദ്യാഭ്യാസം ആവശ്യമാണ്.

## പ്രശ്നങ്ങൾ

1. ഹെഡ്മാസ്റ്റർമാർക്ക് അദ്ധ്യാപനത്തോടൊപ്പം ഓഫീസ് ജോലി ഉള്ളതു കൊണ്ട് പഠനത്തെ ബാധിക്കുന്നു. പുരുഷ അദ്ധ്യാപകരുടെ എണ്ണം വളരെ കുറവാണ്. ചില എൽ.പി. സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായമാണുള്ളത്.
2. ആവശ്യത്തിന് കളിസ്ഥലം ഒരു സ്കൂളിനും ഇല്ല.
3. ഫർണിച്ചർ, കുടിവെള്ളം, മൂത്രപ്പുര, കക്കൂസ് മുതലായ

ഭൗതിക സൗകര്യങ്ങൾ മിക്ക സ്കൂളിനും ഇല്ല

4. ചക്കിക്കാവ്, വെങ്കിട്ട, കാഞ്ഞാർ പ്രദേശങ്ങളിൽ വിദ്യാഭ്യാസ സൗകര്യമില്ല.

5. സ്കൂളുകൾക്ക് ചുറ്റുമതിൽ ഇല്ലാത്തതിനാൽ സാമൂഹ്യ വിരുദ്ധർ നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.

6. ലാബ്, ലൈബ്രറി, പഠനോപകരണങ്ങൾ വളരെ പരിമിതമാണ്.

7. മിക്ക സ്കൂളുകളിലും യഥാസമയം അറ്റകുറ്റപണികൾ നടക്കുന്നില്ല.

8. അദ്ധ്യാപകർ ദൂര സ്ഥലങ്ങളിൽ നിന്നു വരുന്നത് പഠന നിലവാരത്തെ ബാധിക്കുന്നു.

9. പിന്നോക്ക ഗിരിവർഗ്ഗ മേഖലകളിലെ സ്കൂളുകൾ അൺ എക്കണോമിക്ക് ആണ്.

10. കലാ-കായിക അദ്ധ്യാപകർ മിക്ക സ്കൂളിലുമില്ല. സാഹിത്യസമാജം, സ്പോർട്സ്, പ്രവൃത്തി പരിചയം, സ്കൂൾ മാസിക തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങൾ ചുരുക്കം സ്കൂളുകളിലെ വേണ്ടത്രയുള്ളൂ.

11. വീഡിയോ സൗകര്യങ്ങൾ ഒരു സ്കൂളിലുമില്ല. ഓഡിയോ സൗകര്യമുള്ളിടത്ത് വേണ്ടത്ര ഉപയോഗിക്കുന്നില്ല.

12. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സഹായകമായ മാതൃസംഗമം, ക്ലാസ് റൂം, പി.ടി.എ. മുതലായവ എല്ലാ സ്കൂളുകളിലും ഫലപ്രദമായി നടക്കുന്നില്ല.

13. മുഴുവൻ കുട്ടികളും സെക്കൻഡറി തലം പൂർത്തിയാക്കാറില്ല.

14. തൊഴിൽ അധിഷ്ഠിത കോഴ്സുകൾ വിരളമാണ്.

15. ഉച്ചഭക്ഷണ പരിപാടിക്ക് സാമ്പത്തിക ഞെരുക്കം ഉണ്ട്

16. 65% കുട്ടികളും നേഴ്സറി വിദ്യാഭ്യാസത്തിൽ നിന്ന് ഒഴിവാകുന്നു

17. അംഗൻവാടികൾ മിക്കതിനും സ്വന്തം കെട്ടിടം, പഠനോപകരണങ്ങൾ എന്നിവ ഇല്ല. പ്രവർത്തകരുടെ വരുമാനം തുച്ഛമാണ്.

18. 2, 3, 6 എന്നീ വാർഡുകളിലെ വായനശാലകൾക്ക് ഉള്ള കെട്ടിടം, ഫർണിച്ചർ മുതലായവ ആവശ്യത്തിനില്ല.

19. സാക്ഷരത പ്രസ്ഥാനം നിർജ്ജീവമാണ്.

20. സരസ്വതി വിദ്യാലയത്തിന് അംഗീകാരം ലഭിച്ചിട്ടില്ല.

## സാദ്ധ്യതകൾ

1. സ്കൂളിൻെറ വികസന ജോലി, അറ്റകുറ്റപണികൾ എന്നിവ പി.ടി.എ.യേ ഏൽപ്പിക്കുക.

2. പി.ടി.എ. ക്കു വരുമാനം ഉണ്ടാക്കുന്നതിനു വേണ്ടി സ്കൂള് കോമ്പൗണ്ടിൽ ഹ്രസ്വകാല വിളകൾ കൃഷി ചെയ്യാൻ അനുവദിക്കുക.

3. പി.ടി.എ., മാതൃസംഗമം നിർബന്ധിതവും അധികാരങ്ങളുള്ളതുമായിരിക്കണം.

4. ഓരോ സ്കൂളിനും വികസന സമിതി രൂപീകരിക്കണം.

5. പഞ്ചായത്തിൻെറ തടികൾ, ഫർണിച്ചർ നിർമ്മാണത്തിനു വേണ്ടി പി.ടി.എ. ക്കു സൗജന്യമായി കൊടുക്കുക.

6. മൂത്രപ്പുര, കക്കൂസ്, ചുറ്റുമതിൽ മുതലായവയുടെ നിർമ്മാണത്തിൽ ഉ.ഞ.ഉ.അ. പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്നതിനുള്ള പദ്ധതികളെക്കുറിച്ച് പി.ടി.എ.ക്ക് യഥാസമയം അറിവുകൊടുക്കാനുള്ള സംവിധാനം ഉണ്ടാകണം.

7. ലാബ്, ലൈബ്രറി തുടങ്ങിയവക്കു വേണ്ടി വിദ്യാഭ്യാസ നിധി സംഭരിക്കണം

8. സ്കൂൾ കോംപ്ലക്സ് സ്ഥാപിക്കുക. അവയ്ക്ക് അക്കാദമിക്ക് പരിഷ്കാരങ്ങളും സമയബന്ധിത പാഠ്യേതര പ്രവർത്തനങ്ങളും നടത്തുന്നതിന് അവകാശം ഉണ്ടായിരിക്കണം.

9. പഞ്ചായത്ത് തല അക്കാദമിക് കമ്മിറ്റി രൂപീകരിക്കുക.

10. ഓരോ സ്കൂളിലും അഡീഷണൽ അദ്ധ്യാപകരെ നിയമിക്കുക

11. കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനു വേണ്ട ശ്രമദാനങ്ങൾ സംഘടിപ്പിക്കുക.

12. വെങ്കിട്ട, ചക്കിക്കാവ്, കാഞ്ഞാർ എന്നിവിടങ്ങളിൽ പുതിയ സ്കൂളുകൾ അനുവദിക്കുക.

13. സരസ്വതി ശിശുമന്ദിരത്തിന് അംഗീകാരം കൊടുക്കുക.

14. കുടയത്തൂർ ഒ.ട. നോടനുബന്ധിച്ച് പഞ്ചായത്തിൻെറ വികസനത്തെ സഹായിക്കുന്ന തരത്തിലുള്ള തൊഴിൽ അധിഷ്ഠിത ഹയർ സെക്കൻഡറി സ്കൂളോ പ്ലസ്ടുവോ ആരംഭിക്കുക.

15. സ്കൂളിലെ പാചകപ്പുരകൾക്ക് നല്ല അടുപ്പുകൾ നിർമ്മിക്കുക.

16. പ്രീപ്രൈമറി ക്ലാസുകളിൽ കുട്ടികളെ അയക്കുന്നതിനു വേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കുക. പ്രീപ്രൈമറി ക്ലാസുകൾ പുതിയതായി ആരംഭിക്കുകയും ഉള്ളവയ്ക്ക് അംഗീകാരം കൊടുക്കുകയും ചെയ്യുക.

17. സാക്ഷരതാ പ്രസ്ഥാനം ജനകീയവൽക്കരിച്ച് പുനരുജ്ജീവിപ്പിക്കുക.

| Sl. No. | സ്കൂളിൻെറ പേര് | ആകെ ഡിവിഷൻ | കെട്ടിടങ്ങൾ | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുള്ളവ | ഭൂമി | മൂത്രപ്പുരകൾ | | ഇനി ആവശ്യമുള്ളവ | നിലവിലുള്ള കക്കൂസ് | ഉപയോഗശൂന്യമായ കക്കൂസ് | കുടിവെള്ളം | വൈദ്യുതീകരണം | പാചക മുറി | സ്റ്റാഫ് | ഫർണിച്ചർ മതിയാകുമോ | ഇനി ആവശ്യം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധസ്ഥിരം | താല്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താല്കാലികം | | | | | | | | | | | | | ഡസ്ക്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1 | S.M.S.H.S കൂവപ്പിള്ളി | 10 | 2 | | | 15 | | | 1 | | 3 | 5 | 2 | 2 | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 10 | 2 | 3 | 2 |
| 2 | ഗവ: L.P.S മോർക്കാട് | 4 | 1 | | | 2 | | | | | 1 | 3 | | 1 | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | | | | | |
| 3 | ഗവ: ന്യൂ L.P.S കുടയത്തൂർ | 5 | 2 | | | 3 | | | 2 | | 1 | 5 | 1 | 1 | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 24 | 10 | 5 | 7 | 2 |
| 4 | G.H.S കുടയത്തൂർ | 13 | 5 | 1 | | 25 | 3 | | | | 1 | | 2 | 2 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | | | | 2 | അലമാരി |
| 5 | സരസ്വതി ശിശുമന്ദിരം കുടയത്തൂർ | 6 | 2 | | | 9 | | | 4 | ഉണ്ട് | 2 | 3 | 2 | 1 | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | | | 2 | അലമാരി |
| 6 | C.M.S L.P.S അടൂർമല | 4 | 1 | | | 2 | | | 3 | ഉണ്ട് | 1 | 6 | | 1 | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | | | | 4 | കസേര |
| 7 | G. L.P.S കോളപ്ര | 6 | 2 | | | 8 | | | | | | | 2 | – | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | | | | 2 | മേശ |
| 8 | S.A.L.P.S കുടയത്തൂർ | 5 | 1 | | | 6 | | | | ഉണ്ട് | 1 | 6 | | 1 | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | | | | 1 | അലമാരി |
| 9 | G. L.P.S മുതിയാമല | 4 | 1 | | | 5 | | | | | 1 | 3 | | 1 | | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | | | | | |

# സംസ്കാരം

ഭാരത സംസ്കാരത്തിൻെറ തുടിപ്പുകൾ എവിടെയും ദർശിക്കുവാൻ കഴിയുന്ന ഒരു പഞ്ചായത്താണ് കുടയത്തൂർ. നാനാജാതി മതസ്ഥർ ഇവിടെ ഉച്ചനീചത്വങ്ങളില്ലാതെ ഏകോദരസോദരങ്ങളായി ജീവിച്ചുവരുന്നു. വിവിധ മതങ്ങളുടെ ഉൽസവങ്ങളും തിരുനാളുകളും എല്ലാ ജന വിഭാഗങ്ങളും പരസ്പര സഹകരണത്തോടു കൂടി ആഘോഷിക്കുന്നു. കഥകളി, ഗരുഡൻതൂക്കം, ഓട്ടൻതുള്ളൽ, ഒപ്പന, തിരുവാതിരകളി, മാപ്പിളപ്പാട്ടുകൾ, കോലടിക്കളി, പരിചമുട്ടുകളി, കടുവകളി, പുള്ളുവൻപാട്ട്, കളമെഴുത്ത്, മുടിയേറ്റ്, ബാൻറുമേളം എന്നീ കലാരൂപങ്ങൾ ഇവിടെ നിലനിന്നിരുന്നു.

എന്നാൽ ഇപ്പോൾ ഇവയിൽ പലതും കേവലം ഔപചാരികതയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. പുരാതന കലാരൂപങ്ങളുടെ സ്ഥാനം ആധുനിക കലാരൂപങ്ങളായ ബ്രേക്ക് ഡാൻസ്, മിമിക്സ് പരേഡ്, മിമിക്സ് ഗാനമേള തുടങ്ങിയവ ഇന്ന് കൈയടക്കിയിരിക്കുന്നു. നാടൻ പന്തുകളി, കിളിത്തട്ട്, കോട്ടകളി തുടങ്ങിയ നാടൻ കായിക വിനോദങ്ങൾ ഇവിടെ നിലവിൽ ഉണ്ടായിരുന്നു.

വിസ്തൃതമായ പഞ്ചായത്തിലെ സാംസ്കാരിക കേന്ദ്രങ്ങൾ ഗ്രന്ഥശാലകളും കലാ-കായിക സംഘടനകളും ആകുന്നു. അതിവിസ്തൃതമായ ഈ പഞ്ചായത്തിൽ ഇപ്പോൾ നാലു വായനശാലകൾ മാത്രമാണ് ഉള്ളത്. ഉള്ളവ തന്നെ ആവശ്യത്തിനുള്ള സൗകര്യങ്ങളില്ലാത്തവയും. 1948-ൽ സ്ഥാപിതമായ കോളപ്രയിലെ ഗാന്ധി സ്മാരക ഗ്രാമീണ വായനശാലയ്ക്ക് സ്വന്തമായി സ്ഥലമില്ല. ജ.ണ.ഉ. പുറമ്പോക്കിലുള്ള കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. ആ ഗ്രേഡ് വായനശാല ആയ ഇവിടെ ആറോളം പത്രമാസികകളും 6,500 ഓളം പുസ്തകങ്ങളുമുണ്ട്. ഫർണിച്ചറുകളുടെ കുറവും സ്വന്തമായി സ്ഥലമില്ലാത്ത അവസ്ഥയും അടിയന്തരമായി പരിഹരിക്കണം. ഈസ്റ്റ് കുടയത്തൂരിൽ 1952-ൽ സ്ഥാപിച്ച കുടയത്തൂർ പബ്ലിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂം സ്വന്തമായ സ്ഥലത്തുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും കെട്ടിടത്തിൻെറ അവസ്ഥ ശോചനീയമാണ്. പൊതുജനപങ്കാളിത്തത്തോടു കൂടി പഞ്ചായത്ത് മുൻകൈ എടുത്ത് കെട്ടിടം പണിയണം. ആ ഗ്രേഡ് വായനശാലയായ ഇവിടെ ആറായിരത്തോളം പുസ്തകങ്ങൾ ഉണ്ട്. ഏകദേശം 300-ഓളം അംഗങ്ങൾ ഉണ്ടെങ്കിലും സ്ഥിരമായി പുസ്തകങ്ങൾ എടുക്കുന്നവർ കുറവാണ്. 50 വർഷത്തിലധികം പഴക്കമുള്ള കാഞ്ഞാർ പബ്ലിക് ലൈബ്രറി ആൻഡ് റീഡിംഗ് റൂമിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. 10000 -ഓളം പുസ്തകങ്ങൾ ഈ ഗ്രന്ഥശാലയിലുണ്ട്. എങ്കിലും കുറെ വർഷങ്ങളായി ഈ സ്ഥാപനത്തിന് ഗ്രാൻറ് ലഭിക്കുന്നില്ല. ഗ്രാൻറ് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ പഞ്ചായത്തും കൂടി താൽപര്യമെടുക്കണം.

1970-ൽ കൂവപ്പിള്ളിയിൽ സ്ഥാപിതമായ പബ്ലിക് ലൈബ്രറി ആൻഡ് സ്പോർട്സ് ക്ലബിന് സ്വന്തമായ സ്ഥലമോ കെട്ടിടമോ ഇല്ല. ഈ പഞ്ചായത്തിലെ ഇ ഗ്രേഡിൽപ്പെട്ട ഈ സ്ഥാപനത്തിന് സ്വന്തം കെട്ടിടം ഉണ്ടാക്കുന്നതിനു വേണ്ട നടപടികൾ പൊതുജനപങ്കാളിത്തത്തോടു കൂടി നടപ്പിലാക്കിയാൽ 1200-ഓളം പുസ്തകങ്ങളുള്ള ഈ സ്ഥാപനം നല്ലനിലയിൽ എത്തിച്ചേരും. ടി.വി., റേഡിയോ മറ്റു പ്രസിദ്ധീകരണങ്ങൾ വാങ്ങുവാൻ സാമ്പത്തിക സ്ഥിതിയില്ലാത്ത വായനശാലകൾക്ക് വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കണം. സ്ത്രീകൾക്ക് ഇപ്പോൾ നിലവിലുള്ള വായനശാലകളിൽ അർഹമായ സ്ഥാനം കിട്ടുന്നില്ല. അതുപോലെ തന്നെ സ്ത്രീകളുടെ ഇടയിൽ വായനാശീലം കുറവാണ്. ഇതു പരിഹരിക്കുന്നതിനായി സ്ത്രീകളിലും പുരുഷൻമാരിലും ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്. അതുപോലെ തന്നെ ഗ്രന്ഥശാലകൾക്ക് പഞ്ചായത്ത് ഗ്രാൻറ് അനുവദിക്കണം. പൊതുവേ പഞ്ചായത്തിലെ ജനങ്ങളിൽ വായനാശീലത്തിൽ കടുത്ത നിലവാരത്തകർച്ച ഉള്ളതായി കാണുന്നു. നിലവാരം ഉള്ള പുസ്തകങ്ങൾ മാത്രം ലൈബ്രറികളിൽ ശേഖരിച്ച് വിത

രണം ചെയ്യണം. സ്കൂൾ ലൈബ്രറികൾ കൊണ്ട് വേണ്ടത്ര ഗുണം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. സ്കൂൾ ലൈബ്രറികളിൽ നല്ലരീതിയിൽ ഉള്ളതും വിദ്യാർത്ഥികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതുമായ രീതിയിലുള്ള പുസ്തകങ്ങൾ ആഴ്ചയിലൊരിക്കൽ വീതം കുട്ടികൾക്ക് വിതരണം ചെയ്യുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം. പൈങ്കിളി സാഹിത്യത്തിൻെറ അതിപ്രസരം സമൂഹത്തിൽ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കുട്ടികൾ അടക്കം സ്ത്രീകളും പുരുഷൻമാരും ഇത്തരം സാഹിത്യങ്ങളിൽ അമിതമായ താൽപര്യം കാണിക്കുന്നു. ഇതിൽ നിന്നും ആവേശം ഉൾക്കൊണ്ട് പല കുറ്റകൃത്യങ്ങളിലും ഏർപ്പെട്ടു വരുന്നത് ഏവർക്കും അറിവുള്ള കാര്യമാണല്ലോ ? ഇത്തരം പൈങ്കിളി സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് ഗവൺമെൻറ് കർശനമായി നിരോധിക്കണം.

ഈ പഞ്ചായത്തിൽ സംസ്ഥാനതലത്തിൽ അറിയപ്പെട്ടിരുന്ന ഏതാനും നാടക ട്രൂപ്പുകൾ പ്രവർത്തിച്ചിരുന്നു. പ്രൊഫഷണൽ നാടകങ്ങളുടെ അതിപ്രസരം നിമിത്തം അമച്വർ നാടക ട്രൂപ്പുകൾക്ക് നിലനിൽപ്പില്ലാതായി തീർന്നു. ഏകദേശം 20 % ത്തോളം കുടുംബങ്ങളിൽ ടി.വി.യും 90–95% കുടുംബങ്ങളിൽ റേഡിയോയും ഉണ്ട്. എന്നാൽ നിലവാരം കുറഞ്ഞ പരിപാടികളും പരസ്യങ്ങളും ടി.വി., റേഡിയോ എന്നീ മാദ്ധ്യമങ്ങൾ വഴി പ്രക്ഷേപണം ചെയ്യുന്നതു കൊണ്ട് മാദ്ധ്യമങ്ങളുടെ യഥാർത്ഥ പ്രയോജനം ജനങ്ങൾക്ക് കിട്ടുന്നില്ല. ഉദാഹരണത്തിനായി നാം ഒരു സോപ്പിൻെറ പരസ്യം ശ്രദ്ധിച്ചാൽ ആ ഉൽപ്പന്നത്തെക്കാൾ മെച്ചപ്പെട്ട ഒരു സോപ്പ് വിപണിയിൽ നമുക്ക് ലഭിക്കുകയില്ല എന്ന തോന്നലാണ് ഉണ്ടാവുന്നത്. ഈ രീതിയിൽ പരസ്യങ്ങളിൽ നാം വഞ്ചിതരാകുന്നു. ജനങ്ങളെ വഞ്ചിതരാക്കുന്ന രീതിയിലുള്ളതും അശ്ലീലം കലർന്നതുമായ പരസ്യങ്ങൾ കർശനമായും നിയന്ത്രിക്കണം.

ടി.വി. സാധാരണയായി തീർന്നതോടു കൂടി പത്രമാസികകൾക്ക് പ്രാധാന്യം കുറയുകയും വിദ്യാർത്ഥികൾ പഠന കാര്യങ്ങളിൽ അശ്രദ്ധരാകുകയും ചെയ്യുന്നു എന്നുള്ളത് ഒരു വസ്തുതയാണ്.

ഈ പഞ്ചായത്തിലെ ഏക സിനിമ തിയേറ്റർ കാഞ്ഞാറിൽ സ്ഥിതി ചെയ്യുന്നു. 40 – 45 % ഓളം ആളുകൾ സിനിമ കാണുന്നു. എന്നാൽ സാമ്പത്തിക ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള സിനിമകൾ ആ കലാരൂപത്തെ വികലമാക്കിക്കൊണ്ടിരിക്കുന്നു. ജനങ്ങളിൽ അധമ വികാരങ്ങളെ ഉത്തേജിപ്പിക്കാതെ ക്രിയത്മക കാര്യങ്ങൾ മനസ്സിൽ തട്ടത്തക്ക വിധത്തിലുള്ള സിനിമകൾ നിർമ്മിച്ചാൽ വിനോദത്തിനും വിജ്ഞാനത്തിനും ഉതകുകയും പ്രത്യേകിച്ച് യുവതലമുറയെ ഒരു പരിധി വരെ മൂല്യതകർച്ചയിൽ നിന്ന് രക്ഷിക്കുവാനും കഴിയും. അതുപോലെ തന്നെ മതമൈത്രിയും ദേശസ്നേഹവും വളർത്താനുതകുന്ന ചിത്രങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിക്കണം.

പ്രാദേശിക തലങ്ങളിൽ പല ആഘോഷപരിപാടികളും നടത്താറുണ്ടെങ്കിലും വിവിധ തുറകളിൽ നിന്ന് വേണ്ടത്ര പ്രോൽസാഹനങ്ങളും സഹായവും ലഭിക്കാറില്ല. അതത് വാർഡിലെ പഞ്ചായത്ത് മെംബർമാർ ഇങ്ങനെയുള്ള കലാ–സാംസ്കാരിക പരിപാടിയിൽ സജീവമായി പങ്കെടുക്കണം.

ഈ പഞ്ചായത്തിൽ ഒരു പൊതുശ്മശാനത്തിൻെറ അഭാവം വളരെ ഗൗരവമർഹിക്കുന്ന ഒന്നാണ്. ഇതിന് അടിയന്തരമായി പരിഹാരം കാണണം.

ഏതാണ്ട് 15–ഓളം ക്ലബ്ബുകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. എന്നാൽ ഇവയ്ക്കൊന്നിനും തന്നെ സ്വന്തമായി കെട്ടിടമോ കളിസ്ഥലങ്ങളോ ഇല്ല. പഞ്ചായത്തിൽ ഒരു സ്പോർട്സ് സ്റ്റേഡിയവും നിർമ്മിക്കണം. അതുപോലെ തന്നെ പഞ്ചായത്തിൻെറ പ്രമുഖ കേന്ദ്രങ്ങളായ കോളപ്ര, കുടയത്തൂർ, കാഞ്ഞാർ എന്നിവിടങ്ങളിൽ പൊതുകളിസ്ഥലങ്ങളും പഞ്ചായത്ത് മുൻകൈയെടുത്ത് നിർമ്മിക്കണം.

വേണ്ടത്ര പ്രോൽസാഹനം ലഭിക്കുകയാണെങ്കിൽ കലാ–കായിക– സാംസ്കാരിക രംഗങ്ങളിൽ വൻ നേട്ടങ്ങൾ കൈവരിക്കുവാൻ ഈ പഞ്ചായത്തിനു കഴിയും എന്നുള്ളത് നിസ്തർക്കമാണ്. ആധുനിക കായിക വിനോദങ്ങളായ വോളിബോൾ, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി തുടങ്ങിയ ഇനങ്ങളിൽ ദേശീയതലത്തിൽ എത്തുവാൻ കഴിവുള്ള ധാരാളം യുവജനങ്ങൾ ഇവിടെ ഉണ്ടെങ്കിലും വേണ്ടത്ര പ്രോൽസാഹനത്തിൻെറയും പരിശീലനത്തിൻെറയും കളിസ്ഥലങ്ങളുടെയും അഭാവം മൂലം ഇവർ പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ള വസ്തുത ഏറെ ദുഃഖകരമാണ്. പരിമിതമായ സൗകര്യങ്ങൾ മുതലാക്കിയും ബാസ്കറ്റ്ബോളിൽ കുടയത്തൂർ ടീം ജില്ലാതലത്തിൽ തുടർച്ചയായി വിജയം കൈവരിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് നമ്മുക്ക് വിസ്മരിക്കാവുന്ന ഒന്നല്ല. ആയതിനാൽ പ്രോൽസാഹനവും സൗകര്യങ്ങളും ഒത്തുചേർന്നാൽ ഈ പഞ്ചായത്ത് കലാ–കായിക– സാംസ്കാരിക രംഗങ്ങളിൽ സംസ്ഥാനതലത്തിൽ തന്നെ മുൻപന്തിയിലെത്തുമെന്ന് നമുക്ക് ഉറപ്പു പറയാം. പഞ്ചായത്ത് തലത്തിൽ ഒരു കമ്യൂണിറ്റി ഹാൾ നിർമ്മിച്ച് കലയെ പ്രോൽസാഹിപ്പിക്കേണ്ടതാണ്. കേരളോൽസവം പഞ്ചായത്തിൻെറ ഉൽസവമായി മാറ്റിയെടുക്കുകയും ആ ഉൽസവത്തിൽവച്ച് ഈ പഞ്ചായത്തിലെ കലാ–കായിക പ്രതിഭകളെ ആദരിക്കുകയും ചെയ്യുക.

□

# പട്ടികജാതി ക്ഷേമം

| | | |
|---|---|---|
| പഞ്ചായത്തിലെ മൊത്തം ജനസംഖ്യ | - | 10929 |
| പട്ടികജാതി പുരുഷൻമാർ | - | 298 |
| പട്ടികജാതി സ്ത്രീകൾ | - | 295 |
| ആകെ | - | 593 |

പഞ്ചായത്തിലെ ആകെ ജനസംഖ്യ 10929 ആണ്. ഇതിൽ പട്ടികജാതി പുരുഷൻ 298 ഉം പട്ടികജാതി സ്ത്രീകൾ 295 ഉം ആണ്. ആകെ പട്ടിക ജാതിക്കാരുടെ എണ്ണം 593 ആണ്. ആകെ ജനസംഖ്യയുടെ 5.4 % പട്ടിക ജാതിക്കാരാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലായി 165 ആൺകുട്ടികളും 147 പെൺകുട്ടികളും ഉൾപ്പെട 312 കുട്ടികളുമാണുള്ളത്. ഒന്നു മുതൽ പത്താം ക്ലാസു വരെ പഠിക്കുന്ന കുട്ടികളുടെ ആകെ എണ്ണം 1348 ആണ്.

ഈ പഞ്ചായത്തിൽ 8-ാം മണ്ഡലത്തിലുള്ള ഞരളംപുഴയാണ് അംഗീകൃത പട്ടികജാതി കോളനി. അല്ലാതെ ഈ പഞ്ചായത്തിൽ ധാരാളം പട്ടികജാതിക്കാർ എല്ലാ മണ്ഡലങ്ങളിലുമായി ചിതറി പാർക്കുന്നുണ്ട്. ഭൂരിപക്ഷം പട്ടികജാതിക്കാർക്കും സ്ഥിരമായിട്ട് തൊഴിലില്ല. കുറച്ച് വിഭാഗം കൂലിവേല ചെയ്തു ജീവിക്കുന്നവരാണ്. പട്ടികജാതിക്കാരിൽ ഭൂരിഭാഗവും സ്വയം തൊഴിൽ ചെയ്തു ജീവിക്കുന്നതിന് ഭൂമി ഇല്ലാത്തവരാണ്.

പഞ്ചായത്തിൽ സ്വന്തമായിട്ട് വീടും സ്ഥലവും ഇല്ലാത്ത പട്ടികാജതി കുടുംബങ്ങൾ ഉണ്ട്.

ഈ മേഖലയിൽ റോഡ്, വൈദ്യുതി, കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതമാണ്. സ്വന്തമായി വരുമാനം കണ്ടെത്തുന്നതിനുള്ള തൊഴിൽ സൗകര്യങ്ങൾ ഇല്ല. നിലവിൽ ഞരളംപുഴ കോളനിക്ക് അനുവദിച്ച ഒരു വനിത സഹകരണ സംഘം ഒഴികെ സഹകരണ മേഖലയിൽ സഹകരണ സംഘങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

സാമ്പത്തിക പരാധീനിത മൂലം മൃഗസംരക്ഷണം കൈത്തൊഴിൽ എന്നിവയിൽ ഏർപ്പെടുന്നതിന് ഇവർക്ക് കഴിഞ്ഞിട്ടില്ല. പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ നിലവാരം ഇപ്പോഴും വളരെ പിന്നോക്കമാണ്. പട്ടികജാതി ഉദ്യോഗാർത്ഥികൾക്കു പി.എസ്.സി. നടത്തുന്ന പരീക്ഷ, ഇൻറർവ്യൂ എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള യാത്രാബത്തകൾ കാലാകാലങ്ങളിൽ ലഭിക്കുന്നില്ല.

സാമൂഹ്യ രംഗങ്ങളിൽ പട്ടികജാതിക്കാർക്ക് മറ്റ് വിവേചനങ്ങൾ ഒന്നും തന്നെ അനുഭവപ്പെടുന്നില്ല. എല്ലാ കാര്യങ്ങളിലും സഹകരിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ഭൂരിപക്ഷം പട്ടികജാതിക്കാരും ദാരിദ്ര രേഖക്ക് താഴെയുള്ളവരാണ്. ഇതിനു പ്രധാന കാരണം രൂക്ഷമായ തൊഴിലില്ലായ്മയാണ്.
2. എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ പാർപ്പിടങ്ങളില്ല
3. റോഡ്, വൈദ്യുതി, കുടിവെള്ളം, കക്കൂസ്, ചികിത്സാ സൗകര്യങ്ങൾ എന്നിവ നിലവിലില്ല.
4. സർക്കാരിൽ നിന്നും അനുവദിക്കുന്ന സഹായ പദ്ധതികൾ ഒന്നും തന്നെ പട്ടികജാതി വിഭാഗക്കാർ യഥാസമയങ്ങളിൽ അറിയപ്പെടുന്നില്ല.
5. വിദഗ്ധ സമിതികളിൽ പട്ടികജാതിക്കാർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ല.
6. പട്ടികജാതിക്കാരുടെ ആനുകൂല്യങ്ങൾ അർഹതയില്ലാത്തവർ തട്ടിയെടുക്കുന്നു.
7. പട്ടികജാതിക്കാർക്ക് സർക്കാരിൽ നിന്നും അനുവദിക്കുന്ന ധനസഹായം നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട

ആഫിസുകളിൽ നിന്നും പലവിധമുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

8. പട്ടികജാതി കലാ സാംസ്കാരിക രംഗങ്ങൾക്ക് പ്രോൽസാഹനം ലഭിക്കുന്നില്ല.

9. പട്ടികജാതിക്കാരുടെ ഭൂമിയിൽ മണ്ണൊലിപ്പ് ഉണ്ടാകുന്നു

## സാദ്ധ്യതകൾ

1. തൊഴിൽ ലഭ്യമാകുന്നവിധത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ, സഹകരണ സംഘങ്ങൾ മുതലായവ ആരംഭിക്കുക, പഞ്ചായത്തിലെ പട്ടികജാതക്കാർക്ക് ആട്, മാട്, കോഴി, പന്നി, മുയൽ എന്നിവ സൗജന്യമായി നൽകുകയും സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യുക.

2. ഈ പഞ്ചായത്തിലെ എല്ലാപട്ടിക ജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ പാർപ്പിടവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുക. സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് കൃഷി ഭൂമിയും വീടും നൽകി പുനരധിവസിപ്പിക്കുക.

3. ഈ പഞ്ചായത്തിലെ പട്ടിക ജാതി കോളനിയിൽ റോഡ്, വൈദ്യുതി, ശുദ്ധജലം, ചികിത്സാ സൗകര്യങ്ങൾ എന്നിവ അനുവദിക്കണം.

4. പഞ്ചായത്തുതലത്തിൽ പട്ടികജാതിക്കാർക്കു വേണ്ടി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ അനുവദിക്കുന്ന ആനുകൂല്യങ്ങളെപ്പറ്റി അറിയിക്കുന്നതിന് കേന്ദ്രീകൃത സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

5. പഞ്ചായത്തു തലത്തിൽ നടക്കുന്ന കലാ - കായിക - സാംസ്കാരിക സമിതികൾ ഉപദേശക സമിതികൾ മുതലായവയിൽ പട്ടികജാതിക്കാർക്ക് അർഹമായ പ്രാതിനിധ്യം നൽകുക.

6. പട്ടികജാതിക്കാരുടെ ആനുകൂല്യങ്ങൾ അർഹതയില്ലാത്തവർ കൈപ്പറ്റാതിരിക്കാനും അർഹതയുള്ളവർക്ക് ലഭിച്ചു എന്നു ഉറപ്പുവരുത്തുകയും ചെയ്യുക.

7. ആനുകൂല്യങ്ങൾ യഥാസമയം അർഹതയുള്ളവർക്ക് ലഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുഭവപ്പെടുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

8. പട്ടികജാതിക്കാർ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിൽ വിവാഹ ചടങ്ങുകൾ നടത്തുന്നതിനും കലാ - സാംസ്കാരിക സമ്മേളനങ്ങൾ നടത്തുന്നതിനും കമ്യൂണിറ്റി ഹാളുകൾ നിർമ്മിക്കുക. പുരാതന കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും പ്രത്യേകം സംഘടനകൾ രൂപവൽക്കരിക്കുകയും ധനസഹായം അനുവദിക്കുകയും ചെയ്യുക.

9. പട്ടിക ജാതിക്കാരുടെ കൈവശ ഭൂമിയിൽ മണ്ണ് സംരക്ഷണ പ്രവർത്തനം നടപ്പാക്കണം.

10. പട്ടിക ജാതിക്കാർക്ക് വേണ്ടി സമൃദ്ധി കേന്ദ്രം ആരംഭിക്കുക.

11. പട്ടികജാതിക്കാർ താമസിക്കുന്ന മേഖലകളിൽ ആരോഗ്യവകുപ്പിന്റെ സബ് സെൻററുകളിൽ ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.


സ്ത്രീസങ്കൽപങ്ങളുടെ സാക്ഷാത്കാരം !!

ഉത്തരവാദിത്ത്വമുള്ള

22ct സ്വർണ്ണാഭരണങ്ങൾക്ക്

ബീന ജ്വല്ലറി

കാഞ്ഞാർ

ഫോൺ: 52238

# പട്ടികവർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 10% ത്തില ധികം പട്ടിക വർഗ്ഗത്തിൽപ്പെട്ട വിഭാഗക്കാരാണ്. 10929. ജന ങ്ങളിൽ 1131- പേർ പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. ഇതിൽ 559 പുരുഷൻമാരും 572 സ്ത്രീകളുമാണ്. പട്ടികജാതി യിലും പട്ടികവർഗ്ഗത്തിലും കൂടി 312 കുട്ടികൾ ഈ പഞ്ചാ യത്തിൽ ഉണ്ട്. ഈ പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികവർഗ്ഗ ക്കാരും താമസിക്കുന്നത് മലപ്രദേശങ്ങളിലാമ്. ഒന്നാം വാർഡിലും അഞ്ചാം വാർഡിലും ആറാം വാർഡിലും നല്ലൊരു ശതമാനം ജനങ്ങളും പട്ടികവർഗ്ഗക്കാരാണ്. രണ്ട്, മൂന്ന്, ഏഴ് എന്നീ വാർഡുകളിലും ഏതാനും കുടുംബ ങ്ങൾ താമസിക്കുന്നു. 1-ാം വാർഡിലെ കൂവപ്പള്ളി, മോർക്കാട്, ചക്കിക്കാവ്, 5-ാം വാർഡിലെ മോർക്കാട്, പന്ത പ്ലാവ്, അടൂർമല, 6-ാം വാർഡിലെ പാത്തിക്കൽ കോളനി എന്നീ പ്രദേശങ്ങളിൽ പട്ടികവർഗ്ഗക്കാർ ഭൂരിപക്ഷമാണ്.

ഭൂരിപക്ഷം കുടുംബങ്ങളും മലപ്രദേശങ്ങളിൽ താമ സിക്കുന്നതുകൊണ്ട് ഇവർക്ക് യാത്രാസൗകര്യങ്ങളുടെ കാര്യത്തിലും കുടിവെള്ളത്തിൻെറകാര്യത്തിലും വൈദ്യു തിയുടെ കാര്യത്തിലും മറ്റ് ആധുനിക ജീവിത സൗകര്യ ങ്ങളുടെ കാര്യത്തിലും വളരെ പിന്നോക്കാവസ്ഥയിലാണ്. ടി മേഖലയിൽ ഒരു ഹൈസ്കൂളും രണ്ട് എൽ.പി. സ്കൂളു കളും ഉണ്ടെങ്കിലും ടി സ്കൂളുകൾ ഇവരുടെ വിദ്യാഭ്യാസ ഉന്നമനത്തിന് പര്യാപ്തമല്ല. ഈ പഞ്ചായത്തിലെ പട്ടിക വർഗ്ഗക്കാരിൽ അൻപതിൽ പരം കുടുംബങ്ങൾക്ക് വാസ യോഗ്യമായ വീടുകൾ ഇല്ല. ജീവിത സൗകര്യങ്ങൾ ഇല്ലാ ത്തതിനാൽ പല കുടുംബങ്ങളും കൂട്ടുകുടുംബങ്ങളായി താമസിക്കുന്നു. വിദ്യാഭ്യാസ യോഗ്യത ഉള്ള ധാരാളം ചെറുപ്പക്കാർ ഉണ്ടെങ്കിലും വളരെ കുറച്ച് ആളുകൾക്ക് മാത്രമേ സ്ഥിര വരുമാനമുള്ള തൊഴിലുകൾ ഉള്ളൂ. പട്ടി കവർഗ്ഗക്കാരിൽ സ്ത്രീകൾ ആണ് പിന്നോക്കം നിൽക്കു ന്നത്. സ്ത്രീകൾക്കായി ഇപ്പോൾ അടൂർമലയിൽ പ്രവർത്തിക്കുന്ന D.W.C.R.A. യൂണിറ്റ് ഒഴിച്ചാൽ സ്ത്രീകൾക്കായി മറ്റ് ഒരു തൊഴിൽ സ്ഥാപനങ്ങളും ഇവിടെ ഇല്ല. പുരുഷൻമാർ ഭൂരിഭാഗവും കാർഷിക മേഖ ലയിലും സ്ത്രീകൾ ഭൂരിപക്ഷവും ഗാർഹിക ജോലിക ളിലും ഏർപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ - സാമൂഹ്യ രംഗ ങ്ങളിൽ ഈ വിഭാഗക്കാർ സജീവമായി രംഗത്ത് വരാൻ

തയാറാകുന്നില്ല. പട്ടിക വർഗ്ഗക്കാരുടെ വീടുകളിൽ നടക്കുന്ന വിവാഹ ചടങ്ങുകളിലും മറ്റ് ചടങ്ങുകളിലും മറ്റ് സമുദായക്കാർ ഇവിടെ പങ്കെടുക്കാറുണ്ട്. ഭക്ഷണം കഴിക്കാറുമുണ്ട്. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഇപ്പോൾ ഇവിടെ ഇല്ല.

## പ്രശ്നങ്ങൾ

1. പട്ടികവർഗ്ഗക്കാരായ ജനങ്ങൾ വസിക്കുന്ന പ്രദേശങ്ങ ളിൽ അടിസ്ഥാനാവശ്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ്, ചികിത്സാസൗകര്യങ്ങൾ, റോഡ് എന്നിവയില്ല.
2. തൊഴിലില്ലായ്മ രൂക്ഷമാണ്.
3. എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകളില്ല.
4. ഗവ. പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല. ലഭിക്കുന്ന ആനുകൂല്യങ്ങൾ കിട്ടാൻ സാങ്കേതിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.
5. ബോധവൽക്കരണ പരിപാടികൾ ഒന്നും നടക്കുന്നില്ല.
6. വിദഗ്ധ സമിതികളിൽ അർഹമായ പ്രാതിനിധ്യം ലഭി ക്കുന്നില്ല.
7. ആനുകൂല്യങ്ങൾ അർഹതയില്ലാത്തവർ കൈപ്പറ്റുന്നു.
8. കലാ-സാംസ്കാരിക രംഗത്ത് പ്രോൽസാഹനം ലഭി ക്കുന്നില്ല.
9. പട്ടികവർഗ്ഗക്കാരുടെ കൃഷി സ്ഥലങ്ങളിൽ മണ്ണ് സംര ക്ഷണം നടക്കുന്നില്ല.

## പരിഹാരമാർഗ്ഗങ്ങൾ

1. ഈ പഞ്ചായത്തിലെ എല്ലാ പട്ടികവർഗ്ഗ പ്രദേശങ്ങളിലും അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, വൈദ്യുതി കക്കൂസ്, ഗതാഗത സൗകര്യങ്ങൾ മുതലായവ അടിയന്തരമായി ലഭിക്കുന്നതിനുള്ള നടപടികൾ എടുക്കുക.

2. പട്ടികവർഗ്ഗക്കാർക്ക് കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളെ പട്ടികവർഗ്ഗ കോളനിയായി പ്രഖ്യാപിക്കുക.

3. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ടി മേഖലകളിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. കാർഷിക മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിന് കൃഷിക്കാരെ ബോധവൽക്കരിക്കുകയും വിത്ത്, വളം, കാർഷിക ഉപകരണം, ധനസഹായം മുതലായവ ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുക.

4. വാസയോഗ്യമായ വീടുകൾ ഇല്ലാത്തവർക്ക് നിലവിലുള്ള ഏജൻസികൾ വഴി മുഴുവൻ കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക. സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

5. ഗവൺമെൻറിൽ നിന്നും പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയത്ത് അർഹതയുള്ളവർക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് അനുഭവപ്പെടുന്ന സാങ്കേതിക ബുദ്ധിമുട്ട് പരിഹരിക്കുകയും ചെയ്യുക.

6. പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ സെമിനാറുകൾ നടത്തുകയും പഞ്ചായത്തിൽ ഇവർക്കായി ഒരു പ്രത്യേക വിഭാഗം പ്രവർത്തനം നടത്തുകയും ചെയ്യുക.

7. പഞ്ചായത്തു തലത്തിൽ നടക്കുന്ന കലാ-കായിക-സാംസ്കാരിക സമിതികൾ, അഡ്വൈസറി കമ്മിറ്റികൾ മുതലായവയിൽ പട്ടികവർഗ്ഗക്കാർക്ക് അർഹമായ പ്രാതിനിധ്യം നൽകുക.

8. പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ അർഹതയില്ലാത്തവർ കൈപ്പറ്റാതിരിക്കാൻ നടപടി സ്വീകരിക്കുകയും അർഹതയുള്ളവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

9. പട്ടികവർഗ്ഗക്കാർ കൂടുതലായി താമസിക്കുന്ന മേഖലകളിൽ അവരുടെ വിവാഹങ്ങൾ നടത്തുന്നതിനും കലാ-സാംസ്കാരിക സമ്മേളനങ്ങൾ നടത്തുന്നതിനും വേണ്ടി കമ്യൂണിറ്റി ഹാളുകൾ നിർമ്മിക്കുക.

10. പട്ടികവർഗ്ഗക്കാരുടെ കൃഷിഭൂമികളിൽ മണ്ണു സംരക്ഷണ നടപടി സ്വീകരിക്കുക.

11. പട്ടികവർഗ്ഗക്കാർക്കു വേണ്ടി സമൃദ്ധി കേന്ദ്രം ആരംഭിക്കുക.

12. പട്ടികവർഗ്ഗ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന സബ് സെൻററുകളിൽ ആഴ്ചയിലൊരിക്കലെങ്കിലും വിദഗ്ധരായ ഡോക്ടർമാരുടെ പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തണം.


പവൻമാറ്റ് സ്വർണ്ണാഭരണങ്ങൾക്ക്

ANJENEYA

ഗോപാലകൃഷ്ണ ജ്വല്ലറി

മാർക്കററ് റോഡ്. തൊടുപുഴ ഫോൺ: 22120

# സാമൂഹ്യക്ഷേമം

മാനവികതയുടെ പരമപ്രധാനമായ ഉൾക്കാഴ്ചയിൽ ഒന്നാണ് സാമൂഹ്യക്ഷേമം. സാമൂഹ്യധാരയിൽ നിന്നും ഒറ്റപ്പെട്ടുപോയവരെ സഹായിക്കേണ്ടത് സമൂഹത്തിൻെറ കടമയാണ്. ഈ ലക്ഷ്യത്തെ മുൻനിർത്തിയാണ് ഏതൊരു സർക്കാരും സാമൂഹ്യക്ഷേമപദ്ധതികൾക്ക് രൂപം നൽകാറുള്ളത്. ദേശീയതലത്തിൽ ഏറ്റവും മികച്ച സാമൂഹ്യസുരക്ഷിതത്വ ശ്രംഖല ഉള്ള കേരളത്തിൽ രണ്ട് തരത്തിലുള്ള ക്ഷേമപദ്ധതികൾ നിലവിലുണ്ട് ഒന്നാമത്തേത് പൂർണ്ണമായും സംസ്ഥാന സർക്കാറിൻെറ ഫണ്ടിനെ ആശ്രയിച്ചുള്ള വിവധ വിഭാഗങ്ങൾക്കായുള്ള പെൻഷൻ പദ്ധതികൾ ഉദാ: വിധവാ പെൻഷൻ അഗതി പെൻഷൻ തുടങ്ങിയവ. രണ്ടാമത്തേത് വിവിധബോർഡുകൾക്ക് കീഴെ ഒരു പ്രത്യേക വിഭാഗം തൊഴിലാളികളെ ലക്ഷ്യമാക്കു തൊഴിലുടമയുടേയും തൊഴിലാളികളുടേയും പങ്കാളിത്വത്തോടെ നടപ്പിലാക്കുന്ന ക്ഷേമനിധികൾ. ഇത്തരം 18 ക്ഷേമ നിധികൾ ഇന്ന് നിലവിലുണ്ട്. ഇതിനു പുറമെയാണ് 4- ാം പദ്ധതി മുതൽ ആസൂത്രണ ലക്ഷ്യമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ദാരിദ്ര നിർമ്മാർജ്ജനപദ്ധതികൾ. പഞ്ചായത്തിൽ നടപ്പാലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളെ വിശകലനം ചെയ്യുകയാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

I.R.D.P സർവ്വേ പ്രകാരം പഞ്ചായത്തിൽ ദാരിദ്ര രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1057 ആണ്. ഇതിൽ 86 കുടുംബങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നു. മൊത്തം 165 കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിച്ചതിൽ 78 കുടുംബങ്ങൾ പട്ടികജാതി - പട്ടികവർഗ്ഗക്കാരുടേതാണ്.

## ദാരിദ്ര നിർമ്മാർജ്ജന പരിപാടികൾ

### 1 ട്രൈസം

18 മുതലൽ 35 വയസ്സുവരെയുള്ള ഗ്രാമീണ യുവതീയുവാക്കൾക്ക് ചെറുകിട വ്യവസായ സംരഭങ്ങൾ ആരംഭിക്കുന്നതിന് ഉതുകുന്ന ഭരണപരവും സാങ്കേതികവുമായ പരിശീലനം നൽകുന്നതാണ് ട്രൈസം. ഇതിൽ 50 % SC/ST ക്കാരും 40 % വികലാംഗരുമായിരിക്കണം.ച ട്രൈസം തൊഴിൽപരിശീലന പരിപാടികൾ പ്രകാരം പ്രിൻറിംഗ് & കംമ്പോസിംഗ്, എംമ്പ്രോയ്ഡറി & ഗാർമെന്റ്റ് മേക്കിംഗ്, ഇലക്ട്രീഷൻ, ടെയ്ലറിംഗ്, പ്ലംബിഗ്, ഇലക്ട്രോണിക്സ് ഓട്ടോമൊബൈൽ. ഹാൻൻറി ക്രാഫ്റ്റ് എന്നിവയിലായി മൊത്തം 15 പേർക്ക് പരിശീലനം കൊടുക്കുകയും അതിൽ 6 പേർ സ്വയം തൊഴിൽ കണ്ടെത്തുകയും ചെയ്തു.

## D.W.C.R.A

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് ഇത്. ഗ്രാമീണവനിതകളുടെ സ്വശ്രയത്വം വളർത്തുകയും സാമ്പത്തികാഭിവൃദ്ധി കൈവരുത്തുകയുമാണ് ഇതിൻെറ ലക്ഷ്യം.

I.R.D.P സർവ്വേപ്രകാരം വിവിധപരിപാടികളിലായി പഞ്ചായത്തിൽ ആകെ 64 വീടുകൾ അനുവദിക്കുയും ഇതിന് പുറമേ 63 കക്കൂസുകൾ കൂടിയനുവദിക്കുകയും ഇതിൽ 62 എണ്ണം പണിപൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## വിവിധ ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമ വകുപ്പുവഴിയും മറ്റു വകുപ്പുകൾ വഴിയും വിതരണം ചെയ്യപ്പെട്ട വിവിധ ധനസഹായ കണക്കുകൾ താഴെ പട്ടികപ്പെട്ടുത്തിയിരിക്കുന്നു.

പഞ്ചായത്തിൽ 2 മഹിളാസമാജങ്ങളാണ് ഉള്ളത്. അതിൽ ഒന്നുമാത്രമാണ് പ്രവർത്തിക്കുന്നത്. 3291 സ്ത്രീകൾ വെറുതെ വീട്ടിൽ ഒതുങ്ങികഴിയുന്നവരായി നമ്മുടെ പഞ്ചായത്തിൽ ഉണ്ട് . ഇവരെ പ്രവർത്ത രംഗത്തേയ്ക്ക് കൊണ്ടുവരേണ്ടതാണ്.

| വാർഡ് നമ്പർ | സർവ്വേപ്രകാരംകണ്ടെത്തിയകുടുംബങ്ങൾ | ഇതിൽ SC/ST | നാളിതുവരെസഹായംലഭിച്ചകുടുംബങ്ങളുടെഎണ്ണം | ഇതിൽ SC/ST | സഹായം ലഭിച്ചുതു വഴി ദാ:രേ:മുകളിൽ എത്തിയ കുടുംബങ്ങളുടെ് എണ്ണം | ദാരിദ്രരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | 141 | 17 | 30 | 10 | 19 | 122 |
| 2 | 112 | 3 | 15 | - | 10 | 102 |
| 3 | 120 | 6 | 22 | 3 | 14 | 106 |
| 4 | 125 | 2 | 27 | 2 | 21 | 104 |
| 5 | 134 | 20 | 33 | 19 | 22 | 112 |
| 6 | 198 | 21 | 29 | 11 | 19 | 179 |
| 7 | 113 | 4 | 4 | 16 | 9 | 104 |
| 8 | 114 | 13 | 5 | 17 | 11 | 101 |
| ആകെ | 1057 | 86 | 165 | 78 | 125 | 930 |

## അംഗൻവാടികളെ പ്രവർത്തനം

സാമൂഹ്യക്ഷേമ വകുപ്പിൻെറ പ്രധാന കണ്ണികളിലൊന്നാണ് അംഗൻവാടികൾ. 3–5 വയസ്സിന് ഇടയിലുള്ള കുട്ടികൾക്ക് വീട്ടിൽനിന്നും കിട്ടുന്ന ആഹാരത്തിന് പുറമേ അധികപോഷകാഹാരം നൽകുന്നതിനും, കളിയിലൂടേയും പാട്ടിലൂടേയും വരയിലൂടേയും അക്ഷരജജ്ഞാനവും അച്ചടക്കവും ഉണ്ടാക്കിയെടുക്കുകയും വ്യക്തിത്വം വളർത്തിയെടുക്കുകയും ചെയ്യുന്ന ഒരു സ്ഥാപനമാണ് അംഗൻവാടികൾ. ഇത് കൂടാതെ ഗർഭണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടേയും വികാലാംഗരുടേയും ക്ഷേമവും അംഗൻവാടിപ്രവർത്തനത്തിൻെറ ലക്ഷ്യമാണ്. 1000 ജനസംഖ്യക്ക് ഒരു അംഗൻവാടിയെന്ന കണക്കിൽ നമ്മുടെ പഞ്ചായത്തിൽ 14 അംഗൻവാടികൾ പ്രവർത്തിക്കുണ്ട്. പക്ഷേ ഇവയിൽ തങ്ങളുടെ കുട്ടികളെ അയക്കുന്ന കര്യത്തിൽ മാതാപിതാക്കൾ വേണ്ടത്ര ശുഷ്കാന്തി കാട്ടുന്നുണ്ടോയെന്ന് സംശയമാണ്. വേണ്ടത്ര ജനപങ്കാളിത്വം ഈ അംഗൻവാടികളുടെ പ്രവർത്തനത്തിൽ ഉണ്ടാക്കിയെടുത്താൽ സ്ത്രീകളുടെ കൂട്ടായ്മ വളർത്തിയെടുക്കാനും നമുക്ക് കഴിയും. നമ്മുടെ പഞ്ചായത്തിലെ 14 അംഗൻവാടികളിൽ 8 എണ്ണത്തിന് മാത്രമേ നാമമാത്രമായെങ്കിലും കെട്ടിടം ഉള്ളത്. അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർന്മാർക്കും ജീവിക്കാൻ ഉതുകുന്ന വേതനവും സർവ്വീസ് സുരക്ഷിതത്തവും നൽകേണ്ടതാണ്.

## സാദ്ധ്യതകൾ

1. ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്ന 930 കുടുംബക്കാരെ കൂടി ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി രൂപീകരിക്കണം.
2. I.R.D.P. സർവ്വേപ്രകാരം വീടിന് അർഹതയുള്ള മുഴുവൻ കുടുംബക്കാർക്കും വീട് വച്ച് നൽകേണ്ടതാണ്.
3. വിവിധ ക്ഷേമപദ്ധതികൾ അനുസരിച്ച് ഇനിയും അർഹതയുള്ള മുഴുവൻപേർക്കും സഹായം ലഭ്യമാക്കണം.
4. മുഴുവൻ അംഗൻവാടികളോടും ചേർന്ന് മഹാളാസമാജങ്ങൾ രൂപീകരിക്കുകയും ഇവയുടെ പ്രവർത്തകരെ കോർത്തിണക്കി ട്രൈസം പരിപാടി വിജയിപ്പിക്കണം.
5. വസ്ത്രനിർമ്മാണം, മെഴുകുതിരി നിർമ്മാണം ഭക്ഷ്യസംസ്കരണം, വറപൊരി നിർമ്മാണം തുടങ്ങി ഒട്ടേറെ വനിതാ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഉള്ള സാധ്യതകൾ ഉണ്ട്.
6. അംഗൻവാടികളിൽ കളിപ്പാട്ടങ്ങൾ ശേഖരിക്കുകയും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.

| ആകെ | തോഴിൽ സംരംഭ ത്തിന്റെ വിവരം | തുടങ്ങിയ വർഷം | അംഗങ്ങൾ | പ്രവർത്തന ക്ഷമത. |
|---|---|---|---|---|
| 1 | ഡയറി യൂണിറ്റ് | 87–88 | 15 | നല്ലനില യിൽനട ക്കുന്നു. |
| 2 | പായ് നെയ്ത്ത് ആടു വ ളർത്ത ൽ | 87–88 | 15 | ഭാഗിക മായിപ്രവ ർത്തി ക്കുന്നു |
| 4 | ഡയറി യൂണിറ്റ് | 92–93 | 9 | ഭാഗികമായി പ്രവർത്തി ക്കുന്നു |
| 5 | ബാംബു വർക്ക് | 88–89 | 15 | പ്രവർത്തി ക്കുന്നു |
| 8 | ഡയറിയൂ ണിറ്റ് | 87–88 | 15 | ഭാഗിക പ്രവർത്തനം |

7. അംഗൻവാടികളിൽ മുടക്കമില്ലാതെ ഫീഡുവിതരണം ചെയ്യുക.

8. ബോധവൽക്കരണ ക്ലാസ്സുകൾ ഫലപ്രദമായി അംഗൻവാടികളോടനുബന്ധിച്ച് നടത്തുവാൻ കഴിയണം.

9. വിവിധ ക്ഷേമപദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം വേണം.

10. ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന്റെ കാലതാമസം ഒഴിവാക്കി സമയാസമയം ലഭ്യമാക്കാൻ കഴിയണം.

11. വിവിധതരം തൊഴിൽ സംരംഭകരെ സഹായിക്കുന്നതിന് വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്ത്തല സംവിധാനം ഉണ്ടാകണം

| ഇനം | എണ്ണം | തുക | തീരുമാനിക്കാത്തവ |
|---|---|---|---|
| അഗതിപെൻഷൻ | 18 | 18x100 | |
| വിധവാപെൻഷൻ | 27 | 27x100 | |
| വികലാംഗപെൻഷൻ | 15 | 15x100 | |
| വാർധ്യക്യകാല പെൻഷൻ | 13 | 13x150 | |
| ക്യാൻസർ സഹായം | 1 | 1 | |
| കർഷകതൊഴിലാളി പെൻഷൻ | 94 | 94x70 | |
| തൊഴിലില്ലായ്മ വേതനം | 130 | 130x70 | |
| ആകെ | 298 | | |

# വനിതാക്ഷേമം

കുടയത്തൂർ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 10929 വ്യക്തികളിൽ 5426 പേർ പുരുഷൻമാരും 5503 പേർ സ്ത്രീകളുമാണ്. അംഗസംഖ്യയിൽ നേരിയ മുൻതൂക്കമുണ്ടെങ്കിലും സാമൂഹ്യ ജീവിതത്തിന്റെ എല്ലാ തുറകളിലും വനിതകൾ വളരെ പിന്നോക്കമാണ്. വിദ്യാഭ്യാസത്തിന്റേയും ബോധവത്കരണത്തിന്റേയും കുറവാണ്, തൊഴിൽ മേഖലകളിലും പൊതു പ്രവർത്തന രംഗത്തും സ്ത്രീകളുടെ പ്രാധിനിത്യം കുറയുവാൻ പ്രധാന കാരണമായിട്ടുള്ളത്.

പഞ്ചായത്തിലെ വനിതകളിൽ ഏതാനും സർക്കാർ ജീവനക്കാരും, കരിങ്കൽമടകളിലേയും, ജനറൽ ഹെഡ്ലോഡ് യൂണിനുകളിലേയും തൊഴിലാളികളൊഴികെ ബാക്കിയുള്ള ബഹുഭൂരിപക്ഷവും സ്ത്രീകൾ തൊഴിൽ രഹിതരാണ്. കൂടാതെ ചെറിയൊരു കൂട്ടം സ്ത്രീകൾ കാർഷിക മേഖലകളിലും തൊഴിലെടുക്കുന്നു. പഞ്ചായത്തിലെ വനിതകൾ സ്ഥിരവരുമാനം ഇല്ലാത്തവരും അസംഘടിതമേഖലകളിൽ തൊഴിലെടുക്കുന്നവരുമായതിനാൽ കൂലിയുടെ കാര്യത്തിലും വേർതിരിക്കപ്പെടുന്നു. ശരാശരി 50 രൂപയാണ് ഒരു സ്ത്രീ തൊഴിലാളിയുടെ കൂലിനിരക്ക്.

സാമൂഹ്യപ്രവർത്തനങ്ങളിലും രാഷ്ട്രീയ പ്രവർത്തനങ്ങളിലും സ്ത്രീ പങ്കാളിത്വം വളരെ കുറവാണ്. സ്ത്രീകൾക്കുവേണ്ടി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഒന്നും ഇല്ല. ഏതാനും മഹിളാ സമാജങ്ങളും 14 അംഗന വാടികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽ പോലുംകാര്യക്ഷമമായ സാത്രീ പങ്കാളിത്വം ഇല്ല. ഈ അംഗന വാടികൾ മുഖേന 55 അമ്മമാർക്ക് പോഷകാഹാരവും 56 ഗർഭിണികൾക്കും 13 കുട്ടികൾക്കും അനുപൂരക പോഷകാഹാരം ലഭിക്കുന്നുണ്ട്.

തൊഴിൽ രഹിതരായ വീട്ടമ്മമാർ പലരും തങ്ങളുടെ വീടുമായി ബന്ധപ്പെട്ട് ആടുമാടു വളർത്തൽ, കോഴിവളർത്തൽ മുതലായ നിരവധി തൊഴിലുകൾ ചെയ്യുന്നുണ്ട്. ഈ പഞ്ചായത്തിൽ കുടുംബനാഥകളായ 200 ഓളം സ്ത്രീകളും വിധവാ പെൻഷൻ കൈപ്പറ്റുന്ന 27 പേരും ഉണ്ട്.

പഞ്ചായത്തിൽ ആകെ 5 DWCRA യൂണിറ്റുള്ളതിൽ രണ്ടെണ്ണം മാത്രമേ സജീവമായി പ്രവർത്തിക്കുന്നുള്ളൂ.

മദ്യപാനം മൂലം ശാരീരികമായും മാനസികമായും ഈ പഞ്ചായത്തിലെ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നുണ്ട്. ഇതുമൂലം കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ പോലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്താത്തതിൽ സ്തീകൾ ഉത്കണ്ഠാകുലരാണ്.

ഗ്രാമസഭകളിലും ജനകീയാസൂത്രണ പരിപാടികളിലും 1/3 സ്ത്രീകൾ പങ്കെടുക്കുകയുണ്ടായി. ഈ പഞ്ചായത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് സ്ത്രീകളുടെ പാങ്കാളിത്തം ആശാവഹമാണ്.

## പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ ഇവിടുത്തെ സ്ത്രീകളിൽ അതിരൂക്ഷമാണ്.
2. സാമൂഹികമായ ബോധവൽകരണത്തിന്റെ അഭാവം.
3. ഇവിടെ സഘകരണസംഘങ്ങൾ ഉണ്ടാകുമെങ്കിൽ ഇവിടുത്തെ വനികൾക്ക് തൊഴിൽ കണ്ടെത്താൻ സാധിക്കും.

4. കുടിവെള്ളവും വൈദ്യുതിയും പഞ്ചായത്തിലെ പ്രധാന വിഷയങ്ങളിൽ ഒന്നാണ്.

5. കാലിവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ, പച്ചക്കറി കൃഷി എന്നിവ നടത്താനുള്ള പരിശീലനവും ആനുകൂല്യങ്ങളും തരണം.

6. കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസുകൾ ഉണ്ടാക്കുന്നതിനുള്ള ബോധവൽക്കരണവും സാമ്പത്തിക സഹായവും നടപ്പിലാക്കുക.

7. അച്ചാറുകൾ ചിപ്സുകൾ, പ്ലാസ്റ്റിക് കമ്പനി എന്നിവ നടത്താനുള്ള സാമ്പത്തിക സഹായങ്ങൾ ചെയ്തു തരണം.

## സാധ്യതകൾ

1. സ്ത്രീകൾ കൂട്ടായി തൊഴിൽ ചെയ്യുന്ന മേഖലകളെ പറ്റി അറിവ് നൽകുകയും അതിനാവശ്യമായ സഹായ സഹകരണങ്ങൾ നൽകുകയും വേണം.

2. തൊഴിൽ മേഖലകളിൽ സ്തീകൾക്ക് സംവരണം ഏർപ്പെടുത്തുക.

3. കൂലി നിരക്ക് ഏകീകരിക്കുക.

4. മദ്യപാനം, സ്ത്രീ പീഡനം എന്നിവയ്ക്കെതിരെ ബോധവത്കരണം നടത്തുക.


**DOMESTIC**
**VERTICAL JET MONOBLOCK PUMP**
**TVJ Series**

TEXMO



SEMITRONICS
Authorised Dealers for TEXMO Motors, Pump sets, Fans and Luminaire

XXVIII/595, TEMPLE ROAD
**THODUPUZHA - 685 584**
Ph: Off: 22750 Res: 23750

# സഹകരണ മേഖല

കേരളത്തിന്റെ 9-ാം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് കുടയത്തൂർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന പ്രാദേശിക വികസന റിപ്പോർട്ടുകളിൽ സഹകരണമേഖലയെ വിലയിരുത്തി വികസനറിപ്പോർട്ട് തയ്യാറാക്കുമ്പോൾ സഹകരണപ്രസ്ഥാനത്തിന്റെ ആവിർഭാവചരിത്രം പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നു.

സഹകരണം എന്ന പദത്തിന് സാമാന്യമായി ഒന്നിച്ചുപ്രവർത്തിക്കുക എന്നർത്ഥമാണുള്ളത്. ഈ അർത്ഥത്തിൽ സഹകരണത്തിന്റെ ചരിത്രം മനുഷ്യരാശിയുടെ ഉൽപത്തിമുതൽ ആരംഭിക്കുന്നു. എന്നാൽ യൂറോപ്യൻ രാജ്യങ്ങളായ ഇംഗ്ലണ്ട്,ജർമ്മനി എന്നീ രാജ്യങ്ങളിലാണ് സഹകരണപ്രസ്ഥനം ആവിർഭവിച്ചത്.

19-ാം ശതകത്തിന്റെ ആദ്യദശകങ്ങളിൽ ഇംഗ്ലണ്ടിലും, ജർമ്മനിയിലും വ്യാവസായികവിപ്ലവം വരുത്തിവച്ച കെടുതികൾ അതിരൂക്ഷമായിരുന്നു.യന്ത്രശക്തിയും മനുഷ്യശക്തിയും തമ്മിലുള്ള പോരാട്ടത്തിൽ യന്ത്രശക്തി ജയിച്ചു.പാവപ്പെട്ടവർ ദാരിദ്ര്യത്തിനും ചൂഷണത്തിനും വിധേയമായി.സാമ്പത്തിക പരാധീനതകൾ അവരെ രൂക്ഷമായി വലയം ചെയ്തു.ക്രൂരമായ പലിശനിരക്ക് ചുമത്തിക്കൊണ്ടുള്ള പണഇടപാടുകൾ കർഷകരേയും തൊഴിലാളികളേയും സമർത്ഥമായി വഞ്ചിച്ചു.ഈ ഘട്ടത്തിൽ ഈ രാജ്യങ്ങളിൽ ചില സാമൂഹ്യപരിഷ്കർത്താക്കൾ 'പരസ്പര സഹായത്തിൽ കൂടിയുള്ള സ്വാശ്രയത്തം' എന്ന തത്വവുമായി മുമ്പോട്ടുവന്നു.ഇംഗ്ലണ്ടിൽ റോബർട്ട് ഓവനും റോച്ച്ഡെൽ കമ്പനിയിലെ തൊഴിലാളികളും,ജർമ്മനിയിൽ റൈഫീസണും,ഷൂൾസും അക്കൂട്ടത്തിൽ പ്രധാനികളായിരിന്നു.സഹകരണം ഒരു ആവേശമല്ലെന്നും അത് ഒരു സാമ്പത്തിക ആവശ്യമാണെന്നും ഇവർ പാവപ്പെട്ടവരേയും തൊഴിലാളികളേയും ബോദ്ധ്യപ്പെടുത്തി.അങ്ങനെ സഹകരണപ്രസ്ഥാനത്തിന്റെ നടത്തിപ്പിനും ഭാവി പുരോഗതിക്കും വേണ്ടി ചില വ്യവസ്ഥകളും നടപടി ക്രമങ്ങളും ആവിഷ്കരിച്ച് നടപ്പാക്കി. ഇവയാണ് ആദ്യകാല സഹകരണതത്വങ്ങൾ.

യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഇന്ത്യയിൽ ആവശ്യക്കാരുടെ സൃഷ്ടി ആയിരുന്നില്ല സഹകരണപ്രസ്ഥാനം. മറിച്ച് ഗവൺമെന്റിന്റെ ഒരു ഏർപ്പാടായി മാത്രമാണ് ഇവിടെ സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത്.ഇന്ത്യയിലെ ജനസംഖ്യയിൽ 80 ശതമാനവും ഗ്രാമങ്ങളിലാണ് താമസിക്കുന്നത്.ഗ്രാമീണജനതയിൽ 72 ശതമാനവും കർഷകരുമാണ്.അങ്ങനെ തികച്ചും കാർഷിക രാജ്യമായ ഇന്ത്യയിൽ കർഷകന്റെ ജീവിതം ദുരിതപൂർണ്ണമായിരുന്നു.കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുന്ന ഇന്ത്യയിലെ ഗ്രാമീണ കർഷകന്റെ ജീവിതം ദുരിതപൂർണ്ണമായിരുന്നു.തലമുറകളായി കൈമാറിവന്ന ഭാരിച്ച ഋണബാദ്ധ്യതയിൽ നിന്നുള്ള മോചനം ഒരു വിദൂരസ്വപ്നം മാത്രമമായിരുന്നു.സ്വന്തമായുണ്ടായിരുന്ന കൃഷിഭൂമി നഷ്ടപ്പെടാനും തുടങ്ങി. തികച്ചും അസ്വസ്ഥജനകമായ ഈ അന്തരീക്ഷം മാരകമായ തകർച്ചയുടെ വക്കിൽ കർഷകജീവിതം ചെന്നെത്തി. ഈപശ്ചാത്തലത്തിൽ ഗ്രാമീണ കർഷകനെ സഹായിക്കാനെന്നോണം മറ്റു നാടുകളിൽ നിന്നും പകർത്തിയ ഒരു പ്രവർത്തന സമ്പ്രദായമായിട്ടാണ് ഇന്ത്യയിൽ സഹകരണപ്രസ്ഥാനം ആവിർഭവിച്ചത് 1904-ലേയും 1912-ലേയും സഹകരണനിയമ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് സഹകരണപ്രസ്ഥാനം ഇന്ത്യയിൽ പ്രവർത്തിച്ചു വന്നിരുന്നത്. R.B.I നിയമിച്ച റൂറൽ ക്രെഡിറ്റ് കമ്മറ്റി (ഗോർവാലെകമ്മറ്റി)1954-ൽ സമർപ്പിച്ച റിപ്പോർട്ടിൽ 'സഹകരണം പരാജയപ്പെട്ടു എന്നാൽ അതു വിജയിച്ചേ മതിയാകൂ ' എന്നു രേഖപ്പെടുത്തി.സംഘങ്ങളുടെ ഭാഗധേയങ്ങൾ നിയന്ത്രിക്കുന്നതിനും അതുവഴി പ്രസ്ഥാനത്തെ ശക്തിപ്പെടിത്തുന്നതിനും ഗവൺമെന്റ്

പങ്കാളികളായി പ്രവർത്തിക്കണമെന്നും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു.അതിൻപ്രകാരം സഹകരണനിയമ വ്യവസ്ഥകൾക്ക് ആവശ്യമായ മാറ്റം വരുത്തി സഹകരണപ്രസ്ഥാനം പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചു.ഇന്ത്യയിലെ മറ്റു പ്രസ്ഥാനങ്ങളെ അപേക്ഷിച്ച് സഹകരണപ്രസ്ഥാനം കേരളത്തിൽ വളരെയേറെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.ജനിച്ചുവീഴുന്ന ഒരു കുഞ്ഞിന് ആവശ്യമായ പാൽ മുതൽ മരിക്കുന്ന ഒരാളിന് ആവശ്യമായ ശവപ്പെട്ടി വരെ ലഭിക്കുന്ന സഹകരണപ്രസ്ഥാനങ്ങൾ ഇന്നു പ്രവർത്തിക്കുന്നുണ്ട്.

കുടയത്തൂർ പഞ്ചായത്തിൽ ആരംഭകാല സഹകരണസംഘമായി അറിയപ്പെട്ടിരുന്നത് "കുടയത്തൂർ ആസ്ഥാനമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കപ്പ ഉൽപാദക (ക്രയ വിക്രയ) സഹകരണസംഘമായിരുന്നു. കളപ്പുരയ്ക്കൽ തോമസ്സ് പ്രസിഡന്റായ ഭരണസമിതിയാണ് സംഘംപ്രവർത്തനം നടത്തിയിരുന്നത്.കുറച്ചുവർഷത്തെ പ്രവർത്തനത്തിനുശേഷം സംഘം കാര്യക്ഷമമായി പ്രവർത്തിക്കാതിരിക്കുകയും പ്രവർത്തനം നിലച്ചു പോകുകയും ചെയ്തു.

ശരംകുത്തി ആസ്ഥാനമായി പ്രവർത്തിച്ചുകൊണ്ടിരുന്ന പരസ്പര സഹായസംഘവും കുടയത്തൂർ ആസ്ഥാനമായി പ്രവർത്തിച്ചുകൊണ്ടിരുന്ന വിവിധോദ്ദേശ്യ സംഘവും ലയിച്ച് 3316-ാം നമ്പർ കുടയത്തൂർ പരസ്പര സഹായസംഘമായിതീർന്നു.ഇതിനെ നിയമവ്യവസ്ഥകൾക്ക് വിധേയമായി 3316-ാം നമ്പർ കുടയത്തൂർ വില്ലേജ് സഹകരണസംഘമായി ഉയർത്തി.കേന്ദ്രമന്ത്രി A.M തോമസ്സ് ഈ സംഘം ഉൽഘാടനം ചെയ്തു.പടിഞ്ഞാറയിൽ P.അയ്യപ്പൻപിള്ള പ്രസിഡന്റും പനന്താനത്ത് P.S കുര്യാക്കോസ് ഓണററി സെക്രട്ടറിയുമായിരുന്നു.ഇങ്ങനെ പ്രവർത്തിച്ചുകൊണ്ടിരുന്ന കുടയത്തൂർ വില്ലേജ് സഹകരണ സംഘമാണ് പിൽക്കാലത്ത് 14.8.52-ൽ 3316-ാം നമ്പർ കുടയത്തൂർ സർവ്വീസ് സഹകരണസംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. ആരംഭകാലത്തെ ഏക ജീവനക്കാരൻ ആലപ്പാട്ട് വീട്ടിൽ A.M മൈക്കിൾ ആയിരുന്നു.കല്ലൂർ വീട്ടിൽ കൃഷ്ണപിള്ളച്ചേട്ടൻ സഹായിയുമായിരുന്നു.ഇവർ രണ്ടുപേരും ഇന്ന് ജീവിച്ചിരിപ്പില്ല.

സ്വാതന്ത്ര്യാനന്തര ബഹുജനപ്രസ്ഥാനങ്ങളുമായി ഈ പ്രസ്ഥാനത്തിന് വലിയ ബന്ധമില്ലായിരുന്നു.ബഹുജനപങ്കാളിത്തത്തോടും ഡിപ്പാർട്ടുമെന്റ് ഭരണത്തിനും വിധേയമായിട്ടാണ് ഇവ പ്രവർത്തിച്ചിരുന്നത്.

കുടയത്തൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ ക്രെഡിറ്റ് നോൺക്രെഡിറ്റ് എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തരം തിരിക്കാം.പഞ്ചായത്തിലെ മെമ്പറൻമാരായ ജനങ്ങളുടെ വായ്പാ ആവശ്യം ഒരു പരിധിവരെ നിറവേറ്റുന്നത് ക്രഡിറ്റ് വിഭാഗത്തിൽപ്പെട്ട കാർഷിക വായ്പാ സംഘമായ കുടയത്തൂർ സർവ്വീസ് സഹകരണബാങ്കാണ്. കാര്യക്ഷമമായി ലാഭത്തിലും പ്രവർത്തിക്കുന്ന ഒരു ബാങ്കാണിത്.മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നതും അല്ലാത്തതുമായ നോൺ ക്രെഡിറ്റ് സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന കാർഷികവായ്പാസംഘത്തിന്റ വിവരണം അടങ്ങിയ പട്ടിക ചുവടേ ചേർക്കുന്നു.(തുക ലക്ഷത്തിൽ)

| | |
|---|---|
| സംഘത്തിന്റെ പേര് | - ദി കുടയത്തൂർ സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം)നമ്പർ 3316 |
| പ്രവർത്തനം ആരംഭിച്ച വർഷം | - 1952 |
| പ്രവർത്തനപരിധി | - കുടയത്തൂർ പഞ്ചായത്ത് |
| വ്യക്തിഅംഗങ്ങൾ | - 8000 |
| ഓഹരി മൂലധനം | - 17 |
| കടം | - 416 |
| നിക്ഷേപം | - 386 |
| വായ്പകൾ | |
| കാർഷികം | - 30 |
| കാർഷികേതരം | - 330 |
| പ്രവർത്തന മൂലധനം | - 421 |
| ലാഭം | - 4 |
| ജീവനക്കാർ എണ്ണം | - 9 |

കുടയത്തൂർ സർവ്വീസ് സഹകരണബാങ്കിന്റെ ആരംഭകാലപെയ്ഡ് സെക്രട്ടറി ഇടയ്ക്കപ്പുഴ വീട്ടിൽ ശ്രീ.V.M ബാലഗോപാൽ ആയിരുന്നു.അദ്ദേഹം പിരിഞ്ഞുപോയ ഒഴിവിൽ മഠത്തിൽ വീട്ടിൽ ശ്രീ K.S കുഞ്ഞൻപിള്ള സെക്രട്ടറിയായി. അദ്ദേഹവും ജോലിയിൽ നിന്നും പിരിഞ്ഞുപോയതിനെത്തുടർന്ന് എടാട്ടുവീട്ടിൽ ശ്രീ A.K രാമകൃഷ്ണപിള്ള സെക്രട്ടറിയായി.അദ്ദേഹം റിട്ടയർ ചെയ്തതിനു ശേഷം വേട്ടർ മഠത്തിൽ ശ്രീV.A നാരായണപിള്ള സെക്രട്ടറിയായി.അദ്ദേഹം റിട്ടയർ ചെയ്തതിനുശേഷം ഇപ്പോൾ തകിടിയേൽ വീട്ടിൽ ശ്രീമതി K.S ആലീസ് സെക്രട്ടറിയായി ജോലി നോക്കി വരുന്നു.

സംഘത്തിന്റെ ആരംഭകാല പ്രസിഡന്റ് വേരുങ്കൽ ശ്രീ V.K കുരുവിള ആയിരുന്നു.തുടർന്ന് .വരിക്കമാക്കൽ ശ്രീ മാത്യു ജോൺ ,മച്ചിയാനിക്കൽ ശ്രീ M.C ജോസഫ് കാഞ്ഞിരക്കാട്ടുകുന്നേൽ K.F ഫ്രാൻസീസ് പന്തലാങ്കൽ P.U. ദേവസ്യ, വേരുങ്കൽ ശ്രീ V.S കുരുവിള, പ്ലാത്തിപ്ലാക്കൽ P.M കാസിം റാവുത്തർ, ആയിക്കുന്നേൽ ശ്രീ. A ശങ്കരപ്പിള്ള, മുരിക്കനാനിക്കൽ ശ്രീ M.J ജേക്കബ് , പുളിയമ്മാക്കൽ ശ്രീP.K സോമസുന്ദരംപിള്ള, വളകാലിൽ ശ്രീ V.N കരുണൻപിള്ള എന്നിവർ പ്രസിഡന്റുമാരായിട്ടുള്ള ഭരണസമിതി ബാങ്ക് ഭരണം നടത്തിയിട്ടുണ്ട്.ഇപ്പോൾ അയ്ക്കരക്കുന്നേൽ ശ്രീA.M സെബാസ്റ്റ്യൻ പ്രസിഡന്റായ ഭരണസമിതിയാണ് ബാങ്ക് ഭരണം നടത്തുന്നത്.ഇതിൽ വരിക്കമാക്കൽ ജോസഫ് ഇപ്പോൾ ജീവിച്ചിരിപ്പില്ല. കുന്തതാനിക്കൽ K.K മരളീധരൻനായർ, K.V കലാധരൻനാ

യർ ,ചെമ്മണ്ടൂർ C.G രതീഷ് ശങ്കർ, പിണക്കാട്ട് സെബാസ്റ്റ്യൻ ജോസഫ്, തെക്കേൽ T.C ചെറിയാൻ ,പുളിയമ്മാക്കൽ P.K ശങ്കരപ്പിള്ള, ജീരകപ്ലാക്കൽ C.K ഗംഗാധരൻ ,കുന്നേൽപുരയിടത്തിൽ റോസക്കുട്ടി അബ്രാഹം എന്നിവർ കമ്മറ്റിക്കാരും , കരുനാട്ട് M.G വിജയകുമാരി, പടിക്കാപറമ്പിൽ P.K ശശിധരൻ, കാനാട്ട് K.M ജോസ് ,ഇടനിലത്തിൽ E.C മാത്യു,വരിക്കമാക്കൽ K.C സുമതിയമ്മ, കുന്നുംപുറത്ത് ലാലി മാത്യു ,തകിടിയേൽ T.N കുമാരൻ, പാമ്പനാച്ചാലിൽ P.R ശ്രീധരൻ, കുന്നത്താനിക്കൽ K.S മനോഹരൻനായർ, പ്ലാത്തോട്ടത്തിൽ മൈക്കിൾ ഫ്രാൻസീസ് കുറുമ്മാത്ത് K.S സജികുമാർ, വല്യവീട്ടിൽ V.S ജോസഫ് ,പാമ്പ്തൂക്കിമാക്കൽ P.K.അലിയാർ,വടക്കേമൂഴിക്കൽ V.R ബാബു,മണിമല M.Gസോമശേഖരൻനായർ ,ചാലിൽ C.K വിജയൻ,ഞൊടിയപ്പള്ളിൽ ജോർജ്ജ് ജോസഫ്,കല്ലൂർ K.K സേമൻപിള്ള എന്നിവർ നിലവിലുള്ള ജീവനക്കാരുമാണ്.ബാങ്കിന്റെ ആരംഭകാലംതൊട്ട് സേവനം നടത്തിയിരുന്ന ഒരാളായിരുന്നു കല്ലൂർ വീട്ടിൽ കൃഷ്ണപിള്ളച്ചേട്ടൻ. അദ്ദേഹമിപ്പോൾ ജീവിച്ചിരിപ്പില്ല.

കാര്യക്ഷമമായ മാനേജ്മെന്റ് ഉയർന്ന തൊഴിലാളി പങ്കാളിത്തം ജനകീയ പിന്തുണ അപ്പെക്സ് സംഘത്തിന്റേയും ഡിപ്പാർട്ടുമെന്റിന്റേയും ശക്തമായ പ്രോൽസാഹനം എന്നിവ ബാങ്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്നതിനും സഹായിക്കുന്നു.

രജിസ്റ്റേർഡ് ആഫീസായ ഹെഡ്ഢാഫീസ് കൂടാതെ ഇപ്പോൾ ഈ ബാങ്കിന് കാഞ്ഞാറിലും കോളപ്രയിലും ഓരോ ബ്രാഞ്ചുകൾ നല്ല രീതിയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്.ഹെഡ്ഢാഫീസിലും ബ്രാഞ്ചുകളിലും എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും ചിട്ടികളും നടത്തിവരുന്നു. കർഷകർക്കാവശ്യമുള്ള വളം, കീടനാശിനികൾ, ആസിഡ് എന്നിവ വിറ്റുവരുന്നു.ബാങ്കിന്റെ ബ്രാഞ്ചുകളിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ സ്റ്റോർ വഴി കാർഷിക ഉപകരണങ്ങൾ അന്നാ അലുമിനിയം പാത്രങ്ങൾ ,പ്ലാസ്റ്റിക് സാധനങ്ങൾ, സിമന്റ് എന്നിവയും മററ് ഗൃഹോപയോഗ സാധനങ്ങളും മിതമായ നിരക്കിൽ വിറ്റുവരുന്നു.കോളപ്ര ബ്രാഞ്ചിൽ റബ്ബർ സംഭരണവും നടത്തിവരുന്നു.

ദുർബ്ബല വിഭാഗത്തിൽപ്പെട്ട മെമ്പറൻമാർക്ക് സാമ്പത്തികസഹായം നൽകുന്നതിനുവേണ്ടി ദുരിതാശ്വാസഫണ്ട് മെമ്പറൻമാരുടെ വിദ്യാർത്ഥികളായ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായഫണ്ട് തുടങ്ങിയ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും ബാങ്ക് നടത്തിവരുന്നു.

അനുദിനം ബാങ്കിംഗ് ഇടപാടുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഹെഡ്ഢോഫീസിന് ഒരു പുതിയ കെട്ടിടം ആവശ്യമായി വന്നിരിക്കുന്നു.ഉടൻ തന്നെ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

ഋണബാദ്ധ്യതയിൽനിന്നും മെമ്പറൻമാരെ മോചിപ്പിക്കുന്നതിന് വായ്പകളും മറ്റ് പ്രവർത്തനങ്ങളും നടത്തി ഒരു വടവൃക്ഷം പോലെ വളർന്നു പന്തലിച്ചുനിൽക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നാനാ മേഖലകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.

കുടയത്തൂർ പഞ്ചായത്ത് പ്രവർത്തനപരിധിയാക്കി ഒരു വനിതാ സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

**കുടയത്തൂർ ക്ഷീരോൽപാദക സഹകരണസംഘം.**

കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ രണ്ടും,മൂന്നും വാർഡുകൾ മാത്രം പ്രവർത്തനപരിധിയായി രജിസ്റ്റർ ചെയ്ത സംഘമാണ് കുടയത്തൂർ ക്ഷീരോൽപാദക സഹകരണസംഘം.ഇപ്പോൾ കാഞ്ഞാർ ആസ്ഥാനമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.370 അംഗങ്ങൾ ഇപ്പോൾ നിലവിലുണ്ട്. പ്രതിദിനം 200 ലിറ്ററോളം പാൽ ക്രയവിക്രയം ചെയ്യുന്നു.3 ലക്ഷത്തോളം രൂപ വിലയുള്ള ഉപകരണങ്ങൾ സ്വന്തമായുണ്ട്. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

തെങ്ങുംപിള്ളിൽ ജോസഫ്,പറയൻചാലിൽ ചെറിയാൻ,കോക്കാട്ടുകുന്നേൽ വർഗ്ഗീസ്,എണ്ണക്കുറ്റിയാനിക്കൽ സുരേഷ്കുമാർ എന്നിവർ മുൻ പ്രസിഡന്റുമാരായിരുന്നു.ഇതിൽ പറയൻചാലിൽ ചെറിയാൻ ഇപ്പോൾ ജീവിച്ചിരിപ്പില്ല.കുന്നത്താനിക്കൽ K.V കലാധരൻനായർ പ്രസിഡന്റായിട്ടുള്ള ഭരണസമിതിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.പുത്തൻപുരയ്ക്കൽ രാജൻപിള്ള പെയ്ഡ് സെക്രട്ടറിയായി പ്രവർത്തിക്കുന്നു.ദിവസക്കൂലിക്ക് പ്രവർത്തിക്കുന്ന രണ്ടു ജീവനക്കാർ വേറെയുമുണ്ട്. പാലുല്പാദകർക്കാവശ്യമായ കാലിത്തീറ്റ, മീനെണ്ണ, കാൽസ്യപ്പൊടി എന്നിവ വിതരണം ചെയ്യുന്നുണ്ട്.

തൊടുപുഴ താലൂക്ക് മാർക്കറ്റിംഗ് ആന്റ് പ്രൊസസ്സിംഗ് സഹകരണസംഘം കാഞ്ഞാർ ആസ്ഥാനമായി പ്രവർത്തിക്കുന്നുണ്ട്.റബ്ബർ സംഭരണം നടത്തുന്നുണ്ട്.പുത്തൻപുരക്കൽ ശ്രീ.P.S നാരായണൻ പ്രസിഡന്റായി പ്രവർത്തിക്കുന്നു.

കുടയത്തൂർ പഞ്ചായത്ത് പന ഉടമസംഘം കാഞ്ഞാർ ആസ്ഥാനമായി പ്രവർത്തിക്കുന്നു.പുളിയമ്മാക്കൽ ശ്രീ P.K ശങ്കരപ്പിള്ള പ്രസിഡന്റിന്റെ ചാർജിൽ ഭരണം നടത്തുന്നു.

കോളപ്രയും കാഞ്ഞാറും ആസ്ഥാനമായി ഓരോ റബ്ബർ ഉല്പാദക സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്.കാര്യക്ഷമമായ പ്രവർത്തനം ഇല്ല. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ സ്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.കുട്ടികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ മാത്രമേ ഇപ്പോൾ ഈ സ്ഥലങ്ങളിൽ നിന്നും വിതരണം നടത്തുന്നുള്ളൂ.സ്കൂൾ സഹകരണസംഘങ്ങൾ മറ്റു സ്കീമുകളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## വായ്പാസംഘം നടപ്പിലാക്കേണ്ട ചില പ്രധാനപദ്ധതികൾ .

1. മുഴുവൻ മെമ്പറൻമാർക്കും കാർഷിക വായ്പ ലഭിക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക.
2. കാർഷികവായ്പയുടെ പരിധി 10,000 രൂപയിൽ നിന്നും ഉയർത്തിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. വായ്പാക്കാരുടെ അഭിരുചിക്കനുസരണമായ വായ്പകൾ ലഭിക്കുന്നതിനുള്ള സ്കീമുകൾ തയ്യാറാക്കുക.
4. നിക്ഷേപസമാഹരണങ്ങൾ നടത്തി മൂലധനം വർദ്ധിപ്പിക്കുക.
5. സംഘത്തിന്റെ സാമ്പത്തിക ഭദ്രത നിലനിർത്തി വായ്പാവിതരണം നടത്തുക.
6. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി സ്വീകരിച്ച് ലോൺ അനുവദിച്ചു കൊടുക്കുവാൻ സംവിധാനമുണ്ടാക്കണം.
7. കർഷകർക്കും ബാങ്ക് ഇടപാടുകാർക്കും വേണ്ടി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.
8. ചിട്ടികൾക്ക് സമാനമായ ഒരു പദ്ധതിയാണ് "ഗ്രൂപ്പ് ഡെപ്പോസിറ്റ്" സ്കീം.സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്.കുടയത്തൂർ പഞ്ചായത്തിലുള്ള ബാങ്കിലും ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.
9. പുതിയ ചിട്ടികൾ ആരംഭിക്കുമ്പോൾ മുൻചിട്ടിയിൽ ചേർന്നവർക്ക് ചിട്ടി നൽകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
10. സർക്കാരിൽ നിന്നും അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാസമയം വായ്പക്കാർക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
11. ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും വേണ്ടി പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കുക.

## ക്ഷീരസഹകരണസംഘങ്ങൾ നടപ്പിലാക്കേണ്ട ചില പ്രധാന പദ്ധതികൾ

1. പരമാവധി പാൽ സംഭരിച്ച് വിതരണം ചെയ്ത് സംഘത്തെ ലാഭകരമായ രീതിയിൽ പ്രവർത്തിപ്പിക്കുക.
2. പാൽ ഉൽപ്പന്ന യൂണിറ്റ് സജീവമായി സംഘടിപ്പിച്ച് പ്രവർത്തിപ്പിക്കുക.
3. നല്ലയിനം കറവമാടുകളെ അംഗങ്ങൾക്കു ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്തുകൊടുക്കണം.
4. കറവമാടുകളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥൻമാരുടെ സേവനം തക്ക സമയത്ത് ലഭ്യമാക്കാനുള്ള സംവിധാനം സംഘം ചെയ്തുകൊടുക്കണം.
5. പാൽ ഉൽപാദകരെ സംഘടിപ്പിച്ച് സെമിനാറുകൾ നടത്തുക.

**ഗ്രാമസഭകളിൽ നിന്നും ചർച്ചയിൽ ഉയർന്നുവന്ന പ്രശ്നപരിഹാരങ്ങൾക്ക് താഴെ പറയുന്നവ അംഗീകരിച്ച് നടപ്പിലാക്കേണ്ടതാണ്.**

1. കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന M.V.I.P റിസർവോയറിൽ മൽസ്യം വളർത്തുകയും അവ ശേഖരിച്ച് വിപണനം ചെയ്യുന്നതിനും വേണ്ടിയുള്ള ഒരു മൽസ്യോൽപാദക സഹകരണസംഘം രൂപീകരിക്കുക.
2. തുന്നൽപണി അഭ്യസിച്ച തൊഴിൽരഹിതരായ യുവതീയുവാക്കളെ സംഘടിപ്പിച്ച് ഒരു തയ്യൽ സഹകരണ സംഘം രജിസ്റ്റർ ചെയ്യുക.
3. നിലവിലുള്ള ക്ഷീരസഹകരണസംഘം പഞ്ചായത്തിൽ രണ്ടും ,മൂന്നും

വാർഡുകൾ മാത്രം കേന്ദ്രമാക്കി പ്രവർത്തിക്കുന്നതുകൊണ്ട് പഞ്ചായത്തിലെ മുഴുലൻ ജനങ്ങൾക്കുമുള്ള പാലിന്റെ ആവശ്യം നടത്തുന്നതിന് ഈ സംഘത്തിന് സാധിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിന്റെ മറ്റ് ആവശ്യമായ സ്ഥലങ്ങളിൽ കൂടി ക്ഷീരോൽപാദക സഹകരണസംഘങ്ങൾ അടിയന്തിരമായി ആരംഭിക്കേണ്ടതാണ്.

4. കൂടുതൽ റബ്ബർ കർഷകർ ഉള്ള ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കണം.
5. ഈ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സഹകരണമാവേലിസ്റ്റോറുകൾ ആരംഭിക്കണം.
6. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പച്ചക്കറി തോട്ടം ആരംഭിക്കയും അവ ശേഖരിച്ച് വില്പന നടത്തുന്നതിന് വെജിറ്റബിൾ ആന്റ് ഫ്രൂട്സ് സഹകരണസംഘങ്ങൾ ആരംഭിക്കണം.
7. തൊഴിൽ രഹിതരായ യുവജനങ്ങൾക്കുവേണ്ടി സഹകരണമേഖലയിൽ ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കണം.
8. കടുത്ത വൈദ്യുതി ക്ഷാമം നേരിടുന്ന ഈ കാലഘട്ടത്തിൽ സഹകരണമേഖലയിൽ സൗരോർജ്ജം ഉപയോഗിച്ച് ഗാർഹിക ഉപയോഗങ്ങൾക്കും മറ്റും വൈദ്യുതി ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ നടപ്പാക്കണം.
9. സ്കൂൾ വിദ്യാർത്ഥികൾ കടുത്ത യാത്രാക്ലേശം അനുഭവിക്കുന്ന ഈ അവസരത്തിൽ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും തിരിച്ച് വീട്ടിൽ എത്തിക്കുന്നതിനും സഹകരണമേഖലയിൽ ഗതാഗതസൗകര്യം ഉണ്ടാക്കുക.
10. സ്ത്രീകൾക്ക് കൂടുതലായി തൊഴിൽ ലഭിക്കുന്നതിനു വേണ്ടി സഹകരണമേഖലയിൽ കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക.
11. സിമന്റ് ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം നടത്തുന്നതിനുള്ള സഹകരണസംഘങ്ങൾ ആരംഭിക്കണം.

# വിഭവസമാഹരണം

ജില്ലയിലെ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നില്ക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് കുടയത്തൂർ ഗ്രാമ പഞ്ചായത്ത്. പഞ്ചായത്തിന്റെ തനതുവരുമാനം നിത്യനിദാനചെലവുകൾക്കുപോലും തികയുകയില്ല. തന്മൂലം സർക്കാർ ഗ്രാന്റുകൾ മാത്രം ആശ്രയിച്ചേ വികസനപദ്ധതികൾ തയ്യാറാക്കാൻ കഴിയൂ. നികുതി ഇതര വരുമാനത്തിൽ മണൽ ലേലത്തിൽനിന്ന് ലഭിക്കുന്ന തുച്ഛമായ വരുമാനമേ എടുത്ത് പറയാനുള്ളൂ. ഇങ്ങനെ സ്വന്തമായ വരുമാനം ഇല്ലാത്തതുമൂലം നാം പ്രതീക്ഷിക്കുന്ന വികസനം നേടാൻ കഴിയുന്നില്ല. എന്നാൽ നമുക്ക് പ്രയോജനപ്പെടുത്താവുന്നതും, പാഴായിപ്പോകുന്നതുമായ മാനവവിഭവം വികസനമേഖലയിലേക്ക് തിരിച്ചുവിടാനും അങ്ങനെ ഒരു പുത്തൻ വികസനസംസ്ക്കാരം വളർത്തിയെടുക്കാനും കഴിഞ്ഞാൽ സാമ്പത്തിക- വികസന പ്രതിസന്ധിയെ നമുക്ക് മറികടക്കാൻ കഴിയും. ഇന്നലകളിൽ നാം അറിഞ്ഞ് പാഴാക്കിയവ ഇന്ന് നാം അറിഞ്ഞ് പ്രയോജനപ്പെടുത്തുക, ഇതായിരിക്കണം നമ്മുടെ പുത്തൻ വികസനസംസ്ക്കാരത്തിന്റെ മുദ്രാവാക്യം. അതിന്റെ ഉൽപ്പന്നമായി നമുക്ക് ലഭിക്കുന്ന നമ്മുടെ അദ്ധ്വാനവും, പരിമിതമായ സർക്കാർ സഹായവും നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ മുഖഛായ മാറ്റിമറിക്കാൻ കഴിയും എന്നതിൽ തർക്കമില്ല.

സംസ്ഥാനനിലവാരത്തിലുള്ള ഗ്രാന്റുകൾ വാങ്ങിച്ചെടുക്കുന്ന കാര്യത്തിൽ നാം കുറേക്കൂടി ജാഗ്രത കാണിക്കുകയും, പുതിയ ധനാഗമമാർഗ്ഗത്തെ ക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കുകയും ചെയ്യണം. സെക്കന്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട കുടയത്തൂർ ഗ്രാമപഞ്ചയത്തിന്റെ ധനസ്ഥിതി വിശകലനം ചെയ്യുന്ന പട്ടിക -1 കൊടുക്കുന്നു.

1991 -ലെ വരുമാനത്തെ അടിസ്ഥാനമാക്കി 95-96 -ലെത്തുമ്പോൾ വരുമാനവർദ്ധനവ് 23% ആയി മാറുന്നു. മൊത്ത വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിലും തനതുവരുമാനത്തിലും നികുതിയിനത്തിലും നികുതിയേതര ഇനത്തിലും അധികതുക സമാഹരിക്കാൻ കഴിയുന്നില്ല. ഇതിന് മാറ്റം വരുത്തേണ്ടിയിരിക്കുന്നു.

1995-96-ലെ കണക്കനുസരിച്ച് ഉപാധിരഹിത ഫണ്ടിന്റെ ഇനങ്ങളിലായി അനുവദിച്ച തുകയാണ് മുകളിൽ പട്ടിക രണ്ടിൽ കാണിച്ചിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിന് 95-96 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് രാജ് നിയമ പ്രകാരം മറ്റ് വകുപ്പുകളിൽനിന്ന് അനുവദിച്ച തുക പട്ടിക മൂന്നിൽ രേഖപ്പെടുത്തിയിരിക്കുന്നു.പദ്ധതിവിഹിതമെന്ന രീതിയിൽ അനുവദിക്കപ്പെട്ട ഈ തുക അതാതുമേഖലകളിൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയേതരവിഹിതത്തിലും തുക അനുവദിച്ചിട്ടുണ്ട്.

91 ചെലവിനെ ആധാരമാക്കി 95-96 -ൽ ചെലവിനത്തിൽ 3.15 ഇരട്ടി വർദ്ധനവാണ് വന്നിരിക്കുന്നത്. അഞ്ച് വർഷക്കാലത്തെ വരവും അഞ്ച് വർഷക്കാലത്തെ ചെലവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ 36% വർദ്ധനവാണ് കാണിക്കുന്നത്. ഈ വ്യത്യാസം കുറച്ചുകൊണ്ട് വരുന്നതിന് ശ്രമിക്കേണ്ടിയിരിക്കുന്നു. പൊതുമരാമത്ത് ജോലികൾ, കോൺട്രാക്ടർ, നോമിനി, ജനകീയ കമ്മറ്റി തുടങ്ങി വ്യത്യസ്തരീതിയിലാണ് നടന്നിരുന്നത്. എന്നാൽ നോമിനിയും ജനകീയ കമ്മറ്റിയുമെല്ലാം പ്രത്യക്ഷരായോ പരോക്ഷരായോ കോൺട്രാക്ടർമാർ ഇടപെടുന്നുണ്ട്. ഇത് പൂർമായും അവസാനിപ്പിക്കാനും, പൊതുമരാമത്ത് ജോലികൾ കൂടുതൽ സുതാര്യമാക്കാനും സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കാനും അങ്ങനെ ഈപണച്ചോർച്ചക്ക് തടയിടാനും നമുക്ക് കഴിയേണ്ടിയിരിക്കുന്നു.

ഗവൺമെന്റ് അനുവദിക്കുന്ന ജെ. ആർ. വൈ. ഇ. എ. എസ് തുടങ്ങിയ ഫണ്ടുകൾക്ക് നിബന്ധന വക്കുന്നതുമൂലം അത്യാവശ്യമേഖലയിൽ ഇതുപയോഗിക്കാൻ കഴിയാതെ വരുന്നു. ഈ പോരായ്മ പരിഹരിക്കാൻ കഴിയണം. ഇതിനാവശ്യമായ ഭേദഗതി വരുത്തുകയും പഞ്ചായത്തുകൾക്കുള്ള ഗ്രാന്റുകളും നികുതി വിഹിതവും കാലതാ

## പട്ടിക–1 വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | സമാഹരിച്ച തുക | | | | |
|---|---|---|---|---|---|
| | 91–92 | 92–93 | 93–94 | 94–95 | 95–96 |
| കെട്ടിട നികുതി | 66506 | 71914 | 101000 | 105260 | 111726 |
| സർവ്വീസ് ചാർജ്ജ് | – | 327 | – | – | – |
| തൊഴിൽ നികുതി | 45160 | 50130 | 52500 | 61405 | 70715 |
| വിനോദ നികുതി | 40 | – | 31 | 6765 | 14780.69 |
| അസി. വിനോദ നികുതി | – | – | – | 4055 | 8909.46 |
| പ്രദർശന നികുതി | – | – | 124 | 5666 | 1108 |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 7 | – | – | – | 277 |
| ലൈസൻസ് ഫീസ് | 2103 | 2825 | 2805 | 3304 | 4819 |
| വസ്തു കൈമാറ്റ നികുതി 75% | 87640 | 144476 | 70437 | 36483 | 39020 |
| സംഭാവന | – | – | – | – | 200 |
| മറ്റുള്ളവ | 537343 | 423569 | 1412553 | 465559 | 666313 |
| ആകെ | 738833 | 693241 | 1639450 | 683397 | 923318.45 |

മസം കൂടാതെ ലഭിക്കാനുള്ള നടപടികൾ ഉണ്ടാകുകയും വേണം. ഇതിനായി പൊതുമാനദണ്ഡം രൂപീകരിക്കുകയും ആവശ്യമായ നിയമപരിരക്ഷ നല്കുകയും ചെയ്യണം.

കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിൽ നിരവധി സന്നദ്ധപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. പങ്കാളിത്തം വലുതല്ലെങ്കിലും പ്രവർത്തനം പ്രശംസനീയമാണ്. പൂഞ്ചിറ റോഡും സ്കൂളുകളുടെ ഗ്രൗണ്ട് നിർമ്മാണങ്ങളും കാഞ്ഞാർ ടൗണിൽ നടക്കാറുള്ള ശുചീകരണപ്രവർത്തനങ്ങളും എല്ലാം എടുത്തുപറയത്തക്കതാണ്. ഈ ജോലികളിൽ നമ്മുടെ ജില്ലയിലും സമീപജില്ലയിലും ഉള്ള കോളേജിലെ നാഷണൽ സർവീസ് സ്കീം വിദ്യാർത്ഥികളുടെ പ്രവർത്തനം വിലമതിക്കത്തക്കതാണ്. സ്കൂളുകളിൽ നടന്നുവരാറുള്ള 'സേവനവാരം' പോലുള്ള സന്നദ്ധപ്രവർത്തനം കഴിഞ്ഞ രണ്ടു വർഷമായി നടക്കാറില്ല.

ധനകാര്യസ്ഥാപനങ്ങളായി കുടയത്തൂരിൽ ഹെഡ് ആഫീസും കാഞ്ഞാറിലും, കോളപ്രയിലും ഓരോ ബ്രാഞ്ചുകളിലുള്ള കുടയത്തൂർ സർവ്വീസ് സഹകരണ ബാങ്കും, ക്ലിപ്തം നമ്പർ 3316 ഉം കാഞ്ഞാറിൽ പ്രവർത്തിക്കുന്ന വാണിജ്യ ബാങ്കിന്റെ ശാഖയും ഏതാനും വ്യക്തികൾ നടത്തുന്ന സ്വകാര്യപണമിടപാടു സ്ഥാപനങ്ങളുമാണ്. നമ്മുടെ പ്രദേശത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിൽ സഹകരണസംഘത്തിന്റെ പ്രവർത്തനം പ്രശംസനീയമാണ്. എന്നാൽ വായ്പകളിൽ അധികവും

## പട്ടിക-2 ഗ്രാന്റ് രജിസ്റ്റർ

| VRM തുക | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി | | SP/ ഗ്രാന്റ് രൂപ | JRY രൂപ | അൺ ടൈഡ് ഫണ്ട് രൂപ | ആകെ |
|---|---|---|---|---|---|---|---|---|
| | | | 25% രൂപ | 75% രൂപ | | | | |
| 12557 | - | 60137 | | 16191 | - | | 376460 | 465345 |

വികസനവും, മറ്റ് പുതിയ തൊഴിൽസംരംഭം ഉണ്ടാവുന്നതുമായ മേഖലകളിൽ വിനിയോഗിക്കപ്പെടുന്നില്ല എന്ന കുറവ് നിലനിൽക്കുകയാണ്. വാണിജ്യബാങ്കുകൾ സമീപപ്രദേശങ്ങളിലും, അടിസ്ഥാനമേഖലയിലും പണം വിനിയോഗിക്കുന്നതിൽ കാണിക്കുന്ന താൽപ്പര്യക്കുറവ് നമ്മുടെ സർവ്വീസ് സഹകരണബാങ്കിന്റെ പ്രധാന്യത്തെക്കുറിച്ച് കൂടുതൽ ബോധവൽക്കരണം ആവശ്യമായിവന്നിരിക്കുകയാണ്. ദേശസാൽകൃത ബാങ്കിന്റെ ശാഖ നമ്മുടെ പഞ്ചായത്ത് പരിധിയിൽ ഒന്ന് തുടങ്ങേണ്ടിയിരിക്കുന്നു. നിലവിലുള്ള ധനകാര്യസ്ഥാപനങ്ങൾക്കുപുറമേ സ്വകാര്യചിട്ടി നടത്തിപ്പുകാരും ഉണ്ട്. പഞ്ചായത്ത് തലത്തിൽ ധനകാര്യസ്ഥാപനങ്ങളുടെ കോഡിനേഷൻ ഉണ്ടാക്കുകയും, പ്രദേശിക ഉൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട് സ്കീമുകൾ നടപ്പാക്കുന്നതിൽ നിർദ്ദേശങ്ങളും, പ്രോത്സാഹനവും, സഹായങ്ങളും നൽകുന്നതിനോടൊപ്പം സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾക്ക് ആവശ്യമായ നിയന്ത്രണവും നടത്തേണ്ടതാണ്.

ഇതിനെല്ലാം പുറമെ ടൂറിസത്തിന് വലിയ സാദ്ധ്യത കാണിക്കുന്നതാണ് നമ്മുടെ പഞ്ചായത്ത്. ഇലവീഴാപൂഞ്ചിറയുടെ ദൃശ്യ മനോഹാരിത ആസ്വദിക്കാൻ കഴിയുന്നവിധം സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, മുവാറ്റുപുഴ ജലസേചനപദ്ധതിയിൽ ബോട്ടിംഗ് സൗകര്യങ്ങൾ ആരംഭിക്കുകയും സമീപപഞ്ചായത്തുകളുമായി ടൂറിസ സൗകര്യങ്ങളെ കോർത്തിണക്കുകയും ചെയ്താൽ വൻസാധ്യതകൾ കാണിക്കുന്നതാണ്. പ്രാദേശികടൂറിസം വികസനവുമായി ബന്ധപ്പെട്ട അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും വേണം.

ഫണ്ടുകൾ ഉപയോഗിക്കാൻ തീരുമാനിക്കും മുൻഗണനയിൽ ഏറ്റവും അത്യാവശ്യമെഖല കഴിഞ്ഞാൽ ജനപങ്കാളിത്തത്തോടെ കൂടുതൽ വിഭവസമാഹരണം നടത്താൻ കഴിയുന്ന മേഖലക്ക് മുൻതൂക്കം നൽകണം. ഇതിലൂടെ ജനപങ്കാളിത്തവും സംഭാവനകളും ഉയരാനും ആരോഗ്യകരമായ വികസനമത്സരം വളരാനും ഇടയാകും.

പഞ്ചായത്ത് ജോലികൾക്ക് ജനകീയ കമ്മറ്റികൾ എടുക്കുമ്പോൾ വായനശാലകൾ, ക്ലബുകൾ, സന്നദ്ധസം

## പട്ടിക-3

| വകുപ്പ് | പദ്ധതി വിഹിതം | പദ്ധതിയേതരവിഹിതം | |
|---|---|---|---|
| മൃഗസംരക്ഷണം | 6000 | | 6000 |
| ആരോഗ്യം | 6000 | 37800 | 43800 |
| കൃഷി | 31451 | | 31451 |
| പി. ഡബ്ലു. ഡി. | | 8400 | 8400 |
| ആകെ | 43451 | 46200 | 89651 |

## റിപ്പോർട്ടിന്റെ ആദ്യഘട്ടത്തിൽ വരുമാനത്തെക്കുറിച്ചാണ് നാം ചർച്ച ചെയ്തത്. 91–96 വരെയുള്ള 5 വർഷത്തെ ചെലവ്. പട്ടിക–4

| ഇനം | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഭരണം | 256354 | 276227 | 327714 | 356346 | 421180 |
| വിദ്യാഭ്യാസം | 10751 | 6862 | 8559 | 6176 | 5490 |
| പൊതുമരാമത്ത് | - | 6620 | 24707 | 9054 | 73405 |
| ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം | 1746 | 8251 | 2114 | 13192 | 26928 |
| തെരുവ് വിളക്കുകൾ | 22632 | 39667 | 38840 | 40728 | 42456 |
| മറ്റുള്ളവ | 69044 | 153994 | 397653 | 226401 | 568199 |
| ആകെ | 360527 | 491621 | 799587 | 651897 | 1137658.35 |

ഘടനകൾ ഇവക്ക് മുൻഗണന നൽകണം. ഇത്തരം സമതികൾ ജോലി ഏറ്റെടുത്താൽ തുകയിലധികം കായികാദ്ധ്വാനം ലഭിക്കും എന്ന് മാത്രമല്ല, അങ്ങനെ ലഭിക്കുന്ന തുക ഈ സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനും അതിലൂടെ ആ സംഘടനകളുടെ പ്രവർത്തനം വിപുലമാക്കാനും കഴിയും.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിനു തനതു പുതിയവരുമാന സാദ്ധ്യതകൾ ഇല്ലായ്മ.
2. ഭരണച്ചെലവിലെ വൻവർദ്ധനവ്.
3. ഇടത്തട്ടുകളിലെ പണച്ചോർച്ച.
4. ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കുന്നതിനുള്ള തടസം, പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ.
5. സന്നദ്ധപ്രവർത്തനത്തിലെ താല്പര്യക്കുറവ്.
6. ഭരണപരിചയക്കുറവ്.
7. സുതാര്യക്കുറവ്.

### സാദ്ധ്യതകൾ

1. പുതിയ സേവനമേഖലക്ക് ചാർജ് ഈടാക്കൽ.
2. ഭരണകാര്യങ്ങൾ അറിയാനുള്ള അവകാശം നിയമസാധുത വരുത്തുക.
3. വിദ്യാഭ്യാസ,ആരോഗ്യമേഖലക്ക് നിധിരൂപീകരിക്കുക.
4. പ്രാദേശിക ധനകാര്യസ്ഥാപനങ്ങളുടെ കോഡിനേഷൻ

പ്രദേശിക സ്കീമുകൾ നടപ്പാക്കാൻ പരിശീലനം.

5. സന്നദ്ധപ്രവർത്തകരെ രജിസ്റ്റർചെയ്യിക്കുകയും, ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുകയും ചെയ്യുക
6. വർഷത്തിൽ ഒന്ന് എന്ന നിലക്ക് പരിശീലനം.
7. സോഷ്യൽ ഓഡിറ്റിംഗ് സംമ്പ്രദായം. വർഷത്തിൽ വരവ് ചിലവ് കണക്ക് പഞ്ചായത്ത് തലത്തിൽ പ്രസിദ്ധീകരിക്കുക.
8. വിദേശമലയാളികളുടെ സമ്പാദ്യം പുനർഉല്പാദനമേഖലയിൽ ചിലവഴിക്കാനുള്ള ശ്രമം തുടങ്ങാം.
9. ഭൂപരിവർത്തന നികുതി, ഉപനികുതി ഇവയുടെ സാധ്യതകൾ ആരായുക.

എല്ലാം മറന്ന് ഒരുമയുടെ ഉണർത്തുപാട്ടുമായി ജനകീയാസൂത്രണത്തിന്റെ പുത്തൻ സംസ്കാരം പടുത്തുയർത്താൻ ഇന്നലകളിൽ പോയ്പ്പോയ സ്വപ്നങ്ങൾ നാളെയുടെ യാഥാർത്ഥ്യമാക്കാൻ നമുക്ക് ബാദ്ധ്യതയില്ലേ? ഇല്ലായ്മയുടെയും വല്ലായ്മയുടെയും നൊമ്പരങ്ങൾ എന്നന്നേക്കുമായി തൂത്തെറിഞ്ഞ് ഒരുമയുടെ പടച്ചട്ടയുമായി നാളെക്കുവേണ്ടി നമുക്ക് പ്രവർത്തിക്കാം. ഉണരൂ ! ഒരുമിക്കൂ ! സഹയാത്രികരാകൂ !

# ടൂറിസം

മലങ്കരപദ്ധതിയുമായി ബന്ധപ്പെടുത്തി ഒരു വികസനമാണ് കുടയത്തൂർ പഞ്ചായത്തിൻെറ പുരോഗതിക്ക് പ്രധാനം. വ്യാവസായിക പുരോഗതി ഈ ചെറിയ പഞ്ചായത്തിന് ഇല്ല. റബ്ബർ അധിഷ്ഠിതമായ ചെറുകിട വ്യവസായത്തിനു മാത്രമേ എന്തെങ്കിലും സാദ്ധ്യതയുള്ളു. മലങ്കര ജലാശയവുമായി ബന്ധപ്പെടുത്തി വിനോദസഞ്ചാരവും കാർഷിക അഭിവൃദ്ധിയുമാണ് പ്രധാനം. വിനോദസഞ്ചാരം കൊണ്ടുദ്ദേശിക്കുന്നത് തിരക്കുപിടിച്ച ജീവിതത്തിൽ നിന്നും അല്പവിശ്രമം ലഭിക്കുന്നതിനുള്ള ഒരു സങ്കേതം എന്നതാണ്. അതോടൊപ്പം സമ്പന്നമായ ജലസമ്പത്ത് പ്രയോജനപ്പെടുത്തി വ്യപകമായി പച്ചക്കറികൃഷിയും.

കുടയത്തൂർ പഞ്ചായത്തിൻെറ മാത്രമല്ലാതെ മുട്ടം അറക്കുളം, വെള്ളിയാമറ്റം ആലക്കോട് പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ഒരു കർമ്മപരിപാടിയാണ്.

1) തടാകത്തോടനുബന്ധിച്ച് ഒഴിപ്പിക്കപ്പെട്ട ഭൂമിയിൽ വെള്ളം കയറാത്തസ്ഥലങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളിച്ച് ഒരു ബോട്ടാണിക്കൽ ഗാർഡൻ

2) വംശനാശം വന്നുകൊണ്ടിരിക്കുന്ന ആയുർവേദ്ദ ഔഷധങ്ങളും ചെടികളും മരങ്ങളും ഒരു പ്രദേശത്ത് പൂർണ്ണമായി വച്ചുപിടിപ്പിക്കുക.

3) മുട്ടം പഞ്ചായത്തിൽ ശങ്കരപ്പിള്ളി ഭാഗത്തിനടുത്ത് പക്ഷി സങ്കേതവും ചെറുമൃഗശാലയും

4) കുടയത്തൂർ പഞ്ചായത്തിൽ 3-ാം വാർഡിൽപ്പെട്ട പ്രദേശത്ത് ബോട്ടിംഗിനു സൗകര്യവും സമീപത്ത് ലളിതമായ ഉദ്യാനവും

5) ആനക്കയം കൈപ്പഭാഗങ്ങൾ ഉൾപ്പെടുത്തി ഔഷധ ചെടിത്തോട്ടം

6) കാഞ്ഞാർ ടൗൺ ചുറ്റുപാടുകൾ ഉൾപ്പെടുത്തി കായിക പരിശീലനകേന്ദ്രം - മിനി സ്റ്റേഡിയം , ഇൻഡോർ സ്റ്റേഡിയം , നീന്തൽ പരിശീലനം.

7) അറക്കുളം കോളപ്ര എന്നിവടങ്ങളിൽ വിശ്രമസങ്കേതങ്ങൾ

## പദ്ധതി നടപ്പാക്കേണ്ട വിധം

ഗവണ്മെൻറ് നേരിട്ട് സാരമായി ഒന്നും തന്നെ ചെയ്യേണ്ടതില്ല. ചെയ്യേണ്ടകാര്യങ്ങൾ.

1. ഒഴിപ്പിക്കപ്പെട്ട ഭൂമിക്കുചുറ്റും നിരത്തു നിർമ്മിക്കുക. ഭൂമി കയ്യേറാൻ ആരെയും അനുവദിക്കരുത്.
2. ഒരോ പ്രദേശത്തും വിവിധ ഇനങ്ങൾ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് താൽപ്പര്യമുള്ള വ്യക്തികളെയൊ പ്രസ്ഥാനങ്ങളെയൊ ചുമതലപ്പെടുത്തി അവർക്ക് ഗ്രാൻറ് നൽകുക.
3. തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൾ ശക്തമായ വേലിക്കെട്ടുണ്ടാക്കി ബന്തവസാക്കുക.
4. സമീപവാസികളെ ചെറു അഥിതി മന്ദിരങ്ങൾ നിർമ്മിക്കുന്നതിന് പ്രേരിപ്പിക്കുക.
5. സ്ഥലവാസികൾ ടാക്സിക്കാർ ഹോട്ടൽ ഉടമകൾ ഇവരെ വിനോദ സഞ്ചാരത്തിൻെറ ബാലപാഠങ്ങളും ലക്ഷ്യബോധവും പാപ്പിക്കുക.
6. പൊതുവായ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഗവണ്മെൻറ് തലത്തിൽ നേരിട്ട് നടത്തുക.

7. പാതയോരങ്ങളും പൊതുസ്ഥലങ്ങളും കൃഷിയിടങ്ങളും ഭവനാന്തരീക്ഷവുമെല്ലാം തികച്ചും വൃത്തിയുള്ളതും ആരോഗ്യകരവുമായിരിക്കുവാൻ ശക്തമായ നടപടി. വെളിസ്ഥലങ്ങളിലെ മലമൂത്രലവിസർജ്ജനം ചാണകം കൂട്ടിയിടൽ ഇവയൊന്നും അനുവദിക്കരുത്. ഒരോ ഭവനത്തിനും കക്കൂസ് നിർബന്ധമാക്കണം.

8. ദുർബലവിഭാഗത്തിൻെറ കുടിലുകൾക്കുപകരം ഗവൺമെൻറിൻെറ ഏതെങ്കിലും പദ്ധതികൾ ഉൾപ്പെടുത്തി സമ്പൂർണ്ണഭവന നിർമ്മാണം

9. തിരഞ്ഞെടുത്ത സ്ഥലങ്ങളിലെ കുഴികളെല്ലാം നികത്തി അപകടരഹിതമാക്കണം.

10. ചെറുകുഴികളിലെല്ലാം താമര ആമ്പൽ ഇവ വളർത്തുക

11. ഇലവീഴാപൂഞ്ചിറ ട്രക്കിംഗ് സ്ഥലമാക്കുക, വെള്ളമില്ലാത്തതിനാൽ സഞ്ചാരികൾ താമസിച്ചുള്ള വിനോദസഞ്ചാര സാദ്ധ്യതയില്ല.

12. ചക്കിക്കടവ് പ്രദേശം തികഞ്ഞ ആസൂത്രണത്തിലൂടെ പച്ചക്കറിതോട്ടങ്ങളാക്കുക.

13. പഞ്ചായത്തതിർത്തിയിൽ പാതയോരത്തെ താമസക്കാർ തങ്ങളുടെ കൃഷി സ്ഥലങ്ങളിൽ റോഡരുകിലുള്ള ഭാഗത്തും വീടുമുറ്റത്തുമെല്ലാം പൂച്ചെട്ടികൾ വച്ച് പാതയോരങ്ങൾ ആകർഷകമാക്കുക.

14. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ചെയ്യേണ്ടത്

ചെറു ഉദ്യനങ്ങളും ചിൽറൺസ് പാർക്കും മീൻപിടുത്തത്തിനും ഉല്ലാസയാത്രയ്ക്കും പററിയ ബോട്ടുകൾ, കുതിര സവാരി, സിനിമാ ഷൂട്ടിംഗ്, ആയുർവേദ ചികിത്സാ കേന്ദ്രം, സാഹിത്യ ചർച്ചാകേന്ദ്രങ്ങൾ

**പദ്ധതിപ്രദേശം പൂർണ്ണമായി ഉൾപ്പെടുത്തി ബൊട്ടാണിക്കൽ ഗാർഡനും വിനോദസഞ്ചാരവും**




തയ്യാറാക്കിയത് - ശശി .ബി. മറ്റം




# കെ. പി. ചാക്കോ & സൺസ്

## കാക്കനൊട്ട് ജ്വല്ലേഴ്സ്

തൊടുപുഴ ✆ 23267 കോതമംഗലം .✆522269

മൂവാറ്റുപുഴ. ✆ 235818 പെരുമ്പാവൂർ. ✆522647

# ഗോൾഡൻ ടെക്സ്റ്റയിൽസ്

**K.S. Complex Kanjar.**



**ഷർട്ടിംഗ്, സ്യൂട്ടിംഗ്, സാരികൾ**
**റെഡിമെയ്ഡുകൾ, ചുരിദാറുകൾ**
**നൈറ്റികൾ, ബാബാ സ്യൂട്ടുകൾ**
**എന്നിവ മിതമായ വിലക്ക്.**

# കുടയത്തൂർ സർവ്വീസ് സഹകരണബാങ്ക്

## ക്ലിപ്തം. നമ്പർ. 3316,

ഇടുക്കി ജില്ല. H.O.കുടയത്തൂർ. ഫോൺ : 55044

*ഇടുക്കി ജില്ലയിലെ പ്രമുഖ 'എ' ഗ്രേഡ് ബാങ്ക്*

ബ്രാഞ്ചുകൾ

കാഞ്ഞാർ
ഫോൺ:52069

കോളപ്ര
ഫോൺ:55154

| | |
|---|---|
| പ്രവർത്തനമൂലധനം | - 450 കോടി |
| അംഗങ്ങൾ | - 8000 |
| ഓഹരിമൂലധനം | - 18 ലക്ഷം |
| നിക്ഷേപങ്ങൾ | - 4 കോടി |

- നിക്ഷേപകർക്ക് ഏറ്റവും ഉയർന്ന പലിശയും സുരക്ഷിതത്ത്വവും
- ഒരു ലക്ഷം രൂപാ വരെയുള്ള കാർഷിക കാർഷികേതര വായ്പകൾ
- സ്വർണ്ണ പണയ വായ്പകൾ
- 25000 രൂപാ സലയുള്ള 26 ചിട്ടികൾ
- നിത്യോപയോഗ സാധനങ്ങൾക്ക് കൺസ്യൂമർ സ്റ്റോർ
- സിമൻറ്, വളം, റബർ ഡിപ്പോകൾ

സഹകരണരംഗത്ത് 43 വർഷത്തെ സേവന പാരമ്പര്യം

എറ്റവും കൂടുതൽ

പലിശ ◆ ഭദ്രത ◆ സൗകര്യം

എ.എം.സെബാസ്റ്റ്യൻ
പ്രസിഡന്റ്

കെ.എസ്.ആലീസ്
സെക്രട്ടറി

DIGITAL. THODUPUZHA


4250

Printed at M.C.M. Offset Printers, Kottayam, a unit of Mangalam Publications